# ജനകീയ ജൈവവൈവിധ്യ രജിസ്റ്റർ (രണ്ടാം ഭാഗം)

## മാർഗ്ഗരേഖ



KERALA STATE BIODIVERSITY BOARD

കേരള സംസ്ഥാന ജൈവവൈവിധ്യ ബോർഡ്

ഒക്ടോബർ 2022

# ജനകീയ ജൈവവൈവിധ്യ രജിസ്റ്റർ (രണ്ടാം ഭാഗം)

## മാർഗ്ഗരേഖ

കേരള സംസ്ഥാന ജൈവവൈവിധ്യ ബോർഡ്
ഒക്ടോബർ 2022

**ജനകീയ ജൈവവൈവിധ്യ രജിസ്റ്റർ (രണ്ടാം ഭാഗം)**
**തയ്യാറാക്കൽ – മാർഗ്ഗരേഖ**


**തയ്യാറാക്കിയവർ:**

**ഡോ. സി. ജോർജ്ജ് തോമസ്,** ചെയർമാൻ, കെ.എസ്.ബി.ബി.
**ശ്രീ. കെ.വി. ഗോവിന്ദൻ,** മെമ്പർ, കെ.എസ്.ബി.ബി.
**ഡോ. കെ. സതീഷ്കുമാർ,** മെമ്പർ, കെ.എസ്.ബി.ബി.
**ഡോ. കെ.റ്റി. ചന്ദ്രമോഹനൻ,** മെമ്പർ, കെ.എസ്.ബി.ബി.
**ഡോ. റ്റി.എസ്. സ്വപ്ന,** മെമ്പർ, കെ.എസ്.ബി.ബി.
**ഡോ. സന്തോഷ്കുമാർ എ.വി.,** മെമ്പർ സെക്രട്ടറി, കെ.എസ്.ബി.ബി.
**ഡോ. സുധീഷ് എൻ.,** സയന്റിഫിക് ഓഫീസർ, കെ.എസ്.ബി.ബി.
**ഡോ. പ്രീത എൻ.,** സീനിയർ റിസർച്ച് ഓഫീസർ, കെ.എസ്.ബി.ബി.
**ശ്രീമതി. മിത്രാംബിക എൻ.ബി.,** റിസർച്ച് ഓഫീസർ, കെ.എസ്.ബി.ബി.


N.B.:- *വിഷയ വിദഗ്ദന്മാർ, തദ്ദേശഭരണസ്ഥാപന അധ്യക്ഷന്മാർ, വകുപ്പ് മേധാവികൾ, സന്നദ്ധപ്രവർത്തകർ, തുടങ്ങി വിവിധ വിഭാഗങ്ങളുമായി ചർച്ച നടത്തിയാണ് ഈയൊരു മാർഗ്ഗരേഖയ്ക്ക് അന്തിമരൂപം നൽകിയിട്ടുള്ളത്. പി.ബി.ആർ. രണ്ടാം ഭാഗം തയ്യാറാക്കുമ്പോൾ മാർഗ്ഗരേഖയിൽ പ്രതിപാദിച്ചിട്ടുള്ള നിയമങ്ങൾ/കേന്ദ്ര സംസ്ഥാന സർക്കാരുകളുടെ ചട്ടങ്ങൾ/ഉത്തരവുകൾ/ സർക്കുലർ എന്നിവ വിശദമായി പരിശോധിച്ച് ഉറപ്പുവരുത്തേണ്ടതാണ്.*



കേരള സർക്കാർ
പിണറായി വിജയൻ
മുഖ്യമന്ത്രി

നം. 651/പ്രസ്/സി.എം.ഒ/22. 14 ഒക്ടോബർ, 2022

## സന്ദേശം

കേരളത്തിലെ ജൈവവൈവിധ്യത്തെയും അനുബന്ധ അറിവുകളെയും ഉൾപ്പെടുത്തി തയ്യാറാക്കിയ ജനകീയ ജൈവവൈവിധ്യ രജിസ്റ്ററിലെ (പി.ബി.ആറുകൾ) വിവരങ്ങൾ കാലാനുസൃതമായി പുതുക്കി പി.ബി.ആർ രണ്ടാം ഭാഗം തയ്യാറാക്കുന്നതിനുള്ള മാർഗ്ഗരേഖ പുറത്തിറക്കാൻ കേരള സംസ്ഥാന ജൈവവൈവിധ്യ ബോർഡ് തീരുമാനിച്ചിരിക്കുന്നു എന്നറിഞ്ഞതിൽ സന്തോഷം.

പാരിസ്ഥിതിക സാഹചര്യങ്ങൾ മൂലം നമ്മുടെ പരിസ്ഥിതി, ജൈവ, ആവാസ വ്യവസ്ഥകൾക്കുണ്ടായിട്ടുള്ള മാറ്റങ്ങൾ പി.ബി.ആറിൽ ഉൾപ്പെടുത്തുന്നതിന് ജൈവവൈവിധ്യ പരിപാലന സമിതികളെ പ്രാപ്തരാക്കാൻ ഈ മാർഗ്ഗരേഖയ്ക്ക് സാധിക്കും. ഒപ്പം പ്രാദേശിക ജൈവവൈവിധ്യ സംരക്ഷണ കർമ്മപദ്ധതികൾ തയ്യാറാക്കുന്നതിനുള്ള അടിസ്ഥാന രേഖയായും ഈ മാർഗ്ഗരേഖ മാറിത്തീരുമെന്ന് പ്രതീക്ഷിക്കുന്നു.

പിണറായി വിജയൻ

**കേരള സംസ്ഥാന ജൈവവൈവിധ്യ ബോർഡ്**

വിഷയം:- കെ.എസ്.ബി.ബി.- ഗ്രാമപഞ്ചായത്ത്, നഗരസഭാതലങ്ങളിൽ തയ്യാറാക്കിയിട്ടുള്ള ജനകീയ ജൈവവൈവിധ്യ രജിസ്റ്ററുകളുടെ (പി.ബി.ആറുകൾ) രണ്ടാം ഭാഗം തയ്യാറാക്കുന്നതിനുള്ള മാർഗ്ഗരേഖ സംബന്ധിച്ച് ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**സാങ്കേതിക വിഭാഗം**

നം. 3016/എ6/2022/കെ.എസ്.ബി.ബി. തിരുവനന്തപുരം, 31.08.2022

---

പരാമർശം:-
1) ജൈവവൈവിധ്യ നിയമം 2002, വകുപ്പ് 41, കേന്ദ്ര ജൈവവൈവിധ്യ ചട്ടങ്ങൾ 2004, ചട്ടം 22(6), കേരള സംസ്ഥാന ജൈവവൈവിധ്യ ചട്ടങ്ങൾ 2008, ചട്ടം 20 (7).
2) 18.03.2008 ലെ സ.ഉ.(കൈ) നം.86/2008/തസ്വഭവ നമ്പർ ഉത്തരവ്.
3) 19.04.2022 ലെ സ.ഉ.(കൈ) നം.84/2022/തസ്വഭവ നമ്പർ ഉത്തരവ്.
4) 19.04.2022 ലെ സ.ഉ.(കൈ) നം.86/2022/തസ്വഭവ നമ്പർ ഉത്തരവ്.
5) കേരള സംസ്ഥാന ജൈവവൈവിധ്യ ബോർഡിന്റെ 23.06.2022 ലെ 57-ാംമത് ബോർഡ് യോഗ തീരുമാനം.

**ഉത്തരവ്**

പരാമർശം 1, 2 എന്നിവ പ്രകാരം കേരള സംസ്ഥാന ജൈവവൈവിധ്യ ബോർഡിന്റെ നേരിട്ടുള്ള മേൽനോട്ടത്തിലും സാങ്കേതിക പിന്തുണയിലും, സംസ്ഥാനത്തെ 941 ഗ്രാമപഞ്ചായത്തുകളിലും, 87 മുനിസിപ്പാലിറ്റികളിലും, 6 കോർപ്പറേഷനുകളിലും ജനകീയ ജൈവവൈവിധ്യ രജിസ്റ്ററുകൾ തയ്യാറാക്കിയിട്ടുണ്ട്. നിലവിലെ പി.ബി.ആറുകളിൽ ഭൂരിഭാഗവും തയ്യാറാക്കിയിട്ട് 5 മുതൽ 10 വർഷത്തിലേറെയായതിനാൽ, അവയിലെ വിവരങ്ങൾ പലതും കാലാനുസൃതമായി പുതുക്കേണ്ടതുള്ളതിനാലും, ആദ്യഘട്ട പ്രവർത്തനമെന്ന നിലയിൽ തയ്യാറാക്കിയിട്ടുള്ള പി.ബി. ആറുകളിലെ എല്ലാ ന്യൂനതകളും, കണ്ടെത്തി പരിഹരിക്കുന്നതോടൊപ്പം, നിലവില പാരിസ്ഥിതിക സാഹചര്യങ്ങൾ മൂലം നമ്മുടെ പരിസ്ഥിതി-ജൈവ-ആവാസവ്യവസ്ഥകൾക്കുണ്ടായ മാറ്റങ്ങൾ സംബന്ധിക്കുന്ന വിവരങ്ങളും പി.ബി.ആറിൽ ഉൾപ്പെടുത്തേണ്ടതുള്ളതിനാലും, പഞ്ചായത്തുകളിലും, മുനിസിപ്പാലിറ്റികളിലും, കോർപ്പറേഷനുകളിലും പി.ബി.ആർ. കാലാനുസൃതമായി പുതുക്കുന്നതിനുള്ള മാർഗ്ഗനിർദ്ദേശം പരാമർശം 3, 4 ഉത്തരവുകളിലൂടെ സർക്കാർ ഇതിനോടൊകം നൽകിയിട്ടുള്ളതിനാലും, ഗ്രാമപഞ്ചായത്തുകളിലും, മുനിസിപ്പാലിറ്റികളിലും, കോർപ്പറേഷനുകളിലും ബി.എം.സി. യുടെ നേതൃത്വത്തിൽ പി.ബി.ആർ. രണ്ടാം ഭാഗം തയ്യാറാക്കുന്നതിനുള്ള വിശദമായ മാർഗ്ഗരേഖ പുറപ്പെടുവിക്കുന്നതിനുള്ള തീരുമാനം പരാമർശം 5 പ്രകാരം സംസ്ഥാന ജൈവവൈവിധ്യ ബോർഡ് കൈക്കൊള്ളുകയുണ്ടായി. പ്രസ്തുത തീരുമാന പ്രകാരം തയ്യാറാക്കിയ ഈ ഉത്തരവിന്റെ അനുബന്ധത്തിൽ നൽകിയിട്ടുള്ള മാർഗ്ഗരേഖ അംഗീകരിച്ച് ഉത്തരവാകുന്നു.

മെമ്പർ സെക്രട്ടറി

പകർപ്പ്:-

1. എല്ലാ ഗ്രാമപഞ്ചായത്ത്, ബ്ലോക്ക് പഞ്ചായത്ത്, ജില്ലാ പഞ്ചായത്ത്, നഗരസഭ, കോർപ്പറേഷൻ ബി.എം.സി. ചെയർപേഴ്സൺമാർക്കും സെക്രട്ടറിമാർക്കും
2. പഞ്ചായത്ത് ഡയറക്ടർ
3. നഗരകാര്യ ഡയറക്ടർ
4. ഗ്രാമവികസന കമ്മീഷണർ
5. എല്ലാ ജില്ലാ ആസൂത്രണ സമിതി മെമ്പർ സെക്രട്ടറിമാർക്കും
6. കരുതൽ ഫയൽ/ ഓഫീസ് കോപ്പി

| നം. | ഉള്ളടക്കം | പേജ് നം. |
|---|---|---|
| **I** | **ആമുഖം** | 9 |
| 1 | ആവശ്യകതയും പ്രസക്തിയും | 9 |
| 2 | പ്രാധാന്യം | 10 |
| 3 | ബി.എം.സി. യുടെ ചുമതല | 11 |
| 4 | ജനകീയ ജൈവവൈവിധ്യ രജിസ്റ്റർ തയ്യാറാക്കൽ – ഒരു ജനകീയ പ്രവർത്തനം | 11 |
| 5 | പൊതുനിർദ്ദേശങ്ങൾ | 11 |
| 6 | ബ്ലോക്ക്, ജില്ലാതല ജൈവവൈവിധ്യ രജിസ്റ്ററുകൾ | 12 |
| 7 | പ്രവർത്തന രീതി | 12 |
| **II** | **പി.ബി.ആർ. (രണ്ടാം ഭാഗം) തയ്യാറാക്കൽ പ്രക്രിയ – രൂപരേഖ** | 16 |
| **III** | **വിവരശേഖരണ ഫോറങ്ങൾ** | |
| 1 | പൊതുവിവരങ്ങൾ | 17 |
| 2 | ജൈവവൈവിധ്യ ഫോറങ്ങൾ – കാർഷിക ജൈവവൈവിധ്യം | 29 |
| 3 | കാർഷികേതര ജൈവവൈവിധ്യം | 45 |
| 4 | ആവാസവ്യവസ്ഥാ വൈവിധ്യം | 57 |
| 5 | പൂർവ്വാനുമതി പത്രം | 60 |
| **IV** | **അനുബന്ധം** | |
| 1 | അനുബന്ധം 1 – ഗ്രാമപഞ്ചായത്ത്/മുനിസിപ്പാലിറ്റി/കോർപ്പറേഷൻ ഭരണസമിതിയംഗങ്ങളുടെ വിശദാംശങ്ങൾ | 62 |
| 2 | അനുബന്ധം 2 – ബി.എം.സി. യെ സംബന്ധിക്കുന്ന വിവരങ്ങൾ | 63 |
| 3 | അനുബന്ധം 3 – പി.ബി.ആർ. രണ്ടാം ഭാഗം തയ്യാറാക്കലിൽ പങ്കെടുത്ത വ്യക്തികൾ, സ്ഥാപനങ്ങൾ എന്നിവ സംബന്ധിക്കുന്ന വിവരങ്ങൾ | 65 |
| 4 | അനുബന്ധം 4 – പദസൂചിക | 66 |
| 5 | അനുബന്ധം 5 – പി.ബി.ആർ. രണ്ടാം ഭാഗത്തിന്റെ ഘടന | 67 |
| 6 | അനുബന്ധം 6 – ഭൂരൂപത്തിന്റെ വിവിധ ഉപവിഭാഗങ്ങൾ/ വിവിധ ആവാസകേന്ദ്രങ്ങൾ | 70 |
| 7 | അനുബന്ധം 7 – കേരളത്തിലെ മണ്ണിനങ്ങൾ | 71 |
| 8 | അനുബന്ധം 8 – അധിനിവേശ ജീവജാലങ്ങൾ – ചില ഉദാഹരണങ്ങൾ | 73 |
| 9 | അനുബന്ധം 9 – കേരളത്തിലെ നദികളും പോഷകനദികളും | 76 |
| 10 | അനുബന്ധം 10 – സുസ്ഥിര വികസന ലക്ഷ്യങ്ങൾ | 79 |

## ജനകീയ ജൈവവൈവിധ്യ രജിസ്റ്റർ (രണ്ടാം ഭാഗം) – മാർഗ്ഗരേഖ

### ആമുഖം

ജൈവവൈവിധ്യ സംരക്ഷണം നടപ്പിലാക്കുക, ജൈവവിഭവങ്ങളുടെ സുസ്ഥിരോപയോഗം പ്രോത്സാഹിപ്പിക്കുക, അവയുടെ ഉപയോഗത്തിൽ നിന്നും ലഭ്യമാകുന്ന പ്രയോജനങ്ങളുടെ നീതിപൂർവ്വമായ പങ്കുവെയ്ക്കൽ ഉറപ്പാക്കുക എന്നീ ലക്ഷ്യങ്ങളോടുകൂടിയാണ് 2002 ൽ ജൈവവൈവിധ്യ നിയമം പാർലമെന്റിൽ പാസാക്കിയത്. തുടർന്ന് 2004 ൽ കേന്ദ്ര ജൈവവൈവിധ്യ ചട്ടങ്ങളും, 2008 ൽ കേരള സംസ്ഥാന ജൈവവൈവിധ്യ ചട്ടങ്ങളും നിലവിൽ വന്നു. ജൈവവൈവിധ്യ നിയമം 2002, വകുപ്പ് 41, ജൈവവൈവധ്യ ചട്ടങ്ങൾ 2004 ചട്ടം 22, സംസ്ഥാന ജൈവവൈവിധ്യ ചട്ടങ്ങൾ, 2008 ചട്ടം (20) എന്നിവ പ്രകാരം സംസ്ഥാനത്തെ എല്ലാ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിലും ജൈവവൈവിധ്യ പരിപാലന സമിതികൾ (BMC) രൂപീകരിച്ചിട്ടുണ്ട്. ജൈവവൈവിധ്യ സംരക്ഷണത്തിന്റെയും സുസ്ഥിര ഉപയോഗത്തിന്റെയും ആദ്യപടി ഓരോ സ്ഥലത്തെയും ജൈവവൈവിധ്യം രേഖപ്പെടുത്തി സൂക്ഷിക്കുക എന്നുള്ളതാണ്. ജൈവവൈവിധ്യ രജിസ്റ്റർ തയ്യാറാക്കലും, അവയുടെ കാലാനുസൃതമായ പുതുക്കലും ബി.എം.സി. കളുടെ പ്രധാന ചുമതലയാണ്. ജൈവവിഭവങ്ങളിൽ നിന്നുള്ള ഉപജീവന മാർഗ്ഗങ്ങൾ പ്രോത്സാഹിപ്പിക്കുക, ഉൽപ്പാദനക്ഷമത വർദ്ധിപ്പിക്കുക, കാർഷിക, വനമേഖലകളിൽ മൂല്യവർദ്ധിത ഉൽപ്പന്നങ്ങൾ വികസിപ്പിക്കുക, തുടങ്ങി പ്രകൃതി വിഭവങ്ങളിൽ നിന്നും പുതിയ മരുന്നുകളുൾപ്പെടെ വികസിപ്പിക്കേണ്ടതുണ്ട്. പി.ബി.ആറിന്റെ അടിസ്ഥാനത്തിൽ ജൈവവൈവിധ്യം പരിപാലിക്കുന്നതിനും, പരിപോഷിപ്പിക്കുന്നതിനും വർദ്ധിപ്പിക്കുന്നതിന് സമയബന്ധിത പരിപാടികൾ തയ്യാറാക്കി നടപ്പിലാക്കുക എന്നത് തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ ഉത്തരവാദിത്തമാണ്.

ജൈവവൈവിധ്യ നിയമം 2002, വകുപ്പ് 41, കേന്ദ്ര ജൈവവൈവിധ്യ ചട്ടങ്ങൾ 2004, ചട്ടം 22(6), കേരള സംസ്ഥാന ജൈവവൈവിധ്യ ചട്ടങ്ങൾ 2008, ചട്ടം 20 (7), 18.03.2008 ലെ G.O. (MS) 86/08/LSGD നമ്പർ ഉത്തരവ് എന്നിവ പ്രകാരം 2009 മുതലാണ് കേരളത്തിലെ എല്ലാ ഗ്രാമപഞ്ചായത്തുകളിലും, മുനിസിപ്പാലിറ്റികളിലും, കോർപ്പറേഷനുകളിലും പി.ബി.ആർ. തയ്യാറാക്കൽ പദ്ധതി നടപ്പിലാക്കി തുടങ്ങിയത്. തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിൽ പി.ബി.ആർ. തയ്യാറാക്കുന്നതിനുള്ള പരിശീലനം നൽകുന്നതുൾപ്പെടെയുള്ള സാങ്കേതിക മേൽനോട്ടം നിർവ്വഹിച്ചത് കെ.എസ്.ബി.ബി. ആയിരുന്നു. ഇപ്രകാരം കേരള സംസ്ഥാന ജൈവവൈവിധ്യ ബോർഡിന്റെ നേരിട്ടുള്ള സാങ്കേതിക മേൽനോട്ടത്തിൽ, തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ സാമ്പത്തിക സഹായത്തോടെ, ജൈവവൈവിധ്യ പരിപാലന സമിതികളുടെ (ബി.എം.സി. കൾ) നേതൃത്വത്തിൽ 2019 ൽ കേരളത്തിലെ എല്ലാ ഗ്രാമപഞ്ചായത്തുകളിലും, മുനിസിപ്പാലിറ്റികളിലും, കോർപ്പറേഷനുകളിലും പി.ബി.ആർ. തയ്യാറാക്കൽ പൂർത്തിയാക്കുകയും, ആയതിന്റെ പ്രഖ്യാപനം ബഹു. കേരള മുഖ്യമന്ത്രി നടത്തുകയും ചെയ്തു. ജൈവവൈവിധ്യ നിയമവും ചട്ടങ്ങളും പ്രകാരം പി.ബി.ആർ. തയ്യാറാക്കൽ പൂർത്തീകരിച്ച പ്രഥമ സംസ്ഥാനമെന്ന ഖ്യാതി കേരളത്തിന് സ്വന്തമാണ്. 941 ഗ്രാമപഞ്ചായത്തുകൾ, 87 മുനിസിപ്പാലിറ്റികൾ, 6 കോർപ്പറേഷനുകൾ എന്നിവ ഉൾപ്പെടെ ആകെ 1034 പി.ബി.ആറുകൾ സംസ്ഥാനത്ത് തയ്യാറാക്കിയിട്ടുണ്ട്.

### ആവശ്യകതയും പ്രസക്തിയും

ഒരു പ്രദേശത്തെ ജൈവവിഭവങ്ങളെക്കുറിച്ച് അവിടുത്തെ ജനങ്ങൾക്കുള്ള അറിവുകളും, അവർ നൂറ്റാണ്ടുകളായി പ്രകൃതിയുമായുള്ള നിരന്തര ഇടപെടലുകളിലൂടെ ആർജിച്ച നാട്ടറിവുകളും ശാസ്ത്രീയമായി രേഖപ്പെടുത്തുക എന്നതാണ് ജനകീയ ജൈവവൈവിധ്യ രജിസ്റ്ററിന്റെ പ്രഥമ ഉദ്ദേശ്യം. പ്രാദേശിക തലത്തിൽ വിഭവ സമാഹരണം നടത്തുന്നതിനും വികസന പദ്ധതികൾ ആസൂത്രണം ചെയ്യുന്നതിനും ഇത്തരം രജിസ്റ്ററുകൾ അടിസ്ഥാന രേഖയാണ്. പ്രാദേശികതലത്തിൽ ജൈവവൈവിധ്യത്തെ സംബന്ധിക്കുന്ന പ്രദേശവാസികളുടെ അറിവുകൾ അവരിലൂടെ രേഖപ്പെടുത്തുകയാണ് പി.ബി.ആർ. തയ്യാറാക്കലിലൂടെ നടപ്പിലാക്കിയിട്ടുള്ളത്. നിലവിലെ പി.ബി. ആറുകളിൽ പലതും തയ്യാറാക്കിയിട്ട് 5 മുതൽ 10 വർഷത്തിലേറെയായതിനാൽ, അവയിലെ വിവരങ്ങൾ പലതും കാലാനുസൃതമായി പുതുക്കേണ്ടതുണ്ട്. മാത്രമല്ല ആദ്യഘട്ട പ്രവർത്തനമെന്ന നിലയിൽ തയ്യാറാക്കിയിട്ടുള്ള പി.ബി.ആറുകളിലെ ന്യൂനതകളും, വിവരങ്ങളുടെ അഭാവങ്ങളും കണ്ടെത്തി പരിഹരിക്കേണ്ടതുമുണ്ട്. പി.ബി.ആറിന്റെ ആദ്യഭാഗം തയ്യാറാക്കുമ്പോൾ കാലാവസ്ഥാ വ്യതിയാനം സംബന്ധിച്ച വെല്ലുവിളികൾ ഉയർന്നുവന്നിട്ടില്ലായിരുന്നു. ആയതിനാൽ പി.ബി.ആർ. രണ്ടാം ഭാഗം തയ്യാറാക്കുമ്പോൾ, കാലാവസ്ഥാ വ്യതിയാനമെന്ന ആഗോള പ്രതിഭാസത്തിന്റെ പരിണിതഫലമായുള്ള പ്രളയം, വരൾച്ച, ചുഴലിക്കാറ്റ് തുടങ്ങിയ പ്രകൃതി

ദുരന്തങ്ങൾ മൂലം നമ്മുടെ പരിസ്ഥിതി–ജൈവ–ആവാസവ്യവസ്ഥകൾക്കുണ്ടായ മാറ്റങ്ങൾ സംബന്ധിക്കുന്ന വിവരങ്ങളും പ്രാദേശികതലത്തിൽ ക്രോഡീകരിക്കേണ്ടതുണ്ട്. മാത്രമല്ല, 14–ാം പഞ്ചവൽസര പദ്ധതിയിൽ പരിസ്ഥിതി സംരക്ഷണമെന്നത് സർക്കാരിന്റെ സുപ്രധാന നയമാണ്. ആയതിന്റെ ഭാഗമായി ഓരോ പഞ്ചായത്തുകളിലും ജൈവവൈവിധ്യ സംരക്ഷണ കർമ്മപദ്ധതി തയ്യാറാക്കണമെന്നും നിഷ്കർഷിച്ചിട്ടുണ്ട്. പഞ്ചായത്തുകളിലും, മുനിസിപ്പാലിറ്റികളിലും, കോർപ്പറേഷനുകളിലും പി.ബി.ആർ. കാലാനുസൃതമായി പുതുക്കുന്നതിനുള്ള മാർഗ്ഗനിർദ്ദേശം 19.04.2022 ലെ യഥാക്രമം സ.ഉ. (കൈ)നം. 84/2022/തസ്വഭവ, സ.ഉ.(കൈ)നം. 86/2022/ തസ്വഭവ എന്നീ ഉത്തരവുകളിലൂടെ സർക്കാർ ഇതിനോടകം പുറപ്പെടുവിച്ചിട്ടുണ്ട്. ഈയൊരു സാഹചര്യത്തിലാണ് നിലവിലെ പി.ബി.ആറുകളിൽ ഉൾപ്പെടുത്തിയിട്ടുള്ള വിവരങ്ങളിലുണ്ടായ കാലാനുസൃതമായ മാറ്റങ്ങൾ ഉൾപ്പെടുത്തിക്കൊണ്ടും, ആദ്യഭാഗത്തിൽ ഇല്ലാത്തതും, ഉൾപ്പെടുത്താൻ കഴിയാത്തതുമായ അധികവിവരങ്ങൾ ചേർത്തുകൊണ്ടും, പി.ബി.ആറിനെ ശാസ്ത്രീയമായി പരിഷ്ക്കരിക്കുന്നതിനും പി.ബി.ആർ – രണ്ടാം ഭാഗം തയ്യാറാക്കുന്നതിനും കേരള സംസ്ഥാന ജൈവവൈവിധ്യ ബോർഡ് തുടക്കംകുറിച്ചിരിക്കുന്നത്. പി.ബി.ആർ. പരിഷ്ക്കരിക്കുന്നതോടൊപ്പം, അടുത്ത പത്ത് വർഷം കൊണ്ട് നടപ്പിലാക്കേണ്ട ജൈവവൈവിധ്യ സംരക്ഷണ–പരിപാലന –പോഷണ കർമ്മപരിപാടികൾ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിൽ തയ്യാറാക്കുന്നതിനുള്ള അടിസ്ഥാന രേഖയായും പ്രസ്തുത പി.ബി.ആർ. പരിഗണിക്കാവുന്നതാണ്. കൂടാതെ, സംസ്ഥാന ജൈവവൈവിധ്യ ചട്ടങ്ങൾ പ്രകാരം ജൈവവൈവിധ്യ പരിപാലന സമിതികളുടെ മേൽനോട്ടത്തിൽ പ്രാദേശികതലത്തിൽ ജൈവവൈവിധ്യ പരിപാലന കർമ്മപദ്ധതി തയ്യാറാക്കുന്നതിനുള്ള നടപടികളും ബോർഡ് കൈക്കൊണ്ടുവരുന്നു.

പി.ബി.ആർ. ആദ്യഭാഗം തയ്യാറാക്കിയതുപോലെ, രണ്ടാം ഭാഗം തയ്യാറാക്കുന്നതിനും ആവശ്യമായ സാങ്കേതിക സഹായം/മാർഗ്ഗനിർദ്ദേശങ്ങൾ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്കും ബി.എം.സി. കൾക്കും സംസ്ഥാന ജൈവവൈവിധ്യ ബോർഡ് ലഭ്യമാക്കുന്നതാണ്. പി.ബി.ആർ. രണ്ടാം ഭാഗം തയ്യാറാക്കുന്നതിനാവശ്യമായ പരിശീലനം, പ്രവർത്തനങ്ങളുടെ ഏകോപനം, രഹസ്യ സ്വഭാവമുള്ള വിവരങ്ങൾ പരിശോധിച്ച് നിയമപരമായ പരിരക്ഷയ്ക്കുള്ള ഉപദേശം ബി.എം.സി. യ്ക്ക് നൽകുക എന്നിവ സംസ്ഥാന ജൈവവൈവിധ്യ ബോർഡ് ലഭ്യമാക്കുന്നതാണ്. പി.ബി.ആർ. രണ്ടാം ഭാഗം തയ്യാറാക്കൽ പ്രവർത്തനങ്ങൾ തദ്ദേശസ്ഥാപനങ്ങളിൽ കോർഡിനേറ്റ് ചെയ്യുന്നതിന് സംസ്ഥാന ജൈവൈവിധ്യ ബോർഡ് ആവശ്യമായ ക്രമീകരണം നടത്തിയിട്ടുണ്ട്.

**പ്രാധാന്യം**

ജൈവവൈവിധ്യ നിയമത്തിന്റെ സുപ്രധാന ലക്ഷ്യങ്ങളിലൊന്നായ ജൈവവിഭവങ്ങളുടെ ഉപയോഗത്തിൽ നിന്നും ലഭ്യമാകുന്ന പ്രയോജനങ്ങളുടെ നീതിപൂർവ്വമായ പങ്കുവെയ്ക്കൽ ഉറപ്പാക്കുന്നതിനും (Access and Benefit Sharing – ABS), പ്രാദേശികതലത്തിൽ ജൈവൈവിധ്യ സംരക്ഷണവും, ജൈവവിഭവങ്ങളുടെ സുസ്ഥിരോപയോഗവും പ്രോത്സാഹിപ്പിക്കുന്നതിനും, പ്രാദേശികതല ജൈവവൈവിധ്യ പരിപാലന കർമ്മപദ്ധതി തയ്യാറാക്കുന്നതിനും, ജൈവവൈവിധ്യ പൈതൃക കേന്ദ്രങ്ങൾ കണ്ടെത്തി സംരക്ഷിക്കുന്നതിനുമുള്ള അടിസ്ഥാനരേഖയാണ് ഓരോ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിലെയും പി.ബി.ആറുകൾ.

കേരള പഞ്ചായത്ത് രാജ് നിയമം, കേരള മുനിസിപ്പാലിറ്റി നിയമം എന്നിവ പ്രകാരം തദ്ദേശഭരണ സ്ഥാപനങ്ങളിൽ സാമൂഹ്യനീതിയും, സാമ്പത്തിക വികസനവും ലക്ഷ്യമാക്കിയുള്ള വികസനക്ഷേമ പ്രവർത്തനങ്ങൾ നടപ്പിലാക്കുക എന്നുള്ള ചുമതല നിർവ്വഹിക്കുന്നതിനും, ജൈവവൈവിധ്യ സംരക്ഷണത്തിനും, പരിപാലനത്തിനും, പോഷണത്തിനും സഹായകമാകുംവിധത്തിൽ പദ്ധതികൾ ആസൂത്രണം ചെയ്ത് നടപ്പിലാക്കുന്നതിനുമുള്ള അടിസ്ഥാനരേഖയാണ് പി.ബി.ആർ.

പരിസ്ഥിതി സംരക്ഷിച്ചുകൊണ്ട് സുസ്ഥിര വികസന പദ്ധതികൾ പ്രാദേശികാടിസ്ഥാനത്തിൽ തയ്യാറാക്കുന്നതിനും, കാലാവസ്ഥാ വ്യതിയാനത്തെ അനുരൂപപ്പെടുത്തുന്നതിനുമുള്ള ബെഞ്ച്മാർക്കായും, സുസ്ഥിര വികസന ലക്ഷ്യങ്ങൾ കൈവരിക്കുന്നതിനുള്ള (സുസ്ഥിര വികസന ലക്ഷ്യങ്ങളിലെ പാരിസ്ഥിതിക പ്രാധാന്യമുള്ള ലക്ഷ്യങ്ങൾ 12, 13, 14, 15 എന്നിവയാണ്) സൂചകങ്ങളെ അടിസ്ഥാനമാക്കി കർമ്മപദ്ധതികൾ തയ്യാറാക്കുന്നതിനുമുള്ള ഉപാധിയാണ് ഓരോ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിലെയും പി.ബി.ആറുകൾ. സുസ്ഥിര വികസന ലക്ഷ്യങ്ങൾ പൂർത്തീകരിക്കുന്നതിനുള്ള അടിസ്ഥാനരേഖയായും, LAPCC റിപ്പോർട്ട്, പ്രാദേശികതല ജൈവവൈവിധ്യ പരിപാലന കർമ്മപദ്ധതി എന്നിവ തയ്യാറാക്കുന്നതിനുള്ള റഫറൻസ് രേഖയായും പി.ബി.ആറിനെ പരിഗണിക്കാവുന്നതാണ്. ജൈവവൈവിധ്യത്തിന്റെ സംരക്ഷണത്തിനും, സുസ്ഥിര ഉപയോഗത്തിനും വളരെയേറെ സഹായകമാകും എന്നതിനുപുറമേ, ഉന്നത പാഠശാലകൾക്കും ഗവേഷകർക്കും പരിസ്ഥിതി ശാസ്ത്രപഠനത്തിന്

ഉപയോഗിക്കാവുന്ന ഒരു റഫറൻസ് രേഖകൂടിയാണ് പി.ബി.ആറുകൾ. നിലവിൽ തയ്യാറാക്കിയിട്ടുള്ള പി.ബി. ആറും, രണ്ടാം ഭാഗമായി തയ്യാറാക്കുന്ന പി.ബി.ആറും ചേർന്നതാണ് ഒരു തദ്ദേശഭരണ സ്ഥാപനത്തിന്റെ പി.ബി. ആർ. തദ്ദേശഭരണ ഭരണസമിതിയുടെ മേൽനോട്ടത്തിൽ ബി.എം.സി.യുടെ ഉത്തരവാദിത്തത്തിലാണ് പ്രസ്തുത രേഖ തയ്യാറാക്കേണ്ടത്.

**ബി.എം.സി.യുടെ ചുമതല**

ജൈവവൈവിധ്യ പരിപാലന സമിതിയുടെ പ്രധാന കർത്തവ്യങ്ങൾ 2004 ലെ ജൈവവൈവിധ്യ ചട്ടങ്ങളിലും 2008 ലെ സംസ്ഥാന ജൈവവൈവിധ്യ ചട്ടങ്ങളിലും വ്യക്തമായി പ്രതിപാദിച്ചിരിക്കുന്നു. എല്ലാ തദ്ദേശ സ്ഥാപനങ്ങളും ജൈവവിഭവങ്ങളുടെ സംരക്ഷണവും, സുസ്ഥിരോപയോഗവും പ്രോത്സാഹിപ്പിക്കുന്നതിനും, ആവാസ വ്യവസ്ഥകളുടെ പരിപാലനം, പാരമ്പര്യ ഇനങ്ങൾ, നാടൻ ഇനങ്ങൾ, വളർത്തിനങ്ങൾ, പോറ്റ് കന്നുകാലികൾ, സൂക്ഷ്മാണുക്കൾ എന്നിയുടെ സംരക്ഷണം സംബന്ധിച്ച വിവരങ്ങൾ രേഖപ്പെടുത്തുന്നതിനും, ജൈവവൈവിധ്യ സംബന്ധിയായ അറിവുകളുടെ കാലാനുസൃതമായ വിവരങ്ങൾ ശേഖരിക്കുന്നതിനും ബി.എം.സി.കൾ രൂപീകരിക്കേണ്ടതാണ്.

ജൈവവൈവിധ്യത്തിന്റെ സംരക്ഷണവും, സുസ്ഥിര ഉപയോഗവും ഉറപ്പുവരുത്തുന്നതോടൊപ്പം അവയിൽ നിന്നുള്ള പ്രയോജനങ്ങളുടെ നീതിപൂർവകമായ പങ്കുവയ്ക്കലിന് നേതൃത്വം നൽകുക എന്നതാണ് ബി.എം.സി. യുടെ പരമപ്രധാനമായ കർത്തവ്യം. ജൈവവൈവിധ്യ രജിസ്റ്ററുകളിൽ ഉൾപ്പെടുത്തിയിട്ടുള്ള നാട്ടറിവുകൾ / പാരമ്പര്യ അറിവുകൾ എന്നിവ പുറമേയുള്ളവരുടെ/വിദേശികളുടെ കൈവശം പോകാതിരിക്കാൻ ബി.എം. സി.യും തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളും പ്രത്യേകം ശ്രദ്ധിക്കേണ്ടതാണ് (07.02.2013 ലെ 3784/എ2/12/ പരി. നമ്പർ സർക്കുലർ). ജൈവവൈവിധ്യ നിയമവും ചട്ടങ്ങളും പ്രകാരമുള്ള ചുമതലകളെ കൂടാതെ, പ്രാദേശികതലത്തിലുള്ള പരിസ്ഥിതി ശോഷണം ഒഴിവാക്കുന്നതിനായി പ്രാദേശിക പരിസ്ഥിതി 'കാവൽസംഘ'ങ്ങളായി വർത്തിക്കേണ്ടതും (13.05.2013 ലെ സ.ഉ.(അച്ചടി) നം.04/13/പരി. നമ്പർ ഉത്തരവ്) ബി.എം.സി. കളുടെ ചുമതലയാണ്.

## ജനകീയ ജൈവവൈവിധ്യ രജിസ്റ്റർ തയ്യാറാക്കൽ – ഒരു ജനകീയ പ്രവർത്തനം:–

തദ്ദേശസ്വയംഭരണസ്ഥാപനത്തിന്റെ പരിധിയിൽപെടുന്ന എല്ലാ വിഭാഗം ജനങ്ങളുടെയും പങ്കാളിത്തത്തോടെ നടപ്പിലാക്കേണ്ട ഒരു പ്രവർത്തനമാണിത്. അതുകൊണ്ടാണ് പ്രസ്തുത രജിസ്റ്ററിനെ ജനകീയ ജൈവവൈവിധ്യ രജിസ്റ്റർ എന്ന് വിളിക്കപ്പെടുന്നത്. വർക്കിംഗ് ഗ്രൂപ്പിലും, സ്റ്റിയറിംഗ് കമ്മിറ്റിയിലും, ഭരണസമിതിയിലും, തുടർന്ന് ഗ്രാമസഭ/ വാർഡുസഭ/വാർഡു കമ്മിറ്റി വിളിച്ചു ചേർത്തും, ജനകീയ ജൈവവൈവിധ്യ രജിസ്റ്റർ തയ്യാറാക്കുന്നതിന്റെ ഉദ്ദേശ്യലക്ഷ്യങ്ങൾ വിവരിക്കുക എന്നതാണ് ആദ്യപടിയായി ചെയ്യേണ്ടത്. തദ്ദേശസ്വയംഭരണസ്ഥാപന പരിധിയിൽ പ്രവർത്തിക്കുന്ന സന്നദ്ധ സംഘടനകൾ, സാമൂഹ്യ പ്രവർത്തകർ, പാരമ്പര്യ അറിവുകൾ സൂക്ഷിക്കുന്നവർ, നാട്ടുവൈദ്യന്മാർ, കൃഷിക്കാർ, വനവുമായി ബന്ധമുള്ളവർ, അദ്ധ്യാപകർ, ഗവേഷകർ, വിരമിച്ച ഉദ്യോഗസ്ഥർ, തുടങ്ങി വിവിധ കർമ്മമണ്ഡലങ്ങളിലുള്ളവരെ പങ്കെടുപ്പിച്ചുകൊണ്ടുള്ള വിശദീകരണയോഗങ്ങൾ അഭികാമ്യമാണ്. വിശദമായ ചോദ്യാവലികളിലൂടെയും ചർച്ചകളിലൂടെയും അഭിമുഖത്തിലൂടെയും വിവരങ്ങൾ ശേഖരിക്കാവുന്നതാണ്. തദ്ദേശഭരണ സ്ഥാപനത്തിൽ നാട്ടറിവ് നൽകുന്നതിന് ശേഷിയുള്ള ഏറ്റവും മുതിർന്ന പൗരന്മാരുടെ ഫോക്കസ് ഗ്രൂപ്പ് ചർച്ച നടത്തുന്നതും ഉചിതമാണ്. താളിയോലകൾ, ചരിത്രപുസ്തകങ്ങൾ തുടങ്ങിയ റഫറൻസ് ഗ്രന്ഥങ്ങൾ പരിശോധിച്ച് അറിവുകൾ ഉൾപ്പെടുത്തി തയ്യാറാക്കുന്ന ജൈവവൈവിധ്യ രജിസ്റ്റർ വളരെ ശ്രേഷ്ഠകരമായിരിക്കും. ജൈവവൈവിധ്യ രജിസ്റ്റർ തയ്യാറാക്കുമ്പോൾ അതുമായി ബന്ധപ്പെട്ട താഴെപ്പറയുന്ന പ്രധാന കാര്യങ്ങൾ കൂടി പരിഗണിക്കേണ്ടതാണ്.

**പൊതു നിർദ്ദേശങ്ങൾ**

- പി.ബി.ആർ. തയ്യാറാക്കുന്നതിന്റെ വിശദാംശങ്ങൾ ഗ്രാമസഭ/ വാർഡുസഭയിൽ പ്രത്യേക അജൻഡയായി ഉൾപ്പെടുത്തി ചർച്ച ചെയ്യേണ്ടതാണ്.
- ജനങ്ങളിൽ നിന്നും ലഭ്യമാകുന്ന വിവരങ്ങൾ സാങ്കേതിക സഹായ വിഭാഗത്തിലെ വിദഗ്ധരുടെ സഹായത്തോടെ ഒത്തുനോക്കുകയും വിശകലനം ചെയ്യുകയും സൂക്ഷ്മ പരിശോധന നടത്തുകയും ചെയ്യേണ്ടതാണ്.
- പാരമ്പര്യ അറിവുകളും, നാട്ടുവൈദ്യന്മാരിൽ നിന്നും ഒറ്റമൂലി പ്രയോഗം നടത്തുന്നവരിൽ നിന്നും മറ്റും കിട്ടുന്ന അറിവുകളും, പ്രസ്തുത അറിവുടമകളുടെ സമ്മതത്തോടെ മാത്രമേ രജിസ്റ്ററിൽ ഉൾപ്പെടുത്താവൂ.

(ആയതിനുവേണ്ട പൂർവ്വാനുമതി പത്രം (ഫോറം 2.4) വിവരശേഖരണ ഫോറങ്ങൾക്കൊപ്പം ഉൾക്കൊള്ളിച്ചിട്ടുണ്ട്). വിവരങ്ങൾ നൽകുന്ന ആളിന്റെ പൂർണ മേൽവിലാസം രേഖപ്പെടുത്തേണ്ടതാണ്.

» **ഒറ്റമൂലി പ്രയോഗത്തെക്കുറിച്ചോ മരുന്നിന്റെ ഉല്പാദന പ്രക്രിയയെപ്പറ്റിയോ ഉള്ള അറിവുകൾ കൃത്യമായും സത്യസന്ധമായും രേഖപ്പെടുത്തുകയും വിവരദാതാവിന്റെ പേരും വയസ്സും, മേൽവിലാസവും രജിസ്റ്ററിൽ പ്രസക്തഭാഗത്ത് എഴുതുകയും വേണം. മുമ്പ് ഉണ്ടായിരുന്നതും ഇപ്പോൾ ഇല്ലാത്തതുമായ ജൈവവൈവിധ്യ സംബന്ധിയായ അറിവുകൾ മുതിർന്ന പൗരന്മാരിൽ നിന്ന് ശേഖരിക്കുന്നതും അഭികാമ്യമാണ്.**

» രജിസ്റ്റർ തയ്യാറാക്കുമ്പോൾ പുരുഷന്മാരുടെയും സ്ത്രീകളുടെയും കാഴ്ചപ്പാടുകളും അറിവുകളും തുല്യപ്രാധാന്യത്തോടെ രേഖപ്പെടുത്തേണ്ടതാണ്.

» പി.ബി.ആർ. തയ്യാറാക്കുന്നതിന്റെ ഭാഗമായി നവമാധ്യമങ്ങൾ വഴി പ്രചരണം നൽകുന്നതിനും, വിവരശേഖരണം നടത്തുന്നതിന് നവമാധ്യമ സാധ്യതകൾ പ്രയോജനപ്പെടുത്തുന്നതിനും, തദ്ദേശഭരണ സ്ഥാപനങ്ങളിലെ ടെക്നിക്കൽ അസിസ്റ്റന്റുമാരുടെ സേവനം പരമാവധി പ്രയോജനപ്പെടുത്തേണ്ടതാണ്.

» ജനകീയ ജൈവവൈവിധ്യ രജിസ്റ്റർ തയ്യാറാക്കിക്കഴിഞ്ഞാൽ ബി.എം.സി. യോഗം വിളിച്ചുചേർത്ത് പി.ബി.ആർ. അംഗീകരിക്കണം. തുടർന്ന് പഞ്ചായത്തു കമ്മിറ്റി ചേർന്ന് അംഗീകാരം നൽകേണ്ടതാണ്.

» പ്രാദേശിക ജൈവവൈവിധ്യവുമായി ബന്ധപ്പെട്ട വിവരങ്ങളിൽ കാലാകാലങ്ങളിൽ വരുന്ന മാറ്റങ്ങൾ മൂന്നു മാസത്തിലൊരിക്കൽ നടക്കുന്ന ബി.എം.സി. യോഗത്തിലോ, ബി.എം.സി. യുടെ പ്രത്യേക യോഗത്തിലോ രേഖപ്പെടുത്തി സൂക്ഷിക്കാവുന്നതും (വിശദമായ മിനുട്സായിട്ട്), പി.ബി.ആറിന്റെ തുടർ പതിപ്പുകളിൽ പ്രസ്തുത വിവരങ്ങൾ ഉൾപ്പെടുത്താവുന്നതുമാണ്.

» ജൈവവൈവിധ്യ രജിസ്റ്ററിലെ അറിവുകളുടെ അടിസ്ഥാനത്തിൽ ഹ്രസ്വ, ദീർഘകാല പദ്ധതികൾക്ക് രൂപം കൊടുക്കുവാൻ തദ്ദേശഭരണ സ്ഥാപനങ്ങൾ മുൻഗണന നൽകേണ്ടതാണ്. അതുകൊണ്ടുതന്നെ ഓരോ തദ്ദേശസ്വയംഭരണ സ്ഥാപനവും അവരവരുടെ ഭരണപ്രദേശത്തുള്ള ജൈവവൈവിധ്യ സംബന്ധിയായ സമഗ്ര അറിവുകളും രജിസ്റ്ററിൽ ഉൾപ്പെടുത്താൻ ശ്രദ്ധിക്കേണ്ടതാണ്.

» തദ്ദേശസ്വയംഭരണ സ്ഥാപനത്തിന്റെ പരിധിയിൽ വരുന്ന സ്കൂളുകളിലും, കോളേജുകളിലും ജൈവവൈവിധ്യ രജിസ്റ്ററുകൾ തയ്യാറാക്കിയിട്ടുള്ള പക്ഷം, പ്രസ്തുത രജിസ്റ്ററുകളിലെ വിവരങ്ങൾ വിശകലനം ചെയ്ത് പി.ബി.ആറിൽ ഉൾപ്പെടുത്തേണ്ടതാണ്.

» പ്രസക്തമായ ഭൂപടങ്ങൾ, ഫോട്ടോഗ്രാഫുകൾ, ചിത്രരചനകൾ, ദൃശ്യ ശ്രാവ്യ സാമഗ്രികൾ, അച്ചടി രേഖകൾ തുടങ്ങിയവ പി.ബി.ആറിൽ ഉൾക്കൊള്ളിക്കേണ്ടതാണ്.

» ഓരോ ഫോറങ്ങളുമായി ബന്ധപ്പെട്ടുള്ള ഫോട്ടോകൾ അതത് ഫോറങ്ങൾക്ക് തുടർച്ചയായി ഉൾക്കൊള്ളിക്കേണ്ടതാണ്. കൂടാതെ ഫോട്ടോകളുടെ സോഫ്റ്റ് കോപ്പിയും തയ്യാറാക്കേണ്ടതാണ്.

» പ്രത്യേകം നാട്ടറിവുള്ളവ, പ്രത്യേക ഉപയോഗമുള്ളവ, അപൂർവമായിക്കൊണ്ടിരിക്കുന്നവ, പാരമ്പര്യ വിത്തിനങ്ങളിൽപ്പെട്ടവ എന്നീ വിഭാഗത്തിൽ വരുന്ന സസ്യ–ജന്തുജാലങ്ങളുടെ ഫോട്ടോകൾ തീർച്ചയായും രജിസ്റ്ററിൽ ഉൾപ്പെടുത്തേണ്ടതാണ്.

» **തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിലെ ഭരണസമിതിയംഗങ്ങൾ, ബി.എം.സി. അംഗങ്ങൾ എന്നിവരുടെ ഫോട്ടോകൾ പി..ബി.ആറിൽ ചേർക്കാതിരിക്കുന്നതാണ് അഭികാമ്യം. ഭരണസമിതിയംഗങ്ങളുടെ വിശദാംശങ്ങൾ അനുബന്ധം 1 പ്രകാരം ഉൾപ്പെടുത്തേണ്ടതാണ്.**

» ബി.എം.സി. അംഗങ്ങളുടെ വിവരങ്ങൾ, പി.ബി.ആർ. തയ്യാറാക്കലിൽ പങ്കാളികളായിട്ടുള്ള സ്ഥാപനങ്ങളുടെ വിവരങ്ങൾ എന്നിവ യഥാക്രമം **അനുബന്ധം 2, 3** പ്രകാരം ഉൾപ്പെടുത്തേണ്ടതാണ്.

» പി.ബി.ആർ. രണ്ടാംഭാഗത്തിൽ ഉൾപ്പെടുത്തിയിട്ടുള്ള സസ്യ–ജന്തുജാലങ്ങളുടെ ചെക്ക്‌ലിസ്റ്റ് പദസൂചികയായി **അനുബന്ധം 4** പ്രകാരം ഉൾപ്പെടുത്തേണ്ടതാണ്.

» പി.ബി.ആർ. രണ്ടാം ഭാഗം **അനുബന്ധം 5** ൽ ഉൾപ്പെടുത്തിയിട്ടുള്ള ഘടന പ്രകാരം തയ്യാറാക്കേണ്ടതാണ്.

## ബ്ലോക്ക്, ജില്ലാതല ജൈവവൈവിധ്യ രജിസ്റ്ററുകൾ

ഓരോ ബ്ലോക്ക്/ ജില്ലയിലെയും ഗ്രാമപഞ്ചായത്തുകൾ/ മുനിസിപ്പാലിറ്റികൾ/ കോർപ്പറേഷനുകളിലെ നിലവിലെ പി.ബി.ആറുകൾ ഇ–പി.ബി.ആറുകളായി മാറ്റുന്ന പ്രവർത്തനം നിലവിൽ നടന്നുവരികയാണ്. പ്രസ്തുത പ്രവർത്തനം തീരുന്ന മുറയ്ക്ക് ഗ്രാമപഞ്ചായത്തുകൾ/ മുനിസിപ്പാലിറ്റികൾ/ കോർപ്പറേഷൻ തലത്തിൽ തയ്യാറാക്കുന്ന ഇ–പി.ബി.ആറുകൾ ക്രോഡീകരിച്ചുകൊണ്ട് ബ്ലോക്ക്/ ജില്ലാതല പി.ബി.ആർ തയ്യാറാക്കാവുന്നതാണ്. ഇതിനുവേണ്ട വിശദമായ മാർഗ്ഗരേഖ ബോർഡ് പ്രത്യേകം തയ്യാറാക്കി നൽകുന്നതാണ്. ഇ–പി.ബി.ആർ. തയ്യാറാക്കുന്നതിന് ടെക്നിക്കൽ അസിസ്റ്റന്റുമാരെ ചുമതലപ്പെടുത്തി 17.06.2020 ലെ

ഡിഎ1/141/2020-തസ്വഭവ നമ്പർ കത്തിലൂടെ തദ്ദേശസ്വയംഭരണ വകുപ്പ് നിർദ്ദേശം പുറപ്പെടുവിച്ചിട്ടുണ്ട്. തദ്ദേശഭരണ സ്ഥാപനങ്ങൾ ആയത് പരിശോധിച്ച് നടപടി സ്വീകരിക്കേണ്ടതാണ്.

**പ്രവർത്തന രീതി**

- **ഫണ്ട് :–** തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ ജൈവവൈവിധ്യ രജിസ്റ്റർ (രണ്ടാം ഭാഗം) തയ്യാറാക്കൽ വാർഷിക പദ്ധതിയിൽ ഉൾപ്പെടുത്തി അംഗീകാരം വാങ്ങേണ്ടതും, ആവശ്യമായ തുക (*മാതൃകാ ബജറ്റ് ഉൾപ്പെടുത്തി യിട്ടുണ്ട്) ധനകാര്യ കമ്മീഷൻ ഗ്രാന്റിൽ നിന്നോ (ബേസിക് ഗ്രാന്റ്), തനത് ഫണ്ടിൽ നിന്നോ, വികസന ഫണ്ടിൽ നിന്നോ വകയിരുത്തേണ്ടതുമാണ്. തദ്ദേശസ്വയംഭരണ സ്ഥാപനത്തിലെ ഫണ്ടിന്റെ ലഭ്യത, വാർഡുകളുടെ എണ്ണം, പ്രാദേശിക സാഹചര്യം എന്നിവയ്ക്കനുസരിച്ച് വകയിരുത്തേണ്ട ഫണ്ട് എത്രയാവണമെന്ന് അതത് തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്ക് തീരുമാനിക്കാവുന്നതാണ്. പി.ബി.ആർ. രണ്ടാം ഭാഗം തയ്യാറാക്കൽ പദ്ധതി ഉൽപ്പാദന മേഖലയിലെ പ്രോജക്ടായി പരിഗണിക്കാവുന്നതാണ്. സുലേഖയിൽ ആവശ്യമായ കോഡ് ഉൾപ്പെടുത്തിയിട്ടുണ്ട്.
- **മേൽനോട്ട സമിതി** :– മുനിസിപ്പൽ/ പഞ്ചായത്ത് ഭരണസമിതിയുടെ പൊതുവായ മേൽനോട്ടത്തിൽ സ്റ്റിയറിംഗ് കമ്മിറ്റിയും, വികസന സ്റ്റാന്റിംഗ് കമ്മിറ്റിയും, ജൈവവൈവിധ്യ മാനേജ്മെന്റ്, കാലാവസ്ഥാ വ്യതിയാനം, പരിസ്ഥിതി സംരക്ഷണം, ദുരന്തനിവാരണം എന്നിവയ്ക്കായുള്ള വർക്കിംഗ് ഗ്രൂപ്പും ചേർന്നാണ് മേൽനോട്ട സമിതിയായി പ്രവർത്തിക്കുക.
- **നിർവ്വഹണ സമിതി** :– ജൈവവൈവിധ്യ പരിപാലന സമിതി (ബി.എം.സി.)
- **പി.ബി.ആർ. തയ്യാറാക്കുന്നതിനുള്ള വിഷയ വിദഗ്ദ്ധ ഗ്രൂപ്പ് (Technical Expert Group):**– പി.ബി.ആർ. രണ്ടാം ഭാഗം തയ്യാറാക്കുന്നതിനായി മേൽനോട്ട സമിതിയുടെയും, നിർവ്വഹണ സമിതിയുടെയും നിർദ്ദേശ പ്രകാരം പഞ്ചായത്ത്/ നഗരസഭാതലത്തിൽ വിഷയ വിദഗ്ദ്ധ ഗ്രൂപ്പ് രൂപീകരിക്കുക. പ്രസ്തുത സംഘത്തിൽ പ്രദേശത്തെ സ്കൂളുകൾ/ കോളേജുകൾ എന്നിവിടങ്ങളിലെ അധ്യാപകർ (പരിസ്ഥിതി – ജൈവവൈവിധ്യ വിഷയവുമായി ബന്ധമുള്ളവർ), ഗവേഷകർ, സിറ്റിസൺ സയന്റിസ്റ്റുകൾ, അനുബന്ധ വകുപ്പുകളിലെ ഉദ്യോഗസ്ഥർ, പ്രാദേശികമായിട്ടുള്ള പരിസ്ഥിതി–ജൈവവൈവിധ്യ സന്നദ്ധ സംഘടനകളിലെ അംഗങ്ങൾ, പ്രാദേശികതല വിദഗ്ദ്ധർ, വിരമിച്ച ഉദ്യോഗസ്ഥർ തുടങ്ങിയവരെ ബി.എം.സി. യ്ക്ക് ഉൾപ്പെടു ത്താവുന്നതാണ്. ബി.എം.സി. കോർഡിനേറ്ററെയോ, ബി.എം.സി. നിർദ്ദേശിക്കുന്ന മറ്റൊരു വിദഗ്ദ്ധനെയോ കോ–ഓർഡിനേറ്ററായി ചുമതലപ്പെടുത്താവുന്നതാണ്
- **വിവരശേഖരണ വോളന്റിയർമാരെ തിരഞ്ഞെടുക്കൽ**:– ബി.എം.സി. യുടെ മേൽനോട്ടത്തിൽ വാർഡുതല വോളന്റിയർമാരെ തിരഞ്ഞെടുക്കണം. ഒരോ വാർഡിൽ നിന്നും കുറഞ്ഞത് രണ്ടു വോളന്റിയർമാരെ തിര ഞ്ഞെടുക്കാവുന്നതാണ്. കോളേജുതലത്തിലെ വിദ്യാർത്ഥികൾ, ജൈവവൈവിധ്യ ക്ലബ്ബുകൾ, അധ്യാപകർ, പരിസ്ഥിതി പ്രവർത്തകർ, വി.എസ്.എസ്. അംഗങ്ങൾ, ഇക്കോഡവലപ്മെന്റ് കമ്മിറ്റി അംഗങ്ങൾ, സംയുക്ത വനപരിപാലന സമിതി അംഗങ്ങൾ, അനുബന്ധ വകുപ്പുകളിലെ വിരമിച്ച ഉദ്യോഗസ്ഥർ തുടങ്ങിയവരെ ബി.എം.സി. യ്ക്ക് ഉൾപ്പെടുത്താവുന്നതാണ്. (ഉദാ:– തദ്ദേശീയമായിട്ടുള്ള കോളേജുകളിലെയും, ഹയർ സെക്കന്ററി സ്കൂളുകളിലെയും എൻ.സി.സി., എൻ.എസ്.എസ്. ടീമുകളെ ഓരോ വാർഡിന്റെയും വിവരശേഖ രണത്തിന് ചുമതലപ്പെടുത്താവുന്നതാണ്).
- **പി.ബി.ആർ. വിശകലനം**:– ആദ്യപടിയായി മേൽനോട്ട സമിതി, നിർവ്വഹണ സമിതി, പി.ബി.ആർ. തയ്യാറാക്കു ന്നതിനുള്ള വിഷയ വിദഗ്ദ്ധ ഗ്രൂപ്പ്, വോളന്റിയർമാർ എന്നിവരുടെ കൂട്ടായ പ്രവർത്തനത്തിലൂടെ നിലവിലെ പി.ബി.ആർ. വിശദമായി വിശകലനം ചെയ്യുകയും, രേഖപ്പെടുത്തിയിട്ടുള്ള ഇനങ്ങളുടെ ചെക്ക്ലിസ്റ്റ് തയ്യാറാ ക്കുകയും, ന്യൂനതകൾ/ വിവരങ്ങളുടെ അഭാവം കണ്ടെത്തുകയും ചെയ്യുക. തുടർച്ചയായുള്ള പ്രകൃതി ദുരന്തങ്ങളുടെ പശ്ചാത്തലത്തിൽ ജൈവവൈവിധ്യത്തിൽ വന്നിട്ടുള്ള മാറ്റങ്ങൾ ഉൾപ്പെടുത്തേണ്ടതും, നിലവിലുള്ള പി.ബി.ആറിലെ വിവരങ്ങളുടെ ആവർത്തനം ഒഴിവാക്കേണ്ടതുമാണ്. വിഷയ വിദഗ്ദ്ധ ഗ്രൂപ്പാണ് പി.ബി.ആർ. വിശകലന റിപ്പോർട്ട് തയ്യാറാക്കേണ്ടത്. പി.ബി.ആർ. വിശകലന റിപ്പോർട്ട് തയ്യാറാക്കി, ആയതിന്റെ അടിസ്ഥാനത്തിലാവണം രണ്ടാം ഭാഗം തയ്യാറാക്കേണ്ടത്.
- **പരിശീലനം**:– കേരള സംസ്ഥാന ജൈവവൈവിധ്യ ബോർഡ് ബി.എം.സി. കൾക്ക് പരിശീലനം നൽകുന്നതാണ്.
  - ✓ **പരിശീലന പങ്കാളികൾ –** പരിശീലന പങ്കാളികൾ – മേൽനോട്ട സമിതി, നിർവ്വഹണ സമിതി, പി.ബി.ആർ. തയ്യാറാക്കുന്നതിനുള്ള വിഷയ വിദഗ്ദ്ധ ഗ്രൂപ്പ്, അനുബന്ധ വകുപ്പുകളിലെ നിർവ്വഹണോദ്യോഗസ്ഥന്മാർ, വോളന്റിയർമാർ.
  - ✓ പ്രാദേശികതലത്തിൽ ബി.എം.സി. യുടെ നേതൃത്വത്തിൽ വോളന്റിയർമാർക്ക് പരിശീലനം നൽകുക.

» **വിവരശേഖരണം**:– പി.ബി.ആർ വിശകലനത്തിന്റെയും, കെ.എസ്.ബി.ബി. യുടെ പി.ബി.ആർ. രണ്ടാം ഭാഗം നിർദ്ദിഷ്ട ഫോറങ്ങളെയും അടിസ്ഥാനമാക്കിയാവണം വിവരശേഖരണം നടത്തേണ്ടത്.

» **വിവരസ്രോതസ്സ്** – പ്രാഥമികവും (Primary), ദ്വിതീയവും (ടലരീറമ്യ) ആയ വിവരസ്രോതസ്സുകളാണ് ഉപയോഗിക്കേണ്ടത്.

✓ **വിവരശേഖരണരീതി** – വിവരങ്ങൾ പ്രാഥമികം, ദ്വിതീയം എന്നീ രണ്ട് തലങ്ങളിലായി ശേഖരിക്കേണ്ടതാണ്.

- **പ്രാഥമിക വിവരശേഖരണം** – തദ്ദേശഭരണ സ്ഥാപന അദ്ധ്യക്ഷൻ, ജനപ്രതിനിധികൾ, ബി.എം.സി. അംഗങ്ങൾ, നിർവ്വഹണ ഉദ്യോഗസ്ഥർ (കൃഷി, മത്സ്യബന്ധനം, മൃഗപരിപാലനം നിർബന്ധമായും) എന്നിവരെ പങ്കെടുപ്പിച്ചുകൊണ്ട് പഞ്ചായത്ത്തല ശില്പശാല സംഘടിപ്പിക്കേണ്ടതും, പ്രസ്തുത ശില്പശാലയിൽ വച്ച് വിവരശേഖരണ ഫോറത്തിലെ നിർദ്ദിഷ്ട വിവരങ്ങൾ ഫോക്കസ് ഗ്രൂപ്പ് ചർച്ചയിലൂടെ ശേഖരിക്കാവുന്നതുമാണ്.. നേരിട്ടുള്ള ഫീൽഡു സന്ദർശനം, നിരീക്ഷണം, പരമ്പരാഗത അറിവുടമകളുമായുള്ള ഫോക്കസ് ഗ്രൂപ്പ്, അഭിമുഖം, തുടങ്ങിയവയിലൂടെ ഫീൽഡുതല വിവരശേഖരണം നടത്തേണ്ടതാണ്.
- **ദ്വിതീയം** – തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ വാട്ടർഷെഡ് മാസ്റ്റർ പ്ലാൻ (നീർത്തട വികസന രേഖ), Baseline data report from Statistical Department, Local Action Plan on Climate Change, നഗരാസൂത്രണ പ്ലാൻ/റിപ്പോർട്ട്, വികസന രേഖ, പദ്ധതി രേഖ, സെൻസസ് റിപ്പോർട്ട്, എസ്.സി./എസ്.ടി. സർവ്വെ റിപ്പോർട്ട്, ജില്ലാ ആസൂത്രണ പദ്ധതി രേഖ, നിയമസഭമണ്ഡലതല റിപ്പോർട്ട്, വില്ലേജ് പോവർട്ടി റിഡക്ഷൻ പ്ലാൻ റിപ്പോർട്ട്, ലാന്റ് യൂസ് ബോർഡ് മാപ്പുകൾ, ജി.ഐ.എസ്.മാപ്പിംഗ്, സാമൂഹിക സാമ്പത്തിക സർവ്വേ റിപ്പോർട്ട്, വിഭവ ഭൂപട റിപ്പോർട്ട്, ദുരന്ത നിവാരണ പദ്ധതിരേഖ, പഞ്ചായത്തുതല ചരിത്രരേഖ തുടങ്ങിയവ ദ്വിതീയ വിവരശേഖരണത്തിനായി ഉപയോഗിക്കാവുന്നതും, പ്രസ്തുത വിവരങ്ങളുടെ ഉറവിടം പി.ബി.ആറിൽ പ്രത്യേകം രേഖപ്പെടുത്തേണ്ടതുമാണ്.

» **കാലയളവ്:** ആകെ 6 മാസം

- പ്രാഥമിക പ്രവർത്തനങ്ങൾ, പി.ബി.ആർ വിശകലനം, പരിശീലനം – 2 മാസം
- വിവരശേഖരണം – 2 മാസം
- ക്രോഡീകരണം (ഹാർഡ് കോപ്പി & ഇ–പിബിആർ തയ്യാറാക്കൽ) & സംസ്ഥാന ജൈവവൈവിധ്യ ബോർഡിന് സമർപ്പിക്കൽ – 2 മാസം

» **ക്രോഡീകരണം:** ശേഖരിച്ച വിവരങ്ങളുടെ ക്രോഡീകരണത്തിനായി മികച്ച പ്രകടനം കാഴ്ചവെയ്ക്കുന്ന വോളന്റിയർമാരിൽ നിന്നും പത്തിൽ കുറയാത്തവരെ സ്ക്രൈബേഴ്സായി തിരഞ്ഞെടുക്കുക. പ്രസ്തുത വോളന്റിയർമാരും, വിഷയ വിദഗ്ദ ഗ്രൂപ്പും ചേർന്നാണ് ക്രോഡീകരിച്ച വിവരങ്ങളുടെ ഹാർഡ് കോപ്പിയും, ഇ–പി.ബി.ആറും തയ്യാറാക്കേണ്ടത്. ക്രോഡീകരണ വേളയിൽ, ഓരോ മേഖലയിലും ശേഖരിച്ച വിവരങ്ങളുടെ സാധുത അതത് മേഖലകളിൽ തദ്ദേശഭരണ സ്ഥാപനങ്ങളിൽ പ്രവർത്തിച്ചുവരുന്ന ബന്ധപ്പെട്ട ഓഫീസർമാർ മുഖേന പരിശോധിച്ച് ഉറപ്പുവരുത്തേണ്ടതാണ്. (ഉദാ: കാർഷിക മേഖലയിലെ വിവരങ്ങൾ കൃഷി ഓഫീസറും, മത്സ്യബന്ധന മേഖലയിലെ വിവരങ്ങൾ ഫിഷറീസ് സബ് ഇൻസ്പെക്ടർ/ വെറ്ററനറി ഓഫീസർ എന്നിവർ പരിശോധിച്ച് സാധുത ഉറപ്പുവരുത്തേണ്ടതാണ്).

» **വിലയിരുത്തൽ** – ക്രോഡീകരിച്ച വിവരങ്ങൾ മേൽനോട്ട സമിതി, പി.ബി.ആർ. തയ്യാറാക്കുന്നതിനുള്ള വിഷയ വിദഗ്ദ ഗ്രൂപ്പ്, കെ.എസ്.ബി.ബി. ജില്ലാകോർഡിനേർ എന്നിവർ വിലയിരുത്തി ബി.എം.സി. യ്ക്ക് നൽകേണ്ടതും, ആവശ്യമുള്ള പക്ഷം വിവരങ്ങളുടെ ശാസ്ത്രീയ വിശകലനത്തിന് (ശാസ്ത്രീയ നാമം ഉൾപ്പെടെ) ജില്ലാതല ടി.എസ്.ജി.യുടെ സേവനം പ്രയോജനപ്പെടുത്താവുന്നതുമാണ്.

» **ഡാറ്റാ എൻട്രി**:– പി.ബി.ആർ. രണ്ടാം ഭാഗം ഹാർഡ് കോപ്പി, ഇ–പി.ബി.ആർ. എന്നിവ തയ്യാറാക്കുന്നതിന് ഒരാളെ രണ്ടുമാസത്തിൽ അധികരിക്കാത്ത കാലയളവിലേക്ക് നിയോഗിക്കാവുന്നതാണ്. കുറഞ്ഞത് പ്ലസ്ടു/വി.എച്ച്.എസ്.ഇ. (തത്തുല്യം) തലത്തിൽ ബയോളജിക്കൽ സയൻസ്, കമ്പ്യൂട്ടർ പരിജ്ഞാനം, മലയാളം ഡാറ്റാ എൻട്രി യോഗ്യതയുള്ളവരെയാണ് നിയോഗിക്കേണ്ടത്. പഞ്ചായത്തിലെ നിലവിലെ ടെക്നിക്കൽ അസിസ്റ്റന്റുമാരുടെ ഉത്തരവാദിത്തത്തിലാവണം ഡാറ്റാ എൻട്രി നടത്തേണ്ടത്.

» **അംഗീകാരം നൽകൽ**:– തയ്യാറാക്കിയ പി.ബി.ആർ. (രണ്ടാം ഭാഗം) ബി.എം.സി. അംഗീകരിച്ച ശേഷം, പഞ്ചായത്ത്/ മുനിസിപ്പാലിറ്റി/ കോർപ്പറേഷൻ ഭരണസമിതി അംഗീകരിച്ച തീരുമാനം സഹിതം പി.ബി.ആർ. രണ്ടാം ഭാഗത്തിന്റെ പകർപ്പ് (സോഫ്റ്റ് കോപ്പി സഹിതം) കെ.എസ്.ബി.ബി. യ്ക്ക് സമർപ്പിക്കുക.

» പി.ബി.ആർ. അന്തിമമാക്കുന്നതോടൊപ്പം, മേൽനോട്ട സമിതിയും, നിർവ്വഹണ സമിതിയും, പി.ബി.ആർ. തയ്യാറാക്കുന്നതിനുള്ള വിഷയ വിദഗ്ദ ഗ്രൂപ്പും സംയുക്തമായിട്ട്, പി.ബി.ആറിനെ ആധാരമാക്കി പഞ്ചായത്ത്/ മുനിസിപ്പാലിറ്റി/ കോർപ്പറേഷൻ തലത്തിൽ നടപ്പിലാക്കേണ്ട ജൈവവൈവിധ്യ സംരക്ഷണ പദ്ധതികൾ മുൻഗണനാക്രമത്തിൽ തയ്യാറാക്കി പി.ബി.ആറിന്റെ അനുബന്ധമായി ഉൾപ്പെടുത്തേണ്ടതാണ്. വാർഷിക പദ്ധതി

തയ്യാറാക്കുമ്പോൾ 'ജൈവവൈവിധ്യ മാനേജ്മെന്റ്, കാലാവസ്ഥാ വ്യതിയാനം, പരിസ്ഥിതി സംരക്ഷണം, ദുരന്ത നിവാരണം' എന്ന മേഖലയിലെ വർക്കിംഗ് ഗ്രൂപ്പിന്റെ അടിസ്ഥാനത്തിലും, നിലവിലുള്ള അവസ്ഥയിലും ആവശ്യമായ പദ്ധതി ഏറ്റെടുക്കുന്നതിന് തദ്ദേശഭരണ സ്ഥാപനങ്ങൾക്ക് നിർദ്ദേശം നൽകേണ്ടതാണ്. സുസ്ഥിര വികസന ലക്ഷ്യങ്ങൾ കൈവരിക്കുന്നതിന് പ്രാദേശികതലത്തിൽ നടപ്പിലാക്കേണ്ട പ്രവർത്തനങ്ങൾ പ്രത്യേകമായി കർമ്മപദ്ധതിയിൽ ഉൾപ്പെടുത്തേണ്ടതാണ്.

» **പി.ബി.ആർ. പ്രകാശന ശില്പശാല:–** പൊതുജനങ്ങളുടെ അറിവിലേക്കായി പി.ബി.ആർ. പ്രകാശനം ചെയ്യുക.

» ***മാതൃകാ ബജറ്റ് (20 വാർഡുകൾക്ക്) – ആകെ 5.25 ലക്ഷം**

| നം | ഇനം | തുക |
|---|---|---|
| 1 | കൂടിയാലോചന യോഗം (പ്രാഥമികതലം), ഫോക്കൽ ഗ്രൂപ്പ് ചർച്ച (തദ്ദേശസ്ഥാപനതലം), പി.ബി.ആർ വിശകലനം, ക്രോഡീകരണ വിലയിരുത്തൽ, തുടങ്ങിയ യോഗങ്ങളുടെ നടത്തിപ്പ്, ടി.എ. തുടങ്ങിയവ (തദ്ദേശസ്ഥാപനത്തിനകത്തുള്ള യാത്രയ്ക്ക് പ്രതിദിനം രൂ.125/– രൂപ നിരക്കിൽ ടി.എ. ലഭ്യമാക്കാവുന്നതാണ്) | 50,000/- |
| 2 | പരിശീലനങ്ങൾ | 20,000/- |
| 3 | വിവരശേഖരണ വോളന്റിയർമാർക്ക് യാത്ര, ഭക്ഷണം എന്നിവയ്ക്കായുള്ള ഓണറേറിയം (ഒരാൾക്ക് ഒരുമാസം പരമാവധി 5000/– രൂപാ വീതം (പ്രതിദിനം രൂ.150/– രൂപ നിരക്കിൽ) ആകെ രണ്ടു മാസം, ഒരു വാർഡിൽ കുറഞ്ഞത് 2 വോളന്റിയർമാർ വീതം) (20 വാർഡ്) (@5000 x 2 x 2 x 20) | 4,00,000/- |
| 4 | ക്രോഡീകരണ ഓണറേറിയം (@1500 x 10) | 15,000/- |
| 5 | ഡാറ്റാ എൻട്രി | 15,000/- |
| 6 | പ്രിന്റിംഗ് (ഫോറങ്ങൾ & പി.ബി.ആർ.), പലവക | 25,000/- |
| | ആകെ | 5,25,000/- |

**പഞ്ചായത്ത്/മുനിസിപ്പാലിറ്റി/കോർപ്പറേഷനുകളുടെ പ്രാദേശിക സാഹചര്യങ്ങൾക്കനുസരിച്ച് ഫണ്ട് വിനിയോഗത്തിൽ മാറ്റങ്ങൾ വരുത്താവുന്നതാണ്. അതത് ഭരണസമിതികൾ ഫണ്ട് വകയിരുത്തൽ സംബന്ധിച്ച അന്തിമ തീരുമാനം ബി.എം.സി. ശുപാർശ കൂടി പരിഗണിച്ച് നടപ്പിലാക്കേണ്ടതാണ്. യാത്രാക്ലേശമുള്ള സ്ഥലങ്ങൾ, വനാതിർത്തി പ്രദേശങ്ങൾ എന്നിവിടങ്ങളിൽ പ്രത്യേക പരിഗണന നൽകേണ്ടതാണ്.

## വിവരശേഖരണ ഫോറങ്ങൾ

ജൈവവൈവിധ്യ വിവരങ്ങൾ രേഖപ്പെടുത്തുവാനുള്ള മാതൃകാഫോറങ്ങൾ ദേശീയ ജൈവവൈവിധ്യ അതോറിറ്റിയാണ് രൂപകൽപ്പന ചെയ്തിട്ടുള്ളത്. നിലിവിലെ പി.ബി.ആറിലെ ന്യൂനതകൾ പരിഹരിക്കുന്നതിനും, അധിക വിവരങ്ങൾ ചേർക്കുന്നതിനും സഹായകമാകും വിധത്തിൽ പ്രസ്തുത ഫോറങ്ങളിൽ ചില മാറ്റങ്ങൾ വരുത്തിയാണ് പി.ബി.ആർ. രണ്ടാം ഭാഗം തയ്യാറാക്കുന്നത്.

ഒരു പഞ്ചായത്ത്/മുനിസിപ്പാലിറ്റി/കോർപ്പറേഷനിൽ പി.ബി.ആർ. തയ്യാറാക്കുന്നതിന് 2 പ്രധാന ഭാഗങ്ങളിലായി 45 വിവിധ തരം ഫോറങ്ങളാണുള്ളത്. അവയെ 27 ഫോറങ്ങളായി രണ്ടാം ഭാഗത്തിൽ പുനക്രമീകരിച്ച് ലഘൂകരിച്ചിട്ടുണ്ട്.

ഭാഗം – I – പഠനപ്രദേശത്തെ (പഞ്ചായത്ത്/മുനിസിപ്പാലിറ്റി/കോർപ്പറേഷൻ) സംബന്ധിച്ച വിവരങ്ങൾ രേഖപ്പെടുത്താനുള്ള 6 തരം ഫോറങ്ങൾ (1.1 മുതൽ 1.6 വരെ)

ഭാഗം – II ജൈവവൈവിധ്യ ഫോറങ്ങൾ ഒന്നാം ഭാഗത്തിൽ അഞ്ച് ഉപവിഭാഗങ്ങളിലുണ്ടായിരുന്ന ഫോറങ്ങൾ മൂന്ന് ഉപവിഭാഗങ്ങളിലായി രണ്ടാം ഭാഗത്തിൽ ഉൾപ്പെടുത്തിയിരിക്കുന്നു.

ഒന്നാം ഉപവിഭാഗം 2.1 കാർഷിക ജൈവവൈവിധ്യം (Agrobiodiversity) സംബന്ധിച്ച വിവരങ്ങൾ രേഖപ്പെടുത്തുവാനുള്ള 10 തരം ഫോറങ്ങൾ (2.1.1 മുതൽ 2.1.10 വരെ)

രണ്ടാം ഉപവിഭാഗം 2.2. കാർഷികേതര ജൈവവൈവിധ്യം (Biodiversity in other human inhabited landscapes) സംബന്ധിച്ച വിവരങ്ങൾ രേഖപ്പെടുത്തുവാനുള്ള 9 തരം ഫോറങ്ങൾ (2.2.1 മുതൽ 2.2.9 വരെ)

മൂന്നാം ഉപവിഭാഗം 2.3. ആവാസവ്യവസ്ഥാവൈവിധ്യം (Ecosystem Diversity) സംബന്ധിച്ച വിവരങ്ങൾ ശേഖരിക്കാനുള്ള ഒരു ഫോറം.

നാലാം ഉപവിഭാഗം 2.4. പൂർവ്വാനുമതിപത്രം (Prior Informed Consent – PIC) പരമ്പരാഗത അറിവുടമകളിൽ നിന്നും ലഭ്യമാകുന്ന അറിവുകൾ പി.ബി.ആറിൽ രേഖപ്പെടുത്തി സംരക്ഷിക്കുന്നതിന്റെ ഭാഗമായി പൂർവ്വാനുമതി പത്രത്തിന്റെ ഫോറവും ഉൾപ്പെടുത്തിയിട്ടുണ്ട്. ഒരോ അറിവുടമകളിൽ നിന്നും വെവ്വേറെ ഫോറങ്ങളിൽ വിവരങ്ങൾ ശേഖരിക്കേണ്ടതാണ്.

## പി.ബി.ആർ. (രണ്ടാം ഭാഗം) തയ്യാറാക്കൽ പ്രക്രിയ – രൂപരേഖ



# ജനകീയ ജൈവവൈവിധ്യ രജിസ്റ്റർ
(People's Biodiversity Register)

# വിവരശേഖരണ ഫോറങ്ങൾ

## ഭാഗം 1 : പൊതുവിവരങ്ങൾ
**(ഫോറങ്ങൾ 1.1. മുതൽ 1.6. വരെ)**

### 1.1. പഞ്ചായത്ത്/മുനിസിപ്പാലിറ്റി/നഗരസഭ എന്നിവ സംബന്ധിച്ച വിശദാംശങ്ങൾ

| | | |
|---|---|---|
| 1 | പഞ്ചായത്തിന്റെ/മുനിസിപ്പാലിറ്റിയുടെ/നഗരസഭ യുടെ പേര് | |
| 2 | ഉൾപ്പെടുന്ന വില്ലേജുകളുടെ എണ്ണം, പേര് | |
| 3 | താലൂക്ക് | |
| 4 | ജില്ല | |
| 5 | ഭൂവിസ്തൃതി (ച.കി.) | |
| 6 | ജനസംഖ്യ (ആകെ) | |
| | സ്ത്രീകൾ | |
| | പുരുഷന്മാർ | |
| | ട്രാൻസ്ജെൻഡറുകൾ | |
| 6(1) | കാണപ്പെടുന്ന ഗോത്രവർഗ്ഗ വിഭാഗങ്ങൾ | |
| 6(2) | ഒരോ ഗോത്ര വിഭാഗങ്ങളുടെയും ആകെ ജനസംഖ്യ | |
| | സ്ത്രീകൾ | |
| | പുരുഷന്മാർ | |
| | ട്രാൻസ്ജെൻഡറുകൾ | |
| | കുടുംബങ്ങളുടെ എണ്ണം | |
| | കാണപ്പെടുന്ന സ്ഥലങ്ങൾ/ ഊരുകൾ | |
| 7 | സെൻസസ് ടൗൺ മാപ്പിംഗിൽ ഉൾപ്പെട്ട പ്രദേശ മാണോ?<br>(ഗ്രാമപഞ്ചായത്തുകൾക്ക് മാത്രം ബാധകം)* | |
| 8 | 2018 ലെ പ്രളയബാധിത വില്ലേജുകൾ ഉൾപ്പെടുന്നുണ്ടോ?<br>ഉണ്ടെങ്കിൽ അവ ഏതെല്ലാം? | |
| 9 | ഭൂപ്രകൃതിയും ആവാസ കേന്ദ്രവും (തീരപ്രദേശമുണ്ടെങ്കിൽ പ്രത്യേകം സൂചിപ്പിക്കുക)* | |
| 10 | കാലാവസ്ഥ (വർഷപാതം, താപനില, മറ്റു കാലാവസ്ഥാ ഘടകങ്ങൾ)<br>(പൊതുവായ അവസ്ഥ) | |
| | കഴിഞ്ഞ 5–10 വർഷക്കാലയളവിൽ കാലാവസ്ഥയിലുണ്ടായിട്ടുള്ള പ്രകടമായ മാറ്റങ്ങൾ | |
| 11 | ഭൂവിനിയോഗം (വില്ലേജുകളിൽ 9 ഇനം ഭൂവിനിയോഗ തരംതിരിവ് രേഖ ലഭ്യമാണ്). | |
| 12 | കാലാവസ്ഥാ വ്യതിയാനം മൂലമുള്ള ദുരന്തസാധ്യതാ മേഖലകൾ സംബന്ധിക്കുന്ന വിവരങ്ങൾ (ദുരന്തനിവാരണ അതോറിറ്റി ദുരന്തസാധ്യതാ പ്രദേശങ്ങളായി പട്ടികപ്പെടുത്തിയിട്ടുള്ള മേഖലകൾ)<br>(ഉദാ: പ്രളയം, ഉരുൾപ്പൊട്ടൽ, മണ്ണിടിച്ചിൽ, കടൽക്ഷോഭം, തുടങ്ങിയവ) | |

| | | |
|---|---|---|
| 13 | ബോർഡിന്റെ നേതൃത്വത്തിൽ<br>ജനകീയ ജൈവവൈവിധ്യ രജിസ്റ്റർ (ആദ്യ ഭാഗം)<br>തയ്യാറാക്കിയ തീയതിയും മാസവും വർഷവും | |
| 14 | താഴെപ്പറയുന്ന സംരക്ഷിത മേഖലകളിൽ ഉൾപ്പെടുന്ന പ്രദേശങ്ങൾ ഉണ്ടോ?<br><br>ഉണ്ടെങ്കിൽ പ്രസ്തുത പ്രദേശങ്ങളുടെ വിസ്തൃതിയുൾപ്പെടെയുള്ള വിശദാംശങ്ങൾ | |
| | 1. സംരക്ഷിത വനം | |
| | 2. രാംസർ സൈറ്റുകൾ | |
| | 3. തീരദേശ പരിപാലന പ്രദേശം | |
| | 4. കമ്മ്യൂണിറ്റി റിസർവ്വുകൾ | |
| | 5. പരിസ്ഥിതി ലോല മേഖലകൾ | |
| | 6. കരുതൽ മേഖല | |
| | 7. മറ്റു സംരക്ഷിത പ്രദേശങ്ങൾ<br>(ഉദാ:- ജൈവവൈവിധ്യ പൈതൃക കേന്ദ്രങ്ങൾ, പ്രാദേശിക ജൈവവൈവിധ്യ പൈതൃക കേന്ദ്രങ്ങൾ, ജൈവവൈവിധ്യ പാർക്കുകൾ, കൊറ്റില്ലങ്ങൾ, തുടങ്ങിയവ) | |
| 15 | ജനവാസമേഖല/ കൃഷിയിടങ്ങളിൽ വന്യജീവികളുടെ പ്രവേശനമുണ്ടോ? ഉണ്ടെങ്കിൽ ഏവ? | |

*കോളം 7: 03.09.2021 ലെ സ.ഉ. (കൈ)നം. 192/2021/ത.സ്വ.ഭ.വ. നമ്പർ ഉത്തരവ് പ്രകാരം പൂർണ്ണമായോ ഭാഗികമായോ നഗരപ്രദേശങ്ങളായി പട്ടികപ്പെടുത്തിയിട്ടുള്ള സെൻസസ് ടൗണുകളിൽ ഉൾപ്പെട്ടിട്ടുള്ള ഗ്രാമപഞ്ചായത്തുകളാണോ എന്ന് വ്യക്തമാക്കുക. (website - https://go.lsgkerala.gov.in)

കോളം 8: 03.10.2018 ലെ സ.ഉ.(അച്ചടി)നം.6/2018/ഡി.എം.ഡി നമ്പർ ഉത്തരവ് പ്രകാരമുള്ള പ്രളയബാധിത വില്ലേജുകളുടെ പട്ടിക https://keralaagriculture.gov.in എന്ന വെബ്സൈറ്റിൽ ലഭ്യമാണ്

കോളം 9. ഭൂപ്രകൃതിയും ആവാസ കേന്ദ്രങ്ങളും
ആവാസകേന്ദ്രം : ഭൂരൂപങ്ങളുടെ ഒറ്റയ്ക്കോ ചേർന്നതോ ആയ ഉപവിഭാഗങ്ങളുടെ പട്ടിക അനുബന്ധം 6 ൽ രേഖപ്പെടുത്തിയിട്ടുണ്ട്. അതിൽ നിന്ന് അനുയോജ്യമായത് തെരഞ്ഞെടുത്ത് എഴുതുക.
ഭൂപ്രകൃതി: 1. സമതലം, 2. കുന്നുകളും താഴ്വരകളും 3. മലമ്പ്രദേശം 4. മിതമായ ചരിവുള്ള 5. നല്ല ചരിവുള്ള.

കോളം: 10. കാലാവസ്ഥ (വർഷപാതം, താപനില, മറ്റു കാലാവസ്ഥാ ഘടകങ്ങൾ)
മഴയുടെ അളവ്, ഊഷ്മാവ്, മറ്റു കാലാവസ്ഥാപരമായ സ്വഭാവങ്ങൾ തുടങ്ങിയവയൊക്കെ മിക്ക പഞ്ചായത്തുകളിലേയും വികസനരേഖയിൽ പ്രതിപാദിച്ചിട്ടുണ്ട്.

കോളം 14 ഇത് എല്ലാ തദ്ദേശ സ്വയംഭരണസ്ഥാപനങ്ങൾക്കും പ്രസക്തമല്ല. ആ ഫോറത്തിൽ പറഞ്ഞിട്ടുള്ള വിഭാഗങ്ങളിലേതെങ്കിലുമുള്ള പരിപാലനമേഖലയിൽ വരുന്ന പഞ്ചായത്താണെങ്കിൽ മാത്രം ആ വിവരം രേഖപ്പെടുത്തിയാൽ മതി.

**1.2 പഠനപ്രദേശത്തെ താമസക്കാരായ വൈദ്യന്മാർ, ഹക്കിമുകൾ, പാരമ്പര്യ ചികിത്സകർ (മനുഷ്യനും വളർത്തുമൃഗങ്ങൾക്കും) എന്നിവരെ സംബന്ധിക്കുന്ന വിവരങ്ങളും അവർ തദ്ദേശസ്വയംഭരണ സ്ഥാപനത്തിന്റെ അതിർത്തിക്കുള്ളിലുള്ള ജൈവവിഭവങ്ങളാണോ ഉപയോഗപ്പെടുത്തുന്നത് എന്നത് സംബന്ധിക്കുന്ന വിവരങ്ങളും**.

| | | |
|---|---|---|
| 1 | പേര്<br>വയസ്സ്<br>ലിംഗം<br>ഔദ്യോഗിക പദവി (ഉണ്ടെങ്കിൽ)<br>വിലാസം | |
| 2 | പ്രാവീണ്യം നേടിയ മേഖല | |
| 3 | അറിവിന്റെ ഉറവിടം | |
| 4 | ശേഖരിക്കുന്ന ജൈവ വിഭവങ്ങൾ ഏവ, അവയുടെ ലഭ്യത | |
| 5 | ജൈവവിഭവം ശേഖരിക്കുന്ന സ്ഥലം സ്വയംഭരണസ്ഥാപനത്തിനകത്ത് / പുറത്ത്<br>(പുറത്തു നിന്നാണെങ്കിൽ എവിടെ നിന്നാണെന്ന് വ്യക്തമാക്കുക) | |
| 6 | ആവശ്യമായ ജൈവവിഭവങ്ങൾ സ്വയം കൃഷിചെയ്യുന്നുണ്ടോ?<br>(ഉണ്ടെങ്കിൽ, അവ ഏതെല്ലാം, കൃഷി ചെയ്യുന്ന പ്രദേശത്തിന്റെ വിസ്തൃതി എന്നിവ വിശദമാക്കുക.) | |
| 7 | പ്രസ്തുത ജൈവവിഭവങ്ങളുടെ ഉപയോഗത്തിലും, ബന്ധപ്പെട്ട അറിവുകൾ നിലനിർത്തുന്നതിലും നേരിടുന്ന വെല്ലുവിളികൾ | |

ഈ ലിസ്റ്റ് തയ്യാറാക്കുമ്പോൾ, പ്രസ്തുത വിഭാഗത്തിൽപ്പെടുന്ന പഞ്ചായത്തിലെ എല്ലാ ആളുകളേയും ഉൾക്കൊള്ളിക്കേണ്ടതാണ്. നാട്ടുകാർക്ക് നന്നായറിയാവുന്നതും, പഞ്ചായത്ത് കമ്മിറ്റി അംഗങ്ങളോടും മറ്റു സാമൂഹ്യ പ്രവർത്തകരോടും കൂടിയാലോചിച്ചും പട്ടിക തയ്യാറാക്കുക.

കോളം 2: ഒരു വ്യക്തിയുടെ പ്രത്യേകമേഖല രേഖപ്പെടുത്തുമ്പോൾ, അത് പൊതുവായി പറയുന്നതുകൂടാതെ ഏത് പ്രത്യേക തരത്തിലുള്ള വൈദഗ്ദ്യമാണ് ഉള്ളത് എന്നും എടുത്തുപറയേണ്ടതാണ്. ഉദാഹരണത്തിന് വൈദ്യനാണെങ്കിൽ ഏത് രോഗത്തിനുള്ള ചികിത്സയാണ് നൽകുന്നത് എന്നും ഏതുതരം ചികിത്സയിലാണ് കൂടുതൽ പ്രാവീണ്യം എന്നും രേഖപ്പെടുത്തേണ്ടതാണ് (വിഷ ചികിത്സ, മഞ്ഞപ്പിത്തം, തുടങ്ങിയവ).

കോളം 4: ജൈവവിഭവത്തിന്റെ ലഭ്യതയെക്കുറിച്ചുള്ള പ്രസ്തുത വ്യക്തിയുടെ കാഴ്ചപ്പാട് അതേപടി ഫോറത്തിൽ രേഖപ്പെടുത്തേണ്ടതാണ്. വിവരശേഖരണം നടത്തുന്നയാൾ ഈ കാഴ്ചപ്പാട് വിലയിരുത്തി താഴെക്കൊടുത്തിരിക്കുന്നവയിൽ നിന്ന് ഒരെണ്ണം തെരഞ്ഞെടുത്ത് എഴുതേണ്ടതാണ്.

1. വളരെ കുറവാണ്   2. ലഭ്യത കുറയുന്നു  3. ലഭ്യമാണ്   4. ധാരാളം ലഭ്യമാണ്.

കോളം 5: ജൈവവിഭവ ശേഖരണം ഏത് പ്രദേശത്തുനിന്നെന്ന ചോദ്യത്തിന് പഞ്ചായത്തിനുള്ളിലോ പുറത്തോ എവിടെ നിന്നെല്ലാം ശേഖരിക്കുന്നുണ്ടെന്നുള്ള വിവരം കൃത്യമായി രേഖപ്പെടുത്തണം.

**1.3 കൃഷി, മത്സ്യസമ്പത്ത്, വനം എന്നിവയുമായി ബന്ധപ്പെട്ട ജൈവവൈവിധ്യത്തെ സംബന്ധിക്കുന്ന നാട്ടറിവുകൾ സൂക്ഷിക്കുന്ന ആളുകളെക്കുറിച്ചുള്ള വിവരങ്ങൾ**

| | | |
|---|---|---|
| 1 | പേര്<br>വയസ്സ്<br>ലിംഗം<br>ഓദ്യോഗിക പദവി (ഉണ്ടെങ്കിൽ)<br>വിലാസം | |
| 2 | പ്രാവീണ്യം നേടിയ മേഖല | |
| 3 | അറിവിന്റെ ഉറവിടം | |
| 4 | ശേഖരിക്കുന്ന ജൈവ വിഭവങ്ങൾ<br>ഏവ, അവയുടെ ലഭ്യത | |
| 5 | ജൈവവിഭവം ശേഖരിക്കുന്ന സ്ഥലം<br>സ്വയംഭരണസ്ഥാപനത്തിനകത്ത് /<br>പുറത്ത്<br>(പുറത്തു നിന്നാണെങ്കിൽ എവിടെ<br>നിന്നാണെന്ന് വ്യക്തമാക്കുക) | |
| 6 | ആവശ്യമായ ജൈവവിഭവങ്ങൾ<br>സ്വയം കൃഷിചെയ്യുന്നുണ്ടോ?<br>(ഉണ്ടെങ്കിൽ, അവ ഏതെല്ലാം, കൃഷി<br>ചെയ്യുന്ന പ്രദേശത്തിന്റെ വിസ്തൃതി<br>എന്നിവ വിശദമാക്കുക.) | |
| 7 | പ്രസ്തുത ജൈവവിഭവങ്ങളുടെ<br>ഉപയോഗത്തിലും, ബന്ധപ്പെട്ട<br>അറിവുകൾ നിലനിർത്തുന്നതിലും<br>നേരിടുന്ന വെല്ലുവിളികൾ | |

പട്ടികയിൽ ഉൾപ്പെട്ടിട്ടുള്ള വ്യക്തികളുടെ പക്കലുള്ള നാട്ടറിവ് ഇവിടെ രേഖപ്പെടുത്തേണ്ടതില്ല. ഏത് മേഖലയിൽ/ വിഭാഗത്തിലാണ് അറിവ് ഉള്ളത് എന്ന് മാത്രം രേഖപ്പെടുത്തിയാൽ മതി. നാട്ടുകാർക്ക് നന്നായറിയാവുന്നതും പഞ്ചായത്ത് കമ്മിറ്റി അംഗങ്ങളോടും മറ്റു സാമൂഹ്യ പ്രവർത്തകരോടും, അനുബന്ധ വകുപ്പ് ഉദ്യോഗസ്ഥരോടും കൂടിയാലോചിച്ച് പട്ടിക തയ്യാറാക്കുക.

**1.4 ആചാരാനുഷ്ഠാനങ്ങൾ, പരമ്പരാഗത കലാരൂപങ്ങൾ എന്നിവയുമായി ബന്ധപ്പെട്ട് ഉപയോഗിച്ചുവരുന്ന ജൈവവൈവിധ്യത്തെ സംബന്ധിക്കുന്ന നാട്ടറിവുകൾ സൂക്ഷിക്കുന്ന ആളുകളെക്കുറിച്ചുള്ള വിവരങ്ങൾ.**

| | | |
|---|---|---|
| 1 | പേര്<br>വയസ്സ്<br>ലിംഗം<br>ഔദ്യോഗിക പദവി (ഉണ്ടെങ്കിൽ)<br>വിലാസം | |
| 2 | ജൈവവൈവിധ്യം ഉപയോഗിക്കുന്ന ആചാരാനുഷ്ഠാനങ്ങൾ<br>(ഉദാ: കളമെഴുത്ത്, മതപരമായ അനുഷ്ഠാനങ്ങൾക്കായി ഉപയോഗിക്കുന്നവ (ഓടപ്പൂവ്), തുടങ്ങിയവ) | |
| 3 | പരമ്പരാഗത കലാരൂപങ്ങൾ<br>(തെയ്യം, പടയണി, കഥകളി തുടങ്ങിയവ) | |
| 4 | അറിവിന്റെ ഉറവിടം | |
| 5 | ശേഖരിക്കുന്ന ജൈവ വിഭവങ്ങൾ ഏവ, അവയുടെ ലഭ്യത | |
| 6 | ജൈവവിഭവം ശേഖരിക്കുന്ന സ്ഥലം സ്വയംഭരണസ്ഥാപനത്തിനകത്ത് / പുറത്ത്<br>(പുറത്തു നിന്നാണെങ്കിൽ എവിടെ നിന്നാണെന്ന് വ്യക്തമാക്കുക) | |
| 7 | ആചാരാനുഷ്ഠാനങ്ങളിൽ/ പരമ്പരാഗത കലാരൂപങ്ങളിൽ പ്രസ്തുത ജൈവവിഭവങ്ങളുടെ ഉപയോഗരീതി | |
| 8 | പ്രസ്തുത ജൈവവിഭവങ്ങളുടെ ഉപയോഗത്തിലും, ബന്ധപ്പെട്ട അറിവുകൾ നിലനിർത്തുന്നതിലും നേരിടുന്ന വെല്ലുവിളികൾ | |

പട്ടികയിൽ ഉൾപ്പെട്ടിട്ടുള്ള വ്യക്തികളുടെ പക്കലുള്ള നാട്ടറിവ് ഇവിടെ രേഖപ്പെടുത്തേണ്ടതില്ല. ഏത് മേഖലയിൽ/ വിഭാഗത്തിലാണ് അറിവ് ഉള്ളത് എന്ന് മാത്രം രേഖപ്പെടുത്തിയാൽ മതി. നാട്ടുകാർക്ക് നന്നായറിയാവുന്നതും പഞ്ചായത്ത് കമ്മിറ്റി അംഗങ്ങളോടും മറ്റു സാമൂഹ്യ പ്രവർത്തകരോടും, അനുബന്ധ വകുപ്പ് ഉദ്യോഗസ്ഥരോടും കൂടിയാലോചിച്ച് പട്ടിക തയ്യാറാക്കുക.

## 1.5 ജൈവവിഭവ ശേഖരണത്തെ സംബന്ധിച്ച വിവരങ്ങൾ

### (എ) വാണിജ്യാടിസ്ഥാനത്തിലുള്ള ഉപയോഗം സംബന്ധിച്ച്

| | | | | | | |
|---|---|---|---|---|---|---|
| 1 | വ്യക്തി/സ്ഥാപനം/കമ്പനി മുതലായവയുടെ പേരും വിലാസവും | | | | | |
| 2 | വ്യക്തികൾ / ഇടനിലക്കാർ വാണിജ്യാവശ്യത്തിനായി ശേഖരിക്കുന്ന ജൈവവിഭവങ്ങൾ സംബന്ധിക്കുന്ന വിവരങ്ങൾ | | | | ശേഖരിക്കുന്ന സ്ഥലം | |
| | | ജൈവ വിഭവങ്ങൾ | ഏകദേശ അളവ്/ എണ്ണം | ശേഖരിക്കുന്ന ഭാഗം | തദ്ദേശസ്ഥാപനത്തിനകത്ത് (സ്ഥലം വ്യക്തമാക്കുക) | തദ്ദേശസ്ഥാപനത്തിനു പുറത്തു നിന്നും (സ്ഥലം വ്യക്തമാക്കുക) |
| | | | | | | |
| 3 | വാണിജ്യാവശ്യത്തിനായി വിവിധ സ്ഥാപനങ്ങൾ ശേഖരിക്കുന്ന ജൈവവിഭവങ്ങൾ സംബന്ധിക്കുന്ന വിവരങ്ങൾ | | | | ശേഖരിക്കുന്ന സ്ഥലം | |
| | | ജൈവ വിഭവങ്ങൾ | ഏകദേശ അളവ്/ എണ്ണം | ശേഖരിക്കുന്ന ഭാഗം | തദ്ദേശസ്ഥാപനത്തിനകത്ത് (സ്ഥലം വ്യക്തമാക്കുക) | തദ്ദേശസ്ഥാപനത്തിനു പുറത്തു നിന്നും (സ്ഥലം വ്യക്തമാക്കുക) |
| | | | | | | |
| 4 | വാണിജ്യാവശ്യത്തിനായി വിവിധ കമ്പനികൾ/ ഫാക്ടറികൾ ശേഖരിക്കുന്ന ജൈവവിഭവങ്ങൾ സംബന്ധിക്കുന്ന വിവരങ്ങൾ | | | | ശേഖരിക്കുന്ന സ്ഥലം | |
| | | ജൈവ വിഭവങ്ങൾ | ഏകദേശ അളവ്/ എണ്ണം | ശേഖരിക്കുന്ന ഭാഗം | തദ്ദേശസ്ഥാപനത്തിനകത്ത് (സ്ഥലം വ്യക്തമാക്കുക) | തദ്ദേശസ്ഥാപനത്തിനു പുറത്തു നിന്നും (സ്ഥലം വ്യക്തമാക്കുക) |
| | | | | | | |

1. ജൈവവിഭവങ്ങൾ ശേഖരിച്ച് വാണിജ്യോപയോഗത്തിനായി വിൽപ്പന നടത്തുന്ന വ്യക്തികൾ, ഇടനിലക്കാർ, ജൈവവൈവിധ്യം ഉപയോഗിച്ച് പ്രവർത്തിക്കുന്ന വൻകിട വ്യവസായ സ്ഥാപനങ്ങൾ, ചെറികിട വ്യവസായ സ്ഥാപനങ്ങൾ, മരക്കച്ചവട സ്ഥാപനങ്ങൾ, നഴ്സറികൾ, അലങ്കാര സസ്യജന്തുജാലങ്ങളുടെ വില്പന കേന്ദ്രങ്ങൾ, അങ്ങാടിക്കടകൾ/ പച്ചമരുന്നു കടകൾ, ഇക്കോഷോപ്പുകൾ, കുടുംബശ്രീ ഔട്ടലെറ്റുകൾ, ജൈവവള നിർമ്മാണ വിതരണ കേന്ദ്രങ്ങൾ, കരകൗശല നിർമ്മാണ വിപണന കേന്ദ്രങ്ങൾ, തുടങ്ങിയവയെക്കുറിച്ചുള്ള വിശദാംശങ്ങൾ.

കുറിപ്പ്: തദ്ദേശസ്ഥാനപങ്ങളിൽ നിന്നും വാണിജ്യാടിസ്ഥാനത്തിലുള്ള ഉപയോഗത്തിനായി ശേഖരിക്കപ്പെടുന്ന ജൈവവിഭവങ്ങളുടെ വിശദാംശങ്ങൾ, അവയുടെ ശേഖരണത്തിനായി ബി.എം.സി. നൽകിയ അനുമതി, ശേഖരണ ഫീസ് എന്നിവ സംബന്ധിക്കുന്ന വിശദാംശങ്ങളുടെ പ്രത്യേക രജിസ്റ്ററുകൾ ബി.എം.സി. കൾ നിർബന്ധമായും സൂക്ഷിക്കേണ്ടതാണ്. ജൈവവൈവിധ്യ പരിപാലന കമ്മിറ്റി അനുമതിയുടെയും,പഞ്ചായത്തിന്റെ അംഗീകാരം ലഭിച്ചതിന്റെയും തീയതികൾ രേഖപ്പെടുത്തണം.

## 1.5 ജൈവവിഭവ ശേഖരണത്തെ സംബന്ധിച്ച വിവരങ്ങൾ

### (ബി) വാണിജ്യേതര ഉപയോഗം സംബന്ധിച്ച്

<table>
<tr><td>1</td><td>വ്യക്തിയുടെ പേരും വിലാസവും</td><td colspan="5"></td></tr>
<tr><td rowspan="5">2</td><td rowspan="5">വ്യക്തികൾ വാണിജ്യേതരാവശ്യത്തിനായി ശേഖരിക്കുന്ന ജൈവവിഭവങ്ങൾ സംബന്ധിക്കുന്ന വിവരങ്ങൾ</td><td rowspan="2">ജൈവ വിഭവങ്ങൾ</td><td rowspan="2">ഏകദേശ അളവ്/ എണ്ണം</td><td rowspan="2">ശേഖരിക്കുന്ന ഭാഗം</td><td colspan="2">ശേഖരിക്കുന്ന സ്ഥലം</td></tr>
<tr><td>തദ്ദേശസ്ഥാപനത്തിനകത്ത് (സ്ഥലം വ്യക്തമാക്കുക)</td><td>തദ്ദേശസ്ഥാപനത്തിനു പുറത്തുനിന്നും (സ്ഥലം വ്യക്തമാക്കുക)</td></tr>
<tr><td></td><td></td><td></td><td></td><td></td></tr>
<tr><td></td><td></td><td></td><td></td><td></td></tr>
<tr><td></td><td></td><td></td><td></td><td></td></tr>
</table>

പരമ്പരാഗത വൈദ്യന്മാർ, ഗോത്രവർഗ്ഗത്തിൽപ്പെട്ടവർ, തുടങ്ങിയ വ്യക്തികൾ അവരുടെ ഉപജീവനത്തിനായി ശേഖരിക്കുന്നതും, വാണിജ്യാവശ്യത്തിനായി ഉപയോഗിക്കാത്തതുമായ ജൈവവിഭവങ്ങളുടെ ശേഖരണം സംബന്ധിക്കുന്ന വിശദാംശങ്ങളാണ് ഇവിടെ ചേർക്കേണ്ടത്.

## 1.6 ജനപഥം (Peoplescape) (പരമ്പരാഗതമായി ജൈവവിഭവങ്ങളെ ആശ്രയിച്ച് ജീവനോപാധി നടത്തുന്ന ജനവിഭാഗങ്ങൾ)

| 1 | 2 | 3 | 4 | 5 | 6 | 7 | 8 |
|---|---|---|---|---|---|---|---|
| പരമ്പരാഗത രീതിയിൽ കുലത്തൊഴിലുകൾ ചെയ്യുന്ന വിവിധ ജനവിഭാഗങ്ങളും, പ്രധാന ജീവനോപാധിയും | ഏകദേശ ജന സംഖ്യയും, കുടുംബ ങ്ങളുടെ എണ്ണവും | അനുബന്ധ തൊഴിലു കൾ | ഉപജീവന ത്തിനായി ആശ്രയി ക്കുന്ന ഭൂരൂപം | പ്രധാന മായും ആശ്രയി ക്കുന്ന വിഭ വങ്ങളും അവയുടെ ലഭ്യതാകാ ലവും | ഭൂരൂപ പരി പാലന രീതി കൾ | വിഭവപരിപാ ലന രീതി കൾ | സാമൂഹ്യാവസ്ഥ (സാ മൂഹികവും സാമ്പത്തി കവുമായ സ്ഥിതിയും ജീവിതനിലവാരവും) |
| പരമ്പരാഗത രീതിയിൽ കൃഷി ചെയ്യുന്നവർ | | | | | | | |
| പരമ്പരാഗത രീതിയിൽ മത്സ്യബന്ധനം നടത്തുന്നവർ | | | | | | | |
| പരമ്പരാഗത രീതിയിൽ തെങ്ങ്/ പന കയറ്റം നടത്തു ന്നവർ | | | | | | | |
| പരമ്പരാഗത രീതിയിൽ കള്ള് ചെത്ത് നടത്തുന്നവർ | | | | | | | |
| പരമ്പരാഗത രീതിയിൽ കളി മൺപാത്ര നിർമ്മാണം നട ത്തുന്നവർ | | | | | | | |

29

| | | | | | | | |
|---|---|---|---|---|---|---|---|
| പരമ്പരാഗത കൽപ്പണിക്കാർ, മരപ്പണിക്കാർ, | | | | | | | |
| പരമ്പരാഗത രീതിയിൽ തഴ, ഈറ്റ, മുള എന്നിവകൊണ്ടുള്ള ഉൽപ്പന്നങ്ങൾ ഉണ്ടാക്കുന്നവർ | | | | | | | |
| പരമ്പരാഗത രീതിയിൽ തടിയേതര വനവിഭവങ്ങൾ ശേഖരിക്കുന്നവർ | | | | | | | |
| പരമ്പരാഗത നെയ്ത്തുകാർ | | | | | | | |
| പരമ്പരാഗത രീതിയിൽ കയർ നിർമ്മാണം നടത്തുന്നവർ | | | | | | | |
| മറ്റു വിഭാഗങ്ങൾ (മേൽവിഭാഗങ്ങളിൽപ്പെടാത്ത ഏതെങ്കിലും ഉണ്ടെങ്കിൽ. ഉദാ: ആറന്മുള കണ്ണാടി ഉണ്ടാക്കുന്നവർ, ചക്കിലാട്ടുന്നവർ, പരമ്പരാഗതമായി വാദ്യോപകരണങ്ങൾ, നെല്ലിപ്പലക, ഓടപ്പൂവ് തുടങ്ങിയവ നിർമ്മിക്കുന്നവർ | | | | | | | |

കോളം 4: ആശ്രയിച്ചു കഴിയുന്ന ഭൂരൂപങ്ങൾ കൃഷിയിടമോ, നദികളോ, തണ്ണീർത്തടമോ മറ്റും ആകാം.

കോളം 5: പ്രധാനമായും ആശ്രയിച്ചുകൊണ്ടിരിക്കുന്ന വിഭവങ്ങൾ വിവിധതരത്തിലുള്ള കാർഷിക ഉല്പന്നങ്ങളോ, മത്സ്യങ്ങൾ, വെള്ളം, മണൽ, ചെളി തുടങ്ങിയവയോ ആകാം. അത് ലഭ്യമാകുന്ന മാസങ്ങളും രേഖപ്പെടുത്തുക

കോളം 6: വിവിധ വിഭാഗങ്ങൾ വിവിധ ആവശ്യങ്ങൾക്കായി ഉപയോഗിച്ചുകൊണ്ടരിക്കുന്ന ഭൂരൂപങ്ങളെ എങ്ങിനെയാണ് പരിപാലിക്കുന്നത് എന്നും, അവരുടെ കാഴ്ചപ്പാടും പരിപാലന തന്ത്രങ്ങളും രേഖപ്പെടുത്തുക.

29

# ജനകീയ ജൈവവൈവിധ്യ രജിസ്റ്റർ
# ഭാഗം 2: ജൈവവൈവിധ്യ ഫോറങ്ങൾ

## ഉപവിഭാഗം: 2.1. കാർഷിക ജൈവവൈവിധ്യം
## 2.2. കാർഷികേതര ജൈവവൈവിധ്യം
## 2.3. ആവാസവ്യവസ്ഥാ വൈവിധ്യം

# ഉപവിഭാഗം

## 2.1. കാർഷിക ജൈവവൈവിധ്യം

(ഫോറങ്ങൾ 2.1.1. മുതൽ 2.1.10. വരെ)

## 2.1. കാർഷിക ജൈവവൈവിധ്യം

### 2.1.1 കാർഷിക വിളകൾ: ധാന്യങ്ങൾ/ എണ്ണക്കുരുവിള/നാണ്യവിള/കിഴങ്ങുവർഗ്ഗങ്ങൾ/പച്ചക്കറികൾ/പയറുവർഗ്ഗങ്ങൾ/സുഗന്ധദ്രവ്യങ്ങൾ (ഒന്നാം ഭാഗത്തിൽ ഉൾപ്പെടുത്താത്ത അധികവിവരങ്ങൾ കൂട്ടിച്ചേർക്കേണ്ടതാണ്)

| | | | ഉദാഹരണം |
|---|---|---|---|
| 1 | വിള | | നെല്ല് |
| 2 | ശാസ്ത്രീയ നാമം | | *Oryza sativa* L. |
| 3 | പ്രാദേശിക ഇനം | | വെളിയൻ |
| 4 | ഇനം - നാടൻ/സങ്കരം | | നാടൻ |
| 5 | കാലാവസ്ഥാ വ്യതിയാനം മൂലം കൃഷിയിലുണ്ടായിട്ടുള്ള മാറ്റങ്ങൾ | | വിളവ് കുറയുന്നു, കൊയ്ത്തുകാലത്തിലെ മാറ്റം, രോഗബാധ, കൃഷിയിടത്തിലുണ്ടായ മാറ്റങ്ങൾ, തുടങ്ങിയവ |
| 6 | കാലാവസ്ഥാ വ്യതിയാനത്തെ അതിജീവിക്കുന്ന ഇനമാണോ എന്ന് വ്യക്തമാക്കുക (വെള്ളപ്പൊക്കം, വരൾച്ച ഉൾപ്പെടെയുള്ള കാലാവസ്ഥാ മാറ്റങ്ങൾ) | | |
| 7 | കൃഷിയിടത്തിന്റെ ഏകദേശ വിസ്തൃതി | | 2 ഏക്കർ |
| 8 | പ്രാദേശിക അവസ്ഥ | മുൻപ് (കാലയളവ്) | വ്യാപകമായി കൃഷിചെയ്തിരുന്നു |
| | | നിലവിൽ (കാലയളവ്) | പരിമിതമായി കൃഷിചെയ്യപ്പെടുന്നു |
| 9 | പ്രത്യേക സ്വഭാവവിശേഷങ്ങൾ | | ചുവന്നതും വെളുത്തതുമായി കാണപ്പെടുന്ന അരി. നെല്ലിന് വലിപ്പവും ചോറിന് ഉറപ്പും കൂടുതൽ |
| 10 | കൃഷിക്കാലം (മാസം/ങ്ങൾ (ഉദാ: ആഗസ്റ്റ്-സെപ്തംബർ) | | 6 മാസം മൂപ്പ് - ചിങ്ങം-മകരം |
| 11 | ഉപയോഗങ്ങൾ | | ചോറിന് ഉത്തമം<br>നല്ല അവിൽ<br>നീളവും ഉറപ്പും കൂടിയ വൈക്കോൽ പുരമേയാനും കാലിത്തീറ്റയായും ഉപയോഗിക്കുന്നു. |
| 12 | ബന്ധപ്പെട്ട നാട്ടറിവ് | | അധികം വളപ്രയോഗം ആവശ്യമില്ല. രാസവളപ്രയോഗം തീരെയില്ല. രോഗപ്രതിരോധശേഷി കൂടുതൽ, കന്നുകാലികൾക്ക് ഇഷ്ടമുള്ള വൈക്കോൽ, ഉറപ്പും സ്വാദുമുള്ള ചോറ്. |
| 13 | വിത്തിന്റെ/ചെടിയുടെ ഉറവിടം | | പ്രാദേശികം |
| 14 | നാട്ടറിവ് നൽകിയ വ്യക്തി/വിഭാഗം. (മേൽവിലാസമുൾപ്പെടെ) | | ഏലമ്മ അഗസ്റ്റ്യൻ, മാനന്തവാടി |
| 15 | ഉപഭോക്താക്കൾ | പ്രാദേശികം | പ്രാദേശികം |
| | | പുറമേയുള്ളവർ | ----- |

ഈ ഫോറം ധാന്യവിളകൾ, എണ്ണക്കുരുവിളകൾ, നാണ്യവിളകൾ, കിഴങ്ങുവർഗ്ഗങ്ങൾ, ഇല ക്കറികൾ, പച്ചക്കറികൾ, പയറുവർഗ്ഗങ്ങൾ, സുഗന്ധദ്രവ്യങ്ങൾ മുതലായവയെ സംബന്ധി ക്കുന്ന വിവരങ്ങൾ രേഖപ്പെടുത്താനായി മാത്രം ഉപയോഗിക്കുക.

കോളം 9: പ്രത്യേകതകൾ

വിവിധ ഇനങ്ങളുടെ പ്രത്യേകതകൾ എടുത്ത് പറയണം, വിളയെ/ചെടിയെ സംബന്ധിച്ചുള്ള പരമാവധി പ്രത്യേകതകളും അവയുടെ ചുരുക്കപ്പേരും രേഖപ്പെടുത്തണം.

കോളം 12: ബന്ധപ്പെട്ട നാട്ടറിവുകൾ

പ്രാധാന്യമുണ്ടെന്ന് തോന്നുകയാണെങ്കിൽ, കൃഷിരീതികൾ, വിത്തുല്പാദന-വ്യാപന വിദ്യ കൾ, പ്രത്യേക ഉപയോഗങ്ങൾ എന്നിവ കോളം 12ൽ നാട്ടറിവിനോടൊപ്പം ചേർക്കുക.

കോളം 13: വിത്ത്/ചെടിയുടെ ഉറവിടം

കൃഷിക്കാവശ്യമായ വിത്ത്/ചെടി നൽകുന്ന കമ്പനി, വ്യക്തി, ഏജൻസി തുടങ്ങിയവ. സ്വന്ത മായി വികസിപ്പിച്ച വിത്താണെങ്കിൽ അത് രേഖപ്പെടുത്തുക. കർഷകർ വികസിപ്പിച്ച ഇനങ്ങൾ, ജനിതക മാറ്റം വരുത്തിയ ചെടിയോ വിത്തോ ആണെങ്കിൽ പ്രത്യേക എടുത്തു പറയുക.

**2.1.2 പഴവർഗ്ഗവിളകൾ (ഒന്നാം ഭാഗത്തിൽ ഉൾപ്പെടുത്താത്ത അധിക വിവരങ്ങൾ കൂട്ടിച്ചേർക്കേണ്ടതാണ്)**

| | | | ഉദാഹരണം |
|---|---|---|---|
| 1 | ചെടിയിനം (മരം, കുറ്റിച്ചെടി, ഓഷധി, വള്ളി ച്ചെടി) | | ഓഷധി |
| 2 | ശാസ്ത്രീയ നാമം | | *Ananas comosus* (L). Merr. |
| 3 | പ്രാദേശിക നാമം | | കൈതച്ചക്ക/മുണ്ടച്ചക്ക |
| 4 | ഇനം | | നാടൻ |
| 5 | കാലാവസ്ഥാ വ്യതിയാനം മൂലം കൃഷിയിലുണ്ടായിട്ടുള്ള മാറ്റങ്ങൾ | | |
| 6 | കാലാവസ്ഥാ വ്യതിയാനത്തെ അതിജീവിക്കുന്ന ഇനമാണോ എന്ന് വ്യക്തമാക്കുക (വെള്ളപ്പൊക്കം, വരൾച്ച ഉൾപ്പെടെയുള്ള കാലാവസ്ഥാ മാറ്റങ്ങൾ) | | |
| 7 | പ്രാദേശിക അവസ്ഥ | മുൻപ് (കാലയളവ്) | കുറവ് |
| | | നിലവിൽ (കാലയളവ്) | ധാരളം - വാണിജ്യാടിസ്ഥാനത്തിൽ കൃഷി ചെയ്യുന്നു |
| 8 | വിത്തിന്റെ/ചെടിയുടെ ഉറവിടം | | പ്രാദേശികം |
| 9 | കായ്ഫല കാലം (മാസം/ങ്ങൾ) | | ജനുവരി-മെയ് |
| 10 | ബന്ധപ്പെട്ട നാട്ടറിവ് | | ദഹനശക്തി കൂട്ടുന്ന ഫലം. തൊണ്ട വീക്കത്തിന് ഇതിന്റെ ഇലയുടെ നീരെടുത്ത് കൽക്കണ്ടം കൂട്ടി കഴിച്ചാൽ മതി. ഗർഭകാലത്തിന്റെ ആദ്യനാളുകളിൽ സ്ത്രീകൾ കൈതച്ചക്ക കഴിക്കാൻ പാടില്ല. |
| 11 | ഉപയോഗങ്ങൾ | | പഴമായി, ജ്യൂസായി കഴിക്കാം<br>പാകമാകാത്ത ഫലം കറിവയ്ക്കാൻ ഉപയോഗിക്കാം |
| 12 | നാട്ടറിവ് നൽകിയ വ്യക്തി/വിഭാഗം | | ഭാരതി, പെരുവക, മാന്തവാടി, വയനാട് - കർഷകർ |
| 13 | ഉപഭോക്താക്കൾ | പ്രാദേശികം | പ്രാദേശികം |
| | | പുറമേയുള്ളവർ | പുറമേയുള്ളവർ |

**2.1.3 കാലിത്തീറ്റ (ഫോഡർ) വിളകൾ (ഒന്നാം ഭാഗത്തിൽ ഉൾപ്പെടുത്താത്ത അധിക വിവരങ്ങൾ കൂട്ടിച്ചേർക്കേണ്ടതാണ്)**

| | | | **ഉദാഹരണം** |
|---|---|---|---|
| 1 | ചെടി | | ചെറിയ മരം |
| 2 | ശാസ്ത്രീയ നാമം | | *Leucaena leucocephala* (Lam) de wit |
| 3 | പ്രാദേശിക നാമം | | സിബാബുൾ/ ഇപ്പിൽ-ഇപ്പിൽ |
| 4 | ഭൂരൂപം/ആവാസകേന്ദ്രം | | കരപ്രദേശം, വയലിന്റെ ഓരം |
| 5 | പ്രാദേശിക അവസ്ഥ | മുൻപ് (കാലയളവ്) | ഇല്ല |
| | | നിലവിൽ (കാലയളവ്) | ധാരാളം |
| 6 | വിത്തിന്റെ/ചെടിയുടെ ഉറവിടം | | വിദേശത്തു നിന്നും കാലിത്തീറ്റയായി ഇറക്കുമതി ചെയ്ത സസ്യം |
| 7 | ബന്ധപ്പെട്ട നാട്ടറിവ് | | പശുക്കൾക്ക് ഒരു ദിവസം 5 കി.ഗ്രാമിൽ കൂടുതൽ കൊടുത്താൽ വിഷാംശം ഉണ്ടാകും. ഈ തീറ്റ കൊടുത്താൽ കൂടുതൽ പാൽ കിട്ടും. |
| 8 | ഉപയോഗയോഗ്യമായ ഭാഗം | | ഇല, ഇളം തണ്ട് |
| 9 | മറ്റു വിവരങ്ങൾ | | പ്രകൃത്യാ വിത്തുവിതരണത്തിലൂടെ ഈ സസ്യം എല്ലാ പ്രദേശത്തും വളരും. ആടിനും പശുക്കൾക്കും തീറ്റയായി നൽകും. |
| 10 | നാട്ടറിവ് നൽകിയ വ്യക്തി/ വിഭാഗം | | വി.എം.കെ.അടിയോടി, പ്രതിഭാ നഗർ, കിനാനൂർ കരിന്തളം, കാസർഗോട് |
| 11 | ഉപഭോക്താക്കൾ | പ്രാദേശികം | പ്രാദേശികം |
| | | പുറമേയുള്ളവർ | ----- |

കോളം 9: മറ്റു വിവരങ്ങൾ

തീറ്റ ഏതു മൃഗത്തിനുവേണ്ടിയുള്ളതാണ്, സവിശേഷതകൾ, ഔഷധഗുണങ്ങൾ എന്തെങ്കിലുമുണ്ടെങ്കിൽ അവ, ലഭ്യതാ കാലയളവ്, വിത്തിന്റെ/ചെടിയുടെ ഉല്പാദനവും വ്യാപനവും, വനത്തിൽനിന്നും ശേഖരിക്കുന്നതാണോ അതോ കൃഷി ചെയ്യുന്നതാണോ എന്നീ കാര്യങ്ങൾ.

**2.1.4** കളച്ചെടികൾ (ഒന്നാം ഭാഗത്തിൽ ഉൾപ്പെടുത്താത്ത അധിക വിവരങ്ങൾ കൂട്ടിച്ചേർക്കേണ്ട താണ്)

| | | | |
|---|---|---|---|
| 1 | ചെടി | | **ഉദാഹരണം**<br>കുറ്റിച്ചെടി |
| 2 | ശാസ്ത്രീയ നാമം | | *Chromolaena odorata* (L). R.M.King & H.Robinson |
| 3 | പ്രാദേശിക നാമം | | കമ്മ്യൂണിസ്റ്റ് പച്ച |
| 4 | ബാധിക്കുന്ന വിള | | തെങ്ങ് മുതലായ ദീർഘകാല വിളകളുള്ള പറമ്പുകളിൽ |
| 5 | ദോഷഫലങ്ങൾ | | വിളകളുടെ വളം വലിച്ചെടുത്ത് വളരെപെട്ടെന്ന് വ്യാപിക്കുന്നു |
| 6 | കാലാവസ്ഥാ വ്യതിയാനം മൂലമുണ്ടായിട്ടുള്ള മാറ്റങ്ങൾ | | വ്യാപനം കൂടി/ കുറഞ്ഞു |
| 7 | കാലാവസ്ഥാ വ്യതിയാനത്തെ അതിജീവിക്കുന്ന ഇനമാണോ എന്ന് വ്യക്തമാക്കുക (വെള്ളപ്പൊക്കം, വരൾച്ച ഉൾപ്പെടെയുള്ള കാലാവസ്ഥാ മാറ്റങ്ങൾ) | | |
| 8 | പ്രാദേശിക അവസ്ഥ | മുൻപ് (കാലയളവ്) | ധാരാളം |
| | | നിലവിൽ (കാലയളവ്) | ഈ കളയുടെ വ്യാപനം കുറഞ്ഞു വരുന്നതായി കാണുന്നു. |
| 9 | എന്തെങ്കിലും ഉപയോഗങ്ങൾ (വിപണി/സ്വന്തം ഉപയോഗം) | | പച്ചിലവളമായി ഉപയോഗിക്കാറുണ്ട്. ഔഷധഗുണമുണ്ടെന്ന് കരുതപ്പെടുന്നു. ഇതിന്റെ നീളമുള്ള തണ്ടുപയോഗിച്ച് കുട്ട ഉണ്ടാക്കാറുണ്ട്. |
| 10 | പരിഹാരമാർഗ്ഗങ്ങൾ | | പറിച്ചുകളയൽ |
| 11 | ബന്ധപ്പെട്ട നാട്ടറിവ് | | ചിക്കൻഗുനിയ പനി ബാധിച്ചവർ ഇതിന്റെ ഇലയിട്ടു തിളപ്പിച്ച വെള്ളത്തിൽ കുളിച്ചാൽ ശരീരവേദനയും നീർ വീഴ്ചയും കുറയും. ചെറിയ മുറിവുകൾ ഉണങ്ങാൻ നാട്ടിൻ പുറങ്ങളിൽ ഇതിന്റെ നീര് ഉപയോഗിക്കുന്നു. |
| 12 | 1. അധിനിവേശ കളസസ്യമാണോ? | | അതെ |
| | 2. എത്രകാലമായി കണ്ടുവരുന്നു? | | കഴിഞ്ഞ കുറെ വർഷങ്ങളായി |
| | 3. സ്വാഭാവിക വ്യാപന തോത് എപ്രകാരം? | | കൂടുതൽ |
| 13 | നാട്ടറിവ് സൂക്ഷിക്കുന്ന വ്യക്തി/വിഭാഗം | | കരിംചേരികുഞ്ഞമ്പു നായർ, പ്രതിഭാ നഗർ, കിനാനൂർ കരിന്തളം, കാസർഗോഡ് |

കോളം 10: തദ്ദേശീയർ അവലംബിക്കുന്ന പരിഹാരമാർഗ്ഗങ്ങൾ രേഖപ്പെടുത്തുക.

കോളം 11: നാട്ടറിവുകളോടൊപ്പം കളച്ചെടിയുടെ വ്യാപന കാലയളവ്, പൂവിടൽ കാലം, എന്നിവ രേഖപ്പെടുത്തുക.

കോളം 12: കളച്ചെടി അധിനിവേശ/ വൈദേശിക ഇനത്തിൽപ്പെട്ടതാണോ, എങ്കിൽ എവിടെ നിന്നാണ് എത്തപ്പെട്ടത്, തുടങ്ങിയ വിവരങ്ങൾ ചേർക്കുക. കളച്ചെടികൾ എത്രകാലമായി വിളകളെ ആക്രമിക്കുന്നു എന്നും എന്നുതൊട്ടാണ് ശ്രദ്ധയിൽപ്പെട്ടത് എന്നും, സ്വാഭാവിക വ്യാപന തീവ്രത എങ്ങിനെയന്നും രേഖപ്പെടുത്താവുന്നതാണ്.

**2.1.5** വിളകളെ ആക്രമിക്കുന്ന കീടങ്ങൾ/ജീവികൾ (ഒന്നാം ഭാഗത്തിൽ ഉൾപ്പെടുത്താത്ത അധിക വിവരങ്ങൾ കൂട്ടിച്ചേർക്കേണ്ടതാണ്)

| | | ഉദാഹരണം |
|---|---|---|
| 1 | ആക്രമിക്കപ്പെടുന്ന ചെടി/വിള | തെങ്ങ് |
| 2 | ഷഡ്പദം/ജീവി | ഷഡ്പദം |
| 3 | ശാസ്ത്രീയ നാമം | *Oryctes rhinoceros* |
| 4 | പ്രാദേശിക നാമം | കൊമ്പൻ ചെല്ലി |
| 5 | ബാധിക്കുന്ന ഭാഗം | തെങ്ങോലകളുടെ അകത്ത് |
| 6 | ആക്രമണ സമയം/കാലം | എല്ലാ കാലങ്ങളിലും.<br>രാത്രി കാലങ്ങളിൽ വളരെ സജീവം. തെങ്ങിന്റെ ഇളം നാമ്പുകൾ തിന്നു നശിപ്പിക്കുന്നു. |
| 7 | കാലാവസ്ഥാ വ്യതിയാനം മൂലമുണ്ടായിട്ടുള്ള മാറ്റങ്ങൾ | വ്യാപന കാലത്തിലെ മാറ്റം, പുതിയ വകഭേദങ്ങളുടെ സാന്നിധ്യം |
| 8 | കാലാവസ്ഥാ വ്യതിയാനത്തെ അതിജീവിക്കുന്ന ഇനമാണോ എന്ന് വ്യക്തമാക്കുക (വെള്ളപ്പൊക്കം, വരൾച്ച ഉൾപ്പെടെയുള്ള കാലാവസ്ഥാ മാറ്റങ്ങൾ) | |
| 9 | പരിഹാരമാർഗ്ഗങ്ങൾ | ചെല്ലികോലുപയോഗിച്ച് തെങ്ങിന്റെ പോട്ടിൽ നിന്നും കുത്തിയെടുത്ത് നശിപ്പിക്കാം. മണലും, ഉപ്പും ചേർന്ന മിശ്രിതം തെങ്ങിന്റെ കൂമ്പിലും, ഓലകളുടെ ഇടയിലും നിറയ്ക്കുക. |
| 10 | ബന്ധപ്പെട്ട നാട്ടറിവ് | ചാണകകുഴിയിലെ പുഴുക്കൾ ഈ കീടത്തിന്റെ ലാർവയാണ്. അതിനാൽ ചാണകപുഴുക്കളെ കൊല്ലുക. ചില കർഷകർ പൂഴിയും ഉറുമ്പുപൊടിയും ചേർന്ന മിശ്രിതം ഓലകൾക്കടിയിൽ വിതറും. ഇതിന്റെ ലാർവയെ മണ്ണിരകമ്പോസ്റ്റാക്കാൻ ഉപയോഗിച്ചതിനുശേഷം പ്യൂപ്പയാകുമ്പോൾ കൊല്ലണം. |
| 11 | 1. അധിനിവേശ ജീവികൾ/ കീടങ്ങളാണോ? | |
| | 2. എത്രകാലമായി കണ്ടുവരുന്നു? | |
| | 3. സ്വാഭാവിക വ്യാപന തോത് എപ്രകാരം? | |
| 12 | നാട്ടറിവ് നൽകിയ വ്യക്തി/ വിഭാഗം | കുഞ്ഞമ്പു നായർ, (70 വയസ്) പ്രതിഭാ നഗർ, കരിന്തളം<br>കൃഷ്ണൻ പി.വി., ഓലാട്, പീലിക്കോട് |

കോളം 6: ഏത് രീതിയിലാണ് വിളയെ കീടം ബാധിക്കുന്നത് എന്ന് രേഖപ്പെടുത്തുക. അത് മൂലം ഉണ്ടാകുന്ന നാശം എന്താണെന്നും എത്രത്തോളമെന്നും രേഖപ്പെടുത്തേണ്ടതാണ്.

കോളം 11: കീടങ്ങൾ/ ജീവികൾ അധിനിവേശ/ വൈദേശിക ഇനത്തിൽപ്പെട്ടതാണോ, എങ്കിൽ എവിടെ നിന്നാണ് എത്തപ്പെട്ടത്, തുടങ്ങിയ വിവരങ്ങൾ ചേർക്കുക. എത്രകാലമായി വിളകളെ ആക്രമിക്കുന്നു എന്നും എന്നുതൊട്ടാണ് ശ്രദ്ധയിൽപ്പെട്ടത് എന്നും, സ്വാഭാവിക വ്യാപന തീവ്രത എങ്ങിനെയന്നും രേഖപ്പെടുത്തേണ്ടതാണ്.

## 2.1.6 മണ്ണിനങ്ങൾ

| | | ഉദാഹരണം |
|---|---|---|
| 1 | മണ്ണിനം | തീരദേശ മണ്ണ് |
| 2 | നിറവും ഘടനയും | മഞ്ഞ നിറഞ്ഞ തവിട്ടു നിറം |
| 3 | സവിശേഷതകൾ | 80% ത്തിനു മുകളിൽ മണൽ അടങ്ങിയിരിക്കുന്നു. ഫലപുഷ്ടി കുറഞ്ഞ മണ്ണ്. |
| 4 | മണ്ണ് പരിപാലന /സംരക്ഷണ രീതികൾ | തീരപ്രദേശത്ത് കരിങ്കൽ ഭിത്തികെട്ടി സംരക്ഷിക്കുന്നു. തണ്ണീർത്തടങ്ങളുടെ വശങ്ങളിൽ സ്ഥലത്തിനു യോജിച്ച സസ്യങ്ങൾ വച്ചു പിടിപ്പിച്ച് വേലിയാക്കി മണ്ണുസംരക്ഷിക്കാം. |
| 5 | മണ്ണിനനുയോജ്യമായ ചെടി/വിള | തെങ്ങ്, മാവ്, മറ്റു ഫലവൃക്ഷങ്ങൾ |
| 6 | മണ്ണിൽ അധിവസിക്കുന്ന സസ്യജാലവും ജന്തുജാലവും (മണ്ണിര, മറ്റു വിരകൾ, ഷഡ്പദങ്ങൾ മുതലായവ) | ജന്തുക്കൾ - മണ്ണിര, മറ്റു ചെറിയ വിരകൾ<br>ജീവികൾ - ഷഡ്പദങ്ങൾ, പക്ഷികൾ തുടങ്ങിയവ<br>തെങ്ങ്, മാവ്, കശുമാവ്, പ്ലാവ് തുടങ്ങിയവ.<br>വയലിൽ വിവിധതരം നെല്ലിനങ്ങൾ കൃഷിയായി വളർത്തുന്നു. |
| 7 | ബന്ധപ്പെട്ട നാട്ടറിവ് | ------ |
| 8 | കാലാവസ്ഥാ വ്യതിയാനം മൂലം മണ്ണിന്റെ ഘടന, സവിശേഷത എന്നിവയിലെ മാറ്റങ്ങൾ | ------ |

കേരളത്തിൽ പ്രധാനമായും കണ്ടുവരുന്ന മണ്ണിനങ്ങൾ ഏതെല്ലാമെന്നും അവയുടെ ഘടന എങ്ങിനെയെന്നും **അനുബന്ധം 7** ൽ കൊടുത്തിട്ടുണ്ട്.

**2.1.7. വളർത്തുമൃഗങ്ങൾ (ഒന്നാം ഭാഗത്തിൽ ഉൾപ്പെടുത്താത്ത അധികവിവരങ്ങൾ കൂട്ടി ച്ചേർക്കേണ്ടതാണ്)**

<table>
<tr><td rowspan="2">1</td><td colspan="2" rowspan="2">വിഭാഗം</td><td>ഉദാഹരണം</td></tr>
<tr><td>ആടുവർഗ്ഗം</td></tr>
<tr><td>2</td><td colspan="2">പ്രാദേശികനാമം</td><td>നാടൻ ആട്</td></tr>
<tr><td>3</td><td colspan="2">ശാസ്ത്രീയനാമം</td><td>Capra hircus</td></tr>
<tr><td>4</td><td colspan="2">ഇനം (പ്രാദേശിക ഇനമാണെങ്കിൽ എടുത്തു പറയണം)</td><td>നാടൻ ഇനം</td></tr>
<tr><td>5</td><td colspan="2">സവിശേഷതകൾ</td><td>ഉയരവും, നീളവും കുറവ്, പാലുൽപാദനം കുറ വ്, പക്ഷേ പ്രതിരോധ ശേഷി കൂടുതൽ. വളർത്തുവാൻ പ്രത്യേക പരിരക്ഷ ആവശ്യമില്ല</td></tr>
<tr><td>6</td><td colspan="2">പരിപാലനരീതി</td><td>മിക്കവാറും എല്ലാ പച്ചിലകളും ആഹാരമായി കൊടുക്കാം. കൂടാതെ പിണ്ണാക്ക്, കാടി, പുളിയ രിപൊടി എന്നിവയും കൊടുക്കാം.</td></tr>
<tr><td rowspan="2">7</td><td rowspan="2">പ്രാദേശിക അവസ്ഥ</td><td>മുൻപ് (കാലയളവ്)</td><td>ധാരാളം വീടുകളിൽ ആടിനെ വളർത്തിയിരുന്നു</td></tr>
<tr><td>നിലവിൽ (കാലയളവ്)</td><td>വളരെ കുറവ്</td></tr>
<tr><td>8</td><td colspan="2">ഉപയോഗം</td><td>പാലിനും, ഇറച്ചിക്കും, തോലിനും ഉപയോഗിക്കു ന്നു. കൂടാതെ ആട്ടിൻ കാഷ്ടം വളമായി ഉപ യോഗിക്കുന്നു.</td></tr>
<tr><td>9</td><td colspan="2">ബന്ധപ്പെട്ട നാട്ടറിവ്</td><td>ആടിനെ പോറ്റണമെങ്കിൽ കാടിനെ പോറ്റണം എന്നൊരുചൊല്ലുണ്ട്. കൃഷിയില്ലാത്ത സ്ഥല ങ്ങളും പുൽമേടുകളും ഉണ്ടെങ്കിൽ മാത്രമേ ആടിനെ വളർത്താൻ സാധിക്കൂ. ആട്ടിൻ പാൽ ഔഷധ ഗുണമുള്ളതാണ്. വാതരോഗത്തിന് ആട്ടിൻ പാൽ ഉത്തമം. കുട്ടികൾക്ക് ശരീരബല ത്തിന് ഈ പാൽ നല്ലതാണ്.</td></tr>
<tr><td>10</td><td colspan="2">വാണിജ്യാടിസ്ഥാനത്തിലുള്ള വളർത്തൽ (ഉണ്ട്/ഇല്ല)</td><td>വളരെ കുറവായി ഉണ്ട്.</td></tr>
<tr><td>11</td><td colspan="2">നാട്ടറിവ് സൂക്ഷിപ്പുകാരൻ/വിഭാഗം</td><td>ജോസഫ്, മുണ്ടൻപറമ്പിൽ, മൂന്നിലവ്</td></tr>
</table>

പൊതുകാഴ്ചപ്പാടിൽ വീട്ടിൽ വളർത്തുന്ന മൃഗങ്ങളെയെല്ലാം വളർത്തുമൃഗങ്ങൾ എന്ന വിഭാഗത്തിൽ ഉൾപ്പെടുത്താവുന്നതാണ്.

കോളം 1

മൃഗ ഇനത്തിൽ പശു, എരുമ, ആട്, ചെമ്മരിയാട്, മുയൽ, പന്നി, കഴുത, കോവർ കഴുത, കോഴി, താറാവ് മറ്റുള്ളവ (എടുത്തു പറയുക). അലങ്കാരത്തിനായി വളർത്തുന്ന പക്ഷികൾ, തേനീച്ച വളർത്തൽ എന്നിവയും ഉൾപ്പെടുത്താവുന്നതാണ്.

കോളം 4

തദ്ദേശീയ ഇനങ്ങളെ അവയെക്കുറിച്ച് കൂടുതൽ അറിയാവുന്നവരുമായി ബന്ധപ്പെട്ടശേഷം മാത്രം എഴുതുക.

കോളം 5

കോളം 4 ൽ സൂചിപ്പിച്ചിട്ടുള്ള പ്രത്യേക ഇനങ്ങളുടെ സവിശേഷതകൾ രേഖപ്പെടുത്തേണ്ടതാണ്. ശാരീരിക സവിശേഷതകളും നൈസർഗ്ഗിക സ്വഭാവത്തിലുള്ള സവിശേഷതകളും രേഖപ്പെടുത്തേണ്ടതുണ്ട്.

കോളം 8

പാൽ, ഇറച്ചി, തോൽ, രോമം, തേൻ മുതലായവ ഉപയോഗമായി ചേർക്കാവുന്നതാണ്.

## 2.1. 8 വളർത്തുമത്സ്യങ്ങൾ, അലങ്കാര മത്സ്യങ്ങൾ, മറ്റു വളർത്തു ജലവിഭവങ്ങൾ

<table>
<tr><td rowspan="2">1</td><td rowspan="2" colspan="2">മത്സ്യ ഇനം</td><td>ഉദാഹരണം</td></tr>
<tr><td>ശുദ്ധജല മത്സ്യം</td></tr>
<tr><td>2</td><td colspan="2">പ്രാദേശിക നാമം</td><td>ആറ്റുവാള</td></tr>
<tr><td>3</td><td colspan="2">ശാസ്ത്രീയ നാമം</td><td>Wallago attu</td></tr>
<tr><td>4</td><td colspan="2">ഇനം</td><td>നാടൻ</td></tr>
<tr><td>5</td><td colspan="2">സവിശേഷതകൾ (ഇനത്തേയും പ്രാശേദികനാമത്തേയും പറ്റി തദ്ദേശവാസികൾ നൽകുന്ന വിവരം)</td><td>വണ്ണം കുറഞ്ഞ പരന്ന് നീളമുള്ള മത്സ്യം. ചെതുമ്പലുകൾ ഇല്ല. ആറുമാസംകൊണ്ട് വളർച്ചയെത്തുന്നു.</td></tr>
<tr><td>6</td><td colspan="2">ജലരൂപം</td><td>കുളം</td></tr>
<tr><td rowspan="2">7</td><td rowspan="2">പ്രാദേശിക അവസ്ഥ</td><td>മുൻപ് (കാലയളവ്)</td><td>കുറവ്</td></tr>
<tr><td>നിലവിൽ (കാലയളവ്)</td><td>പല കുളങ്ങളിലും ഇതിനെ വളർത്തുന്നു.</td></tr>
<tr><td>8</td><td colspan="2">ഉപയോഗം, ഉപയോഗരീതി</td><td>ഭക്ഷണത്തിന്, സ്വന്തം ഉപയോഗം, വാണിജ്യത്തിന്</td></tr>
<tr><td>9</td><td colspan="2">ബന്ധപ്പെട്ട നാട്ടറിവ്</td><td>ആറ്റുമീനിലെ രാജാവാണ് വാള. പണ്ടുകാലങ്ങളിൽ പുഴകളിൽ ധാരാളമായി കണ്ടു വന്നിരുന്ന വാള ഇപ്പോൾ വളരെ വിരളമായി. മണൽവാരലും പുഴമലിനീകരണവുമാണ് ഈ മത്സ്യം അപ്രത്യക്ഷമാകാൻ കാരണം.</td></tr>
<tr><td>10</td><td colspan="2">വാണിജ്യാടിസ്ഥാനത്തിലുള്ള മത്സ്യകൃഷി കാലയളവ് (അർദ്ധവാർഷികം, വാർഷികം)</td><td>വാർഷികം</td></tr>
<tr><td rowspan="3">11</td><td colspan="2">1. അധിനിവേശ/വൈദേശിക ഇനമാണോ?</td><td></td></tr>
<tr><td colspan="2">2. എത്രകാലമായി കണ്ടുവരുന്നു?</td><td></td></tr>
<tr><td colspan="2">3. സ്വാഭാവിക വ്യാപനതോത് എപ്രകാരം?</td><td></td></tr>
<tr><td>12</td><td colspan="2">നാട്ടറിവ് സൂക്ഷിപ്പുകാരൻ/വിഭാഗം</td><td></td></tr>
</table>

കോളം 1 : മത്സ്യഇനം- ശുദ്ധജലം/ഓരു ജലം എന്നീ തരംതിരിവുകൾക്കു പുറമെ പൊതുവിഭാഗനാമങ്ങളായ കാർപ്പ്, പെർച്ച്, ഷ്രിംമ്പ്, കൊഞ്ച്, ഞണ്ട്, കക്ക, ഓയ്സ്റ്റർ, മറ്റു വളർത്തു കക്കൾ ജലവിഭവങ്ങൾ.

മത്സ്യകൃഷി നടത്തുന്നതും, അക്വേറിയത്തിലും, ഫിഷ് ടാങ്കുകളിലും പരിപാലിക്കുന്നതുമായ അലങ്കാര മത്സ്യങ്ങളും ഉൾപ്പെടുത്തേണ്ടതാണ്.

**2.1.9. വളർത്തുമൃഗങ്ങൾ, പക്ഷികൾ, ഔഷധസസ്യങ്ങൾ, അലങ്കാരച്ചെടികൾ, പുഷ്പങ്ങൾ, മറ്റ് ജൈവഉത്പന്നങ്ങൾ, തടിയേതര വനവിഭവങ്ങൾ എന്നിവയുടെ വിപണി/ വിപണനമേളകൾ**

| | | ഉദാഹരണം |
|---|---|---|
| 1 | ഏതുതരം മൃഗങ്ങളുടെ/സസ്യങ്ങളുടെ/തടിയേതര വന ഉത്പന്നങ്ങളുടെ വിപണനമാണ് നടക്കുന്നത് | കോഴി ഇറച്ചി |
| 2 | ദിവസവും/ ആഴ്ചയിൽ പ്രവർത്തിക്കുന്ന വിപണിയുടെ പേര് (വീടുവീടാന്തര കച്ചവടം/വഴിയോര കച്ചവടം) | ദിവസവും, വീടുവീടാന്തര കച്ചവടം |
| 3 | സ്ഥലം | പൂങ്കാവ്, കാട്ടൂർ, പൊള്ളേത്തൈ, പാതിരപ്പള്ളി, ചെട്ടിക്കാട് |
| 4 | ദിവസവും/ആഴ്ചയിൽ/ദ്വൈവാരം/അർദ്ധവാർഷികം/വാർഷികം/മറ്റുള്ളവ | ദിവസവും |
| 5 | വിപണന ദിവസം | എല്ലാ ദിവസവും |
| 6 | വാർഷികം /അർദ്ധവാർഷിക വിപണി/വിപണന മേളയാണെങ്കിൽ അത് ഏത് മാസം | ----- |
| 7 | ഒരു ദിവസം വില്പന നടത്തുന്ന മൃഗങ്ങളുടെ/ സസ്യങ്ങളുടെ ശരാശരി എണ്ണം/ അളവ് | 120 |
| 8 | ഉല്പന്നങ്ങൾ, മൃഗങ്ങൾ, സസ്യങ്ങൾ എന്നിവ ഏതു സ്ഥലത്തുനിന്നാണ് വില്പനയ്ക്കായി എത്തിക്കുന്നത്. | തമിഴ്നാട്ടിൽ നിന്നും |
| 9 | ഏതു സ്ഥലത്തേക്കാണ് ഇവ കൊണ്ടുപോകുന്നത് | പ്രാദേശികമായി ഉപയോഗിക്കുന്നു |

വിപണി/വിപണന മേള, വീട് വീടാന്തര കച്ചവടം/വഴിയോര കച്ചവടം എന്നിവ ഓരോന്നിനും പ്രത്യേകം ഫോറങ്ങൾ ഉപയോഗിക്കുക.

## 2.1.10. സംരക്ഷക കർഷകരുടെ (Custodian farmers) ഫാം സ്കൂൾ സംബന്ധിച്ചുള്ള വിവരങ്ങൾ*

<table>
<tr><td>1</td><td colspan="3">ഫാം സ്കൂൾ നടത്തുന്ന സംരക്ഷക കർഷകന്റെ പേര്, മേൽവിലാസം, ഫോൺ നം.</td><td></td></tr>
<tr><td>2</td><td colspan="3">ഫാം സ്കൂളിന്റെ ആകെ വിസ്തൃതി</td><td></td></tr>
<tr><td rowspan="4">3</td><td rowspan="4">പ്രസ്തുത സംരക്ഷക കർഷകന്റെ നേതൃത്വത്തിൽ സംരക്ഷിച്ചു വരുന്ന പരമ്പരാഗത വിളയിനങ്ങൾ ഏവ?</td><td colspan="2">പ്രാദേശിക ഇനം</td><td></td></tr>
<tr><td colspan="2">ശാസ്ത്രീയ നാമം</td><td></td></tr>
<tr><td colspan="2">ഓരോ ഇനത്തിന്റെയും കൃഷിയിടത്തിന്റെ ഏകദേശ വിസ്തൃതി</td><td></td></tr>
<tr><td colspan="2">കൃഷിക്കാലം</td><td></td></tr>
<tr><td>4</td><td colspan="3">ഓരോ ഇനങ്ങളുടെയും സവിശേഷതകൾ</td><td></td></tr>
<tr><td>5</td><td colspan="3">പ്രസ്തുത വിളയിനങ്ങളുടെ സംരക്ഷണവുമായി ബന്ധപ്പെട്ട പരമ്പരാഗത കൃഷി അറിവുകൾ</td><td></td></tr>
<tr><td>6</td><td colspan="3">പ്രസ്തുത വിളയിനങ്ങളുടെ പരിപാലന മാർഗ്ഗങ്ങൾ</td><td></td></tr>
<tr><td>7</td><td colspan="3">കാലാവസ്ഥാ വ്യതിയാനം മൂലം കൃഷിയിലുണ്ടായ മാറ്റങ്ങൾ</td><td></td></tr>
<tr><td>8</td><td colspan="3">ഫാം സ്കൂളിൽ സംരക്ഷിച്ചുവരുന്ന കാർഷിക വിളകളിൽ കാലാവസ്ഥാ വ്യതിയാനത്തെ അതിജീവിക്കുന്ന ഇനങ്ങളെക്കുറിച്ച് വ്യക്തമാക്കുക (വെള്ളപ്പൊക്കം, വരൾച്ച ഉൾപ്പെടെയുള്ള കാലാവസ്ഥാ മാറ്റങ്ങൾ)</td><td></td></tr>
<tr><td>9</td><td colspan="3">വിത്തിന്റെ/ ചെടിയുടെ ഉറവിടം</td><td></td></tr>
<tr><td>10</td><td colspan="3">ഉപയോഗങ്ങൾ</td><td></td></tr>
<tr><td rowspan="4">11</td><td rowspan="4">ഫാം സ്കൂളിൽ വികസിപ്പിക്കുന്ന മൂല്യവർദ്ധിത ഉൽപ്പന്നങ്ങൾ</td><td colspan="2">പ്രാദേശിക ഇനം</td><td></td></tr>
<tr><td colspan="2">മൂല്യ വർദ്ധിത ഉൽപ്പന്നങ്ങൾ</td><td></td></tr>
<tr><td rowspan="2">ഉപയോക്താക്കൾ</td><td>പ്രാദേശികം</td><td></td></tr>
<tr><td>പുറമെയുള്ളവർ</td><td></td></tr>
<tr><td rowspan="2">12</td><td rowspan="2">വിപണി (മൂല്യവർദ്ധിത ഉൽപ്പന്നങ്ങൾ ഒഴികെയുള്ളവയുടെ)</td><td colspan="2">പ്രാദേശികം</td><td></td></tr>
<tr><td colspan="2">പുറമെയുള്ളവർ</td><td></td></tr>
<tr><td>13</td><td colspan="3">ഫാം സ്കൂളുകൾ പുതുതായി തുടങ്ങാൻ സാധിക്കുന്ന സംരക്ഷക കർഷകരുടെ വിശദാംശങ്ങൾ</td><td></td></tr>
</table>

*2018 ൽ പ്രളയം ഏറ്റവും രൂക്ഷമായി ബാധിച്ച പത്തനംതിട്ട, ആലപ്പുഴ, ഇടുക്കി, എറണാകുളം, തൃശ്ശൂർ, പാലക്കാട്, മലപ്പുറം, വയനാട് എന്നീ എട്ടു ജില്ലകളിലെ കാർഷിക ജൈവവൈവിധ്യ സംരക്ഷണത്തിനായി കൃഷിയിൽ മികവും, വൈവിധ്യവും, കാര്യക്ഷമതയുമുള്ള സംരക്ഷകരായിട്ടുള്ള കർഷകരെ (Custodian farmers) കേരള സംസ്ഥാന ജൈവവൈവിധ്യ ബോർഡ് തിരഞ്ഞെടുക്കുകയും, അവരുടെ അറിവുകളും സംരക്ഷണ പ്രവൃത്തികളും മറ്റു കർഷകർക്കു കൂടി പകർന്നു നൽകുന്നതിനായി, മേൽ സൂചിപ്പിച്ച ഓരോ ജില്ലയിലും 20 ഫാം സ്കൂളുകൾ വീതം ആരംഭിച്ചിട്ടുണ്ട്. കെ.എസ്.ബി.ബി. യുടെ പ്രസ്തുത ഫാം സ്കൂളുകളെ സംബന്ധിക്കുന്ന വിവരങ്ങളാണ് ഈ ഫോറത്തിൽ ഉൾപ്പെടുത്തേണ്ടത്.

കോളം 13: നിലിവിൽ ഫാം സ്കൂളുകൾ ഇല്ലാത്തതും, പുതുതായി ഫാം സ്കൂളുകൾ തുടങ്ങാൻ സാധ്യതയുള്ളതും, തൽപ്പരരായിട്ടുള്ളതുമായ സംരക്ഷക കർഷകരെക്കുറിച്ചും, അവർ സംരക്ഷിച്ചു പോരുന്ന വിളയിനങ്ങളുടെയും വിശദാംശങ്ങൾ ഉൾപ്പെടുത്തുക.

# ഉപവിഭാഗം: 2.2

## കാർഷികേതര ജൈവവൈവിധ്യം

**(ഫോറങ്ങൾ 2.2.1. മുതൽ 2.2.9 വരെ)**

## 2.2 കാർഷികേതര ജൈവവൈവിധ്യം

### 2.2.1 വൃക്ഷങ്ങൾ, കുറ്റിച്ചെടികൾ, ഓഷധികൾ, കിഴങ്ങുവർഗ്ഗങ്ങൾ, പുല്ലിനങ്ങൾ, വള്ളിച്ചെടികൾ, മുതലായവ

| | | | ഉദാഹരണം |
|---|---|---|---|
| 1 | പ്രാദേശിക നാമം | | അത്തി |
| 2 | ശാസ്ത്രീയ നാമം | | *Ficus racemosa* L. |
| 3 | സസ്യവിഭാഗം | | സപുഷ്പികൾ |
| 4 | സ്വഭാവം (വൃക്ഷങ്ങൾ/കുറ്റിച്ചെടികൾ/ഓഷധികൾ/ കിഴങ്ങുവർഗ്ഗങ്ങൾ/പുല്ലിനങ്ങൾ/വള്ളിച്ചെടികൾ) | | മരം - നവംബർ-ഡിസംബർ മാസങ്ങളിൽ പുഷ്പിച്ചു കായ്ക്കുന്നു. പഴങ്ങൾ ഭക്ഷ്യയോഗ്യം. |
| 5 | ആവാസ കേന്ദ്രം | വന്യമായി കാണപ്പെടുന്നവ (വെളിമ്പ്രദേശങ്ങളിലും, വഴിയോരങ്ങളിലും മറ്റും യാതൊരുവിധ പരിപാലനവുമില്ലാതെ സ്വാഭാവികമായി വളരുന്നവ) | |
| | | വീട്ടുവളപ്പുകളിൽ പരിപാലിച്ച് വളർത്തുന്നവയാണോ? | |
| 6 | പ്രാദേശിക അവസ്ഥ | മുൻപ് (കാലയളവ്) | കൂടുതൽ |
| | | നിലവിൽ (കാലയളവ്) | വിരളം |
| 7 | ഉപയോഗം | | |
| | 1. ഔഷധമായി ഉപയോഗിക്കുന്നവയാണോ? (മനുഷ്യനിലും, മൃഗങ്ങൾക്കും) | | |
| | 2. അലങ്കാരത്തിന് ഉപയോഗിക്കുന്നവയാണോ? | | |
| | 3.കാലിത്തീറ്റയായി ഉപയോഗിക്കുന്നവയാണോ? | | |
| | 4. ഭക്ഷ്യയോഗ്യമാണോ? ആണെങ്കിൽ ഭക്ഷ്യയോഗ്യമായ ഭാഗം | | |
| | 5. തടിവിഭവമായി ഉപയോഗിക്കുന്നവയാണോ? | | |
| | 6. ധൂമ/ ചർവ്വണ ഉപയോഗമുള്ളവയാണോ? | | |
| | 7. മറ്റു ഉപയോഗങ്ങൾ | | |
| 8 | പ്രാധാന്യം | | നാൽപ്പാമരത്തിൽ ഒന്ന് - ഔഷധവൃക്ഷം |

| | | |
|---|---|---|
| 9 | ശേഖരിക്കപ്പെടുന്ന ഭാഗം | തൊലി, കായ, വേര് |
| 10 | ബന്ധപ്പെട്ട നാട്ടറിവ് | അത്തി വേരു മുറിച്ചാൽ കിട്ടുന്ന രസം മരുന്നിന് ഉപയോഗിക്കുന്നു. കുങ്കുമപ്പൂവിനു പകരം ഇതുപയോഗിക്കുന്നു. നാൽപാമരാദി എണ്ണയിലെ ഒരു പ്രധാന ഘടകം. വിളർച്ച, ബലക്ഷയം, ഇവ മാറാൻ അത്തിപ്പഴം നല്ലത്. നാൽപ്പാമരത്തിൽ ഒന്ന് |
| 11 | മറ്റു വിവരങ്ങൾ | കാതലില്ലാത്ത തടി. ദിവ്യത്വം കൽപ്പിക്കപ്പെടുന്ന വൃക്ഷം. കാർത്തിക നക്ഷത്രക്കാരുടെ വൃക്ഷം |
| 12 | നാട്ടറിവ് സൂക്ഷിപ്പുകാരൻ/ വിഭാഗം | പേര്, മേൽവിലാസം |

കോളം 1 സസ്യവിഭാഗം

Algae (പായലുകൾ), Fungi (പൂപ്പലുകൾ, കുമിളുകൾ), Lichens (കൽപ്പായലുകൾ), Bryophytes, Pteridophytes (പന്നൽച്ചെടികൾ), Gymnospermss (അനാവൃതബീജികൾ), Angiosperms (ആവൃതബീജികൾ). ഓരോ വിഭാഗത്തിനും പ്രത്യേകം ഫോറങ്ങൾ ഉപയോഗിക്കുക.

കോളം 4: മരം, കുറ്റിച്ചെടി, ഓഷധി, കിഴങ്ങുവർഗ്ഗം, പുല്ല്വർഗ്ഗം, വള്ളിച്ചെടി തുടങ്ങിയ സ്വഭാവങ്ങളിലൊന്നാണ് രേഖപ്പെടുത്തേണ്ടത്.

കോളം 5: വന്യമായിട്ട്/ വീട്ടുവളപ്പുകളിൽ കാണുന്നവയാണെങ്കിൽ ടിക് ചെയ്യുക.

കോളം 6: പ്രാദേശിക അവസ്ഥയിൽ സസ്യങ്ങളുടെ ദൗർലഭ്യതയും അന്യംനിന്നുപോകൽ പ്രവണതയും ചേർക്കാവുന്നതാണ്.

കോളം 8: പ്രാധാന്യത്തിൽ, വിളകളുടെ വന്യബന്ധുക്കളായവ/ ഒരു സസ്യത്തിന് പകരമായി ഉപയോഗിക്കാവുന്നവ തുടങ്ങിയവ പ്രത്യേകം സൂചിപ്പിക്കേണ്ടതാണാണ്.

കോളം 11: എത്രമാത്രം കാണപ്പെടുന്നു, അവയുടെ ജീവന അവസ്ഥ (സാധാരണ, അപൂർവ്വം, വംശനാശഭീഷണിയുള്ളവ, അതീവ വംശനാശഭീഷണിയുള്ള, പ്രാദേശികമായി വംശനാശം സംഭവിച്ചവ) തുടങ്ങിയ വിവരങ്ങൾ.

## 2.2.2 അധിനിവേശ/ വൈദേശിക സസ്യങ്ങൾ (കരയിലും ജലത്തിലും കണ്ടുവരുന്നവ)

| | | | ഉദാഹരണം |
|---|---|---|---|
| 1 | പ്രാദേശിക നാമം | | അക്കേഷ്യ |
| 2 | ശാസ്ത്രീയ നാമം | | *Acacia auriculiformis* |
| 3 | സസ്യവിഭാഗം | | സപുഷ്പികൾ |
| 4 | സ്വഭാവം (വൃക്ഷങ്ങൾ/കുറ്റിച്ചെടികൾ/ഓഷധികൾ/ കിഴങ്ങുവർഗ്ഗങ്ങൾ/പുല്ലിനങ്ങൾ/വള്ളിച്ചെടികൾ) | | മരം |
| 5 | ആവാസ കേന്ദ്രം | വന്യമായി കാണപ്പെടുന്നവ (വെളിമ്പ്രദേശങ്ങളിലും, വഴിയോരങ്ങളിലും മറ്റും യാതൊരുവിധ പരിപാലനവുമില്ലാതെ സ്വാഭാവികമായി വളരുന്നവ) | അതെ |
| | | വീട്ടുവളപ്പുകളിൽ പരിപാലിച്ച് വളർത്തുന്നവയാണോ? | അതെ |
| 6 | പ്രാദേശിക അവസ്ഥ | മുൻപ് (കാലയളവ്) | കുറവ് |
| | | നിലവിൽ (കാലയളവ്) | കൂടുതൽ |
| 8 | ഉപയോഗം | | തടി ഫർണിച്ചർ ഉണ്ടാക്കാൻ ഉപയോഗിക്കുന്നു. |
| 9 | ശേഖരിക്കപ്പെടുന്ന ഭാഗം | | തടി |
| 10 | ദോഷഫലങ്ങൾ | | അക്കേഷ്യയുടെ സാന്നിധ്യം പ്രാദേശികമായി ജലദൗർലഭ്യത്തിന് കാരണമാകുന്നു. പൂമ്പൊടി അലർജിയ്ക്ക് കാരണമാകുന്നു. |
| 11 | പരിഹാരമാർഗ്ഗങ്ങൾ | | മുറിച്ചുമാറ്റൽ |
| 12 | ആണെങ്കിൽ 2018 ലെ പ്രളയത്തിനുശേഷം വ്യാപിച്ചുതുടങ്ങിയതാണോ? | | അല്ല. |
| 13 | നാട്ടറിവ് സൂക്ഷിപ്പുകാരൻ/ വിഭാഗം | | പേര്, മേൽവിലാസം |

സാധാരണയായി കരയിലും, ജലത്തിലും കണ്ടുവരുന്ന അധിനിവേശ/വൈദേശിക ഇനത്തിൽപ്പെട്ട സസ്യങ്ങളുടെ വിശദാംശങ്ങൾ ഉൾപ്പെടുത്തുക. ചില ഉദാഹരണങ്ങൾ **അനുബന്ധം 8** ൽ ചേർത്തിരിക്കുന്നു.

## 2.2.3 ശുദ്ധജല/ഒരുജല ജൈവവൈവിധ്യം (സസ്യങ്ങൾ)

| 1 | 2 | 3 | 4 | 5 | | 6 | | 7 | 8 | 9 | 10 |
|---|---|---|---|---|---|---|---|---|---|---|---|
| പ്രാദേശിക നാമം | ശാസ്ത്രീയ നാമം | സസ്യവിഭാഗം | സവിശേഷതകൾ | ആവാസകേന്ദ്രം | | പ്രാദേശിക അവസ്ഥ | | ഉപയോഗം | ബന്ധപ്പെട്ട നാട്ടറിവ് | മറ്റു വിവരങ്ങൾ | നാട്ടറിവ് സൂക്ഷിപ്പുകാരൻ/വിഭാഗം |
| | | | | വന്യമായി കാണുന്നവ | വീട്ടുവളപ്പ് | മുൻപ് (കാലയളവ്) | നിലവിൽ (കാലയളവ്) | | | | |
| **ഉദാഹരണം** | | | | | | | | | | | |
| കാക്കപ്പോള | *Monochoria vaginalis* (Bwacm f)c.Presl. | സപുഷ്പി, ഓഷധി | ചെറിയ നീണ്ട ഇലകൾ. വയലറ്റു നിറത്തിൽ ചെറിയ പൂവ് | തോടുകൾ, കുളങ്ങൾ, നെൽപ്പാടങ്ങൾ | - | കൂടുതൽ | കുറവ് | ----- | വേരും, ഇലയും. ഔഷധ ഗുണമുള്ളവയാണ് | നീലോൽപലം, കരിങ്കൂവളം എന്നീ പേരുകളിലും അറിയപ്പെടുന്നു | പേര്, വിലാസം |
| ആഫ്രിക്കൻ പായൽ | *Salvinia molesta* | പന്നൽ ചെടികൾ ഓഷധി | വെള്ളത്തിന്റെ മുകളിൽ കട്ടിയായി തിങ്ങിവളരുന്നു. അടുക്കിവച്ചിട്ടുള്ള ഇലകൾ | വയലുകൾ, കുളങ്ങൾ, തടാകങ്ങൾ | കുളങ്ങൾ, | | കൂടുതൽ | ജൈവവളം | ---- | വിദേശ സസ്യം. തിങ്ങിവളരുന്നതിനാൽ ജലാശയത്തിന്റെ അടിയിലേയ്ക്ക് സൂര്യപ്രകാശം കടത്തിവിടുന്നില്ല | “ |
| താമര | *Nelumbo nucifera* Gaertner | സപുഷ്പി, ഓഷധി | ഭംഗിയുള്ള പുഷ്പങ്ങൾ, ജലത്തിൽ നിന്നും ഉയർന്നു നിൽക്കുന്ന ഇലകൾ. പുഷ്പങ്ങൾ പകൽ സമയം വിടരുന്നു. | കുളം, തടാകങ്ങൾ | കുളങ്ങൾ, | കൂടുതൽ | കുറവ് | അലങ്കാരത്തിന്, പൂജാ പുഷ്പം, ഔഷധം | ഇലത്തണ്ട് അരിഞ്ഞ് ഉണക്കി കൊണ്ടാട്ടം ഉണ്ടാക്കുന്നു. | വളരെ ഭംഗിയുള്ള പൂക്കൾ, പകൽ വിടരുന്നു | “ |

കോളം 5: **അനുബന്ധം 6** ൽ 11 മുതൽ 18 വരെയുള്ള ഏതെങ്കിലും ഒരു ആവാസ കേന്ദ്രമാണ് കോളം 5 ൽ രേഖപ്പെടുത്തേണ്ടത്. വീട്ടുവളപ്പുകളിലും കാണുന്നുണ്ടെങ്കിൽ അവ പ്രത്യകം സൂചിപ്പിക്കേണ്ടതാണ്.

കോളം 9: എത്രമാത്രം കാണപ്പെടുന്നു, അവയുടെ ജീവന അവസ്ഥ (സാധാരണ, അപൂർവ്വം, വംശനാശഭീഷണിയുള്ളവ, അതീവ വംശനാശഭീഷണിയുള്ള, പ്രാദേശികമായി വംശനാശം സംഭവിച്ചവ) തുടങ്ങിയ വിവരങ്ങൾ.

## 2.2.4. ശുദ്ധജല/ ഓരുജല ജൈവവൈവിധ്യം (ജന്തുക്കൾ)

| 1 | 2 | 3 | 4 | 5 | | 6 | | 7 | 8 | 9 | 10 |
|---|---|---|---|---|---|---|---|---|---|---|---|
| പ്രാദേശിക നാമം | ശാസ്ത്രീയ നാമം | ജന്തുവിഭാഗം | സവിശേഷതകൾ | ആവാസകേന്ദ്രം | | പ്രാദേശിക അവസ്ഥ | | ഉപയോഗം | ബന്ധപ്പെട്ട നാട്ടറിവ് | മറ്റു വിവരങ്ങൾ | നാട്ടറിവ് സൂക്ഷിപ്പുകാരൻ/വിഭാഗം |
| | | | | വന്യമായിട്ടുള്ളവ | വീട്ടുവളപ്പിലുള്ളവ | മുൻപ് (കാലയളവ്) | നിലവിൽ (കാലയളവ്) | | | | |
| **ഉദാഹരണം**<br>പച്ചത്തവള | *Rana hexadactyla* | ഉഭയജീവി | പുറം പച്ചനിറം, അടിവശം വെളുപ്പ് | കുളങ്ങൾ, വയലുകൾ, തോടുകൾ | - | ധാരാളം | അപൂർവ്വം | ഇതിന്റെ ഇറച്ചി ഭക്ഷിക്കും | ഇതിന്റെ ഞരമ്പു കളയാതെ ഉപയോഗിക്കരുത് | ഈ ജീവി ധാരാളം കൊതുകളെ തിന്നുനശിപ്പിക്കുന്നു | പേര്, മേൽവിലാസം |
| കാരാമ | *Testudo elegans* | " | തോടിനു കട്ടികൂടുതൽ, കറുപ്പു നിറം | " | കുളങ്ങൾ | " | വളരെ കുറവ് | മാംസം ഭക്ഷ്യയോഗ്യം, ഔഷധമായും | ഇതിന്റെ ചുടുരക്തത്തിൽ പഞ്ചസാര ചേർത്ത് കുട്ടികളുടെ നാവിൽ തൊട്ടുകൊടുത്താൽ വലിവ് (ആസ്മ) മാറിക്കിട്ടും. ഇതിന്റെ മാംസം ഭക്ഷിച്ചാൽ അർശ്ശസ് രോഗം കുറയും | ------- | " |
| വെള്ളാമ | ------- | " | ശരീരത്തിന്റെ അടിവശം വെളുപ്പുനിറം. പുറം തോടിന് നല്ല കട്ടി | " | - | " | " | അപൂർവ്വമായി മാംസം ഭക്ഷണത്തിനുപയോഗിക്കുന്നു | ഇതിന്റെ മാംസം കഴിച്ചാൽ വെള്ളപ്പാണ്ട് രോഗം ഉണ്ടാകും | കൂടുതൽ മുട്ടയിടും | " |

കോളം 9: മറ്റു വിവരങ്ങളിൽ മത്സ്യബന്ധന രീതി, ലഭ്യതാ സമയം, പ്രജനന സമയം മുതലായവ ഉൾപ്പെടുത്തണം. എത്രമാത്രം കാണപ്പെടുന്നു, അവയുടെ ജീവന അവസ്ഥ (സാധാരണ, അപൂർവ്വം, വംശനാശഭീഷണിയുള്ളവ, അതീവ വംശനാശഭീഷണിയുള്ള, പ്രാദേശികമായി വംശനാശം സംഭവിച്ചവ) തുടങ്ങിയ വിവരങ്ങളും ചേർക്കണം.

## 2.2.5. വന്യമത്സ്യ വൈവിധ്യം (ഉൾനാടൻ/ ഓരുജല/ സമുദ്ര മത്സ്യവൈവിധ്യം)

| | | | |
|---|---|---|---|
| 1 | പ്രാദേശിക നാമം | | നാടൻ വരാൽ |
| 2 | ശാസ്ത്രീയ നാമം | | *Channa striatus* |
| 3 | ജന്തുവിഭാഗം | ഉൾനാടൻ | ശുദ്ധജല മത്സ്യം |
| | | ഓരുജലം | |
| | | കടൽ | |
| 4 | സവിശേഷതകൾ | | പുറം കറുത്തതും വയർഭാഗം വെളുത്ത നിറത്തോടു കൂടിയതും. നീണ്ടുരുണ്ട മത്സ്യം. തല വലുത്, വഴുവഴുപ്പ് |
| 5 | നദി/തോട്/കായൽ (പേര്) | | തോട്, കുളം, വയൽ |
| 6 | പ്രാദേശിക അവസ്ഥ | മുൻപ് (കാലയളവ്) | ധാരാളം |
| | | നിലവിൽ (കാലയളവ്) | വളരെ കുറവ് |
| 7 | ഉപയോഗം | വാണിജ്യം | ----- |
| | | വാണിജ്യേതരം | ഭക്ഷണത്തിന് |
| 8 | ബന്ധപ്പെട്ട നാട്ടറിവ് | | ഔഷധഗുണം ഉണ്ടെന്ന് വിശ്വാസം. പ്രസവ രക്ഷയ്ക്കും, മുറിവ് ഉണങ്ങുന്നതിനും ഉത്തമം. ആഴത്തിലുള്ള മുറിവുകളിൽ മാംസം ഉണ്ടാകാൻ ഈ മത്സ്യം കഴിക്കുന്നത് നല്ലതാണ്. |
| 9 | മറ്റ് വിവരങ്ങൾ | | കൂടുതൽ ചേറുള്ള തോടുകളിൽ ഇത് കൂടുതലായി കാണുന്നു. ചെറു മത്സ്യങ്ങൾ മറ്റു ജീവികൾ ഇവയുടെ ആഹാരം. ചൂണ്ടയിട്ടും, വല ഉപയോഗിച്ചും ഇതിനെ പിടിക്കുന്നു. |
| 10 | നാട്ടറിവ് സൂക്ഷിപ്പുകാരൻ/വിഭാഗം | | |

കോളം 9: മത്സ്യബന്ധരീതി, ലഭ്യതാ സമയം, പ്രജനനകാലം, തീറ്റ, ലഭ്യത (അപൂർവ്വം, സാധാരണ, ധാരാളം) തുടയങ്ങിയവയെ സംബന്ധിക്കുന്ന വിവരങ്ങൾ രേഖപ്പെടുത്തണം.

**2.2.6.** **വന്യജന്തുജാലങ്ങൾ (സസ്തനികൾ/പക്ഷികൾ/ഉരഗങ്ങൾ/ഉഭയജീവികൾ/ഷഡ്പദങ്ങൾ/മറ്റുള്ളവ) (വനത്തിനുള്ളിൽ കാണപ്പെടുന്നത് ഒഴികെയുള്ളവ)**

| | | | ഉദാഹരണം |
|---|---|---|---|
| 1 | ജന്തുവിഭാഗം | | ഷഡ്പദം |
| 2 | പ്രാദേശിക നാമം | | തേനീച്ച |
| 3 | ശാസ്ത്രീയ നാമം | | *Apis dorsata* |
| 4 | ആവാസകേന്ദ്രം | | മരങ്ങൾ, കുറ്റിച്ചെടികൾ |
| 5 | വിശദീകരണം | | വലുപ്പമേറിയവയാണ്, തവിട്ടുനിറം |
| 6 | കാണപ്പെടുന്ന കാലം | | എല്ലാ കാലത്തും |
| 7 | പ്രാദേശിക അവസ്ഥ | മുൻപ് (കാലയളവ്) | ധാരാളം |
| | | നിലവിൽ (കാലയളവ്) | കുറവ് |
| 8 | ഉപയോഗങ്ങൾ | | തേൻ എടുക്കുന്നു. |
| 9 | ബന്ധപ്പെട്ട നാട്ടറിവ് | | തേൻ ഔഷധമായി ഉപയോഗിക്കുന്നു. |
| 10 | വേട്ടയാടപ്പെടുകയോ പിടിക്കുകയോ ചെയ്യുന്നുണ്ടോ? എങ്കിൽ ഏത് രീതി | | ഇല്ല |
| 11 | മറ്റ് വിവരങ്ങൾ | | തറനിരപ്പിൽ നിന്നും ഉയരത്തിലായി തുറസ്സായ മരശിഖരങ്ങളിലാണ് കൂടുകൂട്ടുന്നത്. |
| 12 | നാട്ടറിവ് സൂക്ഷിപ്പുകാരൻ/വിഭാഗം | | പേര്, മേൽവിലാസം |

ഓരോ വിഭാഗത്തിനും പ്രത്യേകം ഫോറങ്ങൾ ഉപയോഗിക്കുക.

കോളം 11: നിയമവിരുദ്ധമായ മൃഗക്കടത്ത്/ചൂഷണം ചെയ്യപ്പെടുന്ന പ്രദേശങ്ങൾ അങ്ങനെ എന്തെങ്കിലുമുണ്ടെങ്കിൽ അതുകൂടി ഉൾപ്പെടുത്തണം.

## 2.2.7. അധിനിവേശ/ വൈദേശിക ജന്തുക്കൾ (കരയിലും ജലത്തിലും കണ്ടുവരുന്നവ)

| | | | ഉദാഹരണം |
|---|---|---|---|
| 1 | പ്രാദേശിക നാമം | | തിലാപ്പിയ |
| 2 | ശാസ്ത്രീയ നാമം | | *Oreochromis mossambica* |
| 3 | ജന്തുവിഭാഗം | | മത്സ്യം |
| 4 | സവിശേഷതകൾ | | ശുദ്ധജലത്തിൽ വളരുന്നു. പരന്ന് കാണപ്പെടുന്നു. |
| 5 | ആവാസ കേന്ദ്രം | വന്യമായി കാണപ്പെടുന്നവ (വെളിമ്പ്രദേശങ്ങളിലും, വഴിയോരങ്ങളിലും മറ്റും യാതൊരുവിധ പരിപാലനവുമില്ലാതെ സ്വാഭാവികമായി വളരുന്നവ) | അതെ |
| | | വീട്ടുവളപ്പുകളിൽ പരിപാലിച്ച് വളർത്തുന്നവയാണോ? | അതെ |
| 6 | പ്രാദേശിക അവസ്ഥ | മുൻപ് (കാലയളവ്) | കുറവ് |
| | | നിലവിൽ (കാലയളവ്) | കൂടുതൽ |
| 8 | ഉപയോഗം | | ഭക്ഷണമായി ഉപയോഗിക്കുന്നു. |
| 9 | ശേഖരിക്കപ്പെടുന്ന ഭാഗം | | മത്സ്യം മുഴുവനായും |
| 10 | ദോഷഫലങ്ങൾ | | തനതിനങ്ങളായ ജലജീവികളുടെ നിലനിൽപ്പിനെ ബാധിക്കുന്നു. |
| 11 | പരിഹാരമാർഗ്ഗങ്ങൾ | | സ്വാഭാവിക ജലാശയങ്ങളിൽ ഇവയെ നിക്ഷേപിക്കരുത്. |
| 12 | ആണെങ്കിൽ 2018 ലെ പ്രളയത്തിനുശേഷം വ്യാപിച്ചുതുടങ്ങിയതാണോ? | | അല്ല. |
| 13 | നാട്ടറിവ് സൂക്ഷിപ്പുകാരൻ/ വിഭാഗം | | പേര്, മേൽവിലാസം |

സാധാരണയായി കരയിലും, ജലത്തിലും കണ്ടുവരുന്ന അധിനിവേശ/വൈദേശിക ഇനത്തിൽപ്പെട്ട ജന്തുക്കളുടെ (മത്സ്യങ്ങളുൾപ്പെടെ) വിശദാംശങ്ങൾ ഉൾപ്പെടുത്തുക. ചില ഉദാഹരണങ്ങൾ **അനുബന്ധം 8** ൽ ചേർത്തിരിക്കുന്നു.

### 2.2.8. തീരദേശ- സമുദ്ര സസ്യജാലങ്ങൾ

| 1 | 2 | 3 | 4 | 5 | | 6 | 7 | 8 | 9 | 10 |
|---|---|---|---|---|---|---|---|---|---|---|
| സസ്യ വിഭാഗം | പ്രാദേശിക നാമം | ശാസ്ത്രീയ നാമം | ആവാസ കേന്ദ്രം | പ്രാദേശിക അവസ്ഥ | | ശേഖരിക്കുന്ന ഭാഗം (ഉണ്ടെങ്കിൽ) | വാണിജ്യോപയോഗം (ഉണ്ടെങ്കിൽ) | പൊതു ഉപയോഗങ്ങൾ | ബന്ധപ്പെട്ട നാട്ടറിവ് | നാട്ടറിവ് നൽകിയ വ്യക്തി/വിഭാഗം (പേര്, വിലാസം, ഫോൺ നം.) |
| | | | | മുൻപ് (കാലയളവ്) | നിലവിൽ (കാലയളവ്) | | | | | |
| **ഉദാഹരണം** പായലുകൾ | സീവീഡ് | *Sargassum Sp.* | കടൽ | ധാരാളം | കുറവ് | സമൂലം | വളമായി ഉപയോഗിക്കുന്നു. | വളമായിട്ട് | --- | പേര്, വിലാസം |
| | | | | | | | | | | |
| | | | | | | | | | | |
| | | | | | | | | | | |
| | | | | | | | | | | |
| | | | | | | | | | | |

### 2.2.9. തീരദേശ- സമുദ്ര ജന്തുജാലങ്ങൾ

| 1 | 2 | 3 | 4 | 5 | | 6 | 7 | 8 | 9 | 10 |
|---|---|---|---|---|---|---|---|---|---|---|
| ജന്തു വിഭാഗം | പ്രാദേശിക നാമം | ശാസ്ത്രീയ നാമം | ആവാസ കേന്ദ്രം | പ്രാദേശിക അവസ്ഥ | | ശേഖരിക്കുന്ന ഭാഗം (ഉണ്ടെങ്കിൽ) | വാണിജ്യോപയോഗം (ഉണ്ടെങ്കിൽ) | പൊതു ഉപയോഗങ്ങൾ | ബന്ധപ്പെട്ട നാട്ടറിവ് | നാട്ടറിവ് നൽകിയ വ്യക്തി/വിഭാഗം (പേര്, വിലാസം, ഫോൺ നം.) |
| | | | | മുൻപ് (കാലയളവ്) | നിലവിൽ (കാലയളവ്) | | | | | |
| **ഉദാഹരണം** ഉരഗങ്ങൾ | കടലാമ | *Olive ridley* | കടൽ | ധാരാളം | കുറവ് | --- | -- | -- | മുട്ടയിടാനായി തീരത്ത് എത്തുന്നു. | പേര്, വിലാസം |
| മത്സ്യം | അയല | *Rastrelliger kanagurta* | കടൽ | ധാരാളം | കുറവ് | മത്സ്യം | കയറ്റുമതി ചെയ്യുന്നു | ആഹാരമായി ഉപയോഗിക്കുന്നു. | ഒമേഗ 3 ഫാറ്റി ആസിഡ് കൂടുതലായി കാണപ്പെടുന്നു. | പേര്, വിലാസം |
| | | | | | | | | | | |
| | | | | | | | | | | |
| | | | | | | | | | | |

# ഉപവിഭാഗം: 2.3

## ആവാസവ്യവസ്ഥാ ജൈവവൈവിധ്യം

**(ഒരിനം ഫോറം മാത്രം)**

## 2.3.1 ആവാസവ്യവസ്ഥാവൈവിധ്യം

| | | | |
|---|---|---|---|
| 1 | ആവാസവ്യവസ്ഥ (ഏതുതരമെന്ന് വ്യക്തമാക്കുക) | | ഉദാഹരണം<br>നെൽപ്പാടം |
| 2 | കാണപ്പെടുന്ന പ്രാദേശിക സ്ഥലം (പ്രാദേശിക നാമം ഉണ്ടെങ്കിൽ എഴുതുക) | | പുഞ്ചക്കരി |
| 3 | വിസ്തൃതി | | 5 ഹെക്ടർ |
| 4 | ഉടമസ്ഥാവകാശം (പൊതുവക/ സ്വകാര്യം) | | സ്വകാര്യം |
| 5 | കാണപ്പെടുന്ന സസ്യജാലം | | നെല്ല്, കീഴാർനെല്ലി, തഴുതാമ, ബ്രഹ്മി, തുടങ്ങിയവ |
| 6 | കാണപ്പെടുന്ന ജന്തുജാലം | | തവള, നീർക്കോലി, ചേര, ശലഭങ്ങൾ, തുടങ്ങിയവ |
| 7 | പ്രദേശത്ത് മാത്രം കണ്ടുവരുന്ന (തദ്ദേശീയമായിട്ടുള്ള) സസ്യങ്ങൾ (Endemic) | | പ്രത്യേക ഇനമുണ്ടെങ്കിൽ എടുത്തു പറയുക |
| | ജന്തുക്കൾ | | പ്രത്യേക ഇനമുണ്ടെങ്കിൽ എടുത്തു പറയുക |
| 8 | സംരക്ഷണാവസ്ഥ | | നിലവിൽ കൃത്യമായ ഇടവേളകളിൽ കൃഷി ചെയ്ത് സംരക്ഷിച്ചു വരുന്നു. |
| 9 | ഉപയോഗങ്ങൾ | | കൃഷിയ്ക്ക്, ജലലഭ്യത, മറ്റു ജീവജാലങ്ങളുടെ നിലനിൽപ്പ് |
| 10 | ബന്ധപ്പെട്ട ഐതീഹ്യങ്ങൾ (ഉണ്ടെങ്കിൽ) | രേഖപ്പെടുത്തിയവ | --- |
| | | വായ്മൊഴിയായിട്ടുള്ളവ | ---- |
| 11 | കാലാവസ്ഥാ വ്യതിയാനം മൂലം പ്രാദേശികമായിട്ട് വന്നിട്ടുള്ള മാറ്റങ്ങൾ | | കൃഷി നാശം, കീടബാധ, രോഗബാധ |
| 12 | ഭൂവിനിയോഗത്തിലെ മാറ്റങ്ങൾ | | നെൽകൃഷി തുടർന്നുവരുന്നു. |
| 13 | മലിനീകരണത്തിന്റെ ഉറവിടവും വ്യാപ്തിയും (ഉണ്ടെങ്കിൽ) | | കുറഞ്ഞ തോതിൽ കീടനാശിനി മൂലമുള്ള മലിനീകരണം |
| 14 | മറ്റു പാരിസ്ഥിതിക വെല്ലുവിളികൾ/ ഭീഷണികൾ | | നിലംനികത്തൽ |
| 15 | ദുരന്തനിവാരണ അതോറിറ്റിയുടെ ദുരന്തസാധ്യതാ പട്ടികയിൽപ്പെട്ട പ്രദേശമാണോ? (ഉദാ:- പ്രളയം, മണ്ണിടിച്ചിൽ, ഉരുൾപ്പൊട്ടൽ, തുടങ്ങിയവ) | | അല്ല |
| 16 | ആശ്രയിച്ചു ജീവിക്കുന്ന വിഭാഗങ്ങൾ | | കർഷകർ, ദേശാടന പക്ഷികൾ, തുടങ്ങിയവ |

| | | |
|---|---|---|
| 17 | ജൈവവൈവിധ്യ പൈതൃക കേന്ദ്രം/ പ്രാദേ ശിക ജൈവവൈവിധ്യ പൈതൃക കേന്ദ്രമായി സംരക്ഷിക്കുന്നതിന് അനുയോജ്യമായ പ്രദേ | അല്ല. |
| | ശമാണോ? വിശദമാക്കുക | |
| 18 | നാട്ടറിവ് നൽകിയ വ്യക്തി/ സംഘടനയുടെ പേര് വിലാസം, ഫോൺ നം. | ശ്രീധരൻ, 71 വയസ്സ്, പുഞ്ചക്കരി, വെള്ളായണി. |

കോളം 1: വിവിധ ആവാസവ്യവസ്ഥകളായ കാവുകൾ, കണ്ടലുകൾ, വനങ്ങൾ, പുൽമേടുകൾ, കൃഷിസ്ഥലങ്ങൾ, കായലുകൾ, തണ്ണീർത്തടങ്ങൾ, തോട്ടങ്ങൾ, തരിശുനിലം, തുറസ്സായ സ്ഥലങ്ങൾ, നെൽപ്പാടങ്ങൾ, ചതുപ്പുകൾ, കടൽത്തീരം, പാറക്കെട്ടുകൾ, ഫാമുകൾ, കുറ്റിക്കാടുകൾ, നദികൾ, ജലാശയങ്ങൾ, അരുവികൾ, പച്ചത്തുരുത്തുകൾ തുടങ്ങിയവയെക്കുറിച്ചുള്ള വിവരങ്ങൾ ഉൾക്കൊള്ളിക്കുക. (സ്വാഭാവികവും മനുഷ്യനിർമ്മിതവുമായിട്ടുള്ള ആവാസവ്യവസ്ഥകൾ ഉൾപ്പെടുത്തുക)

കോളം 8: നദിയോരങ്ങൾ, കുളങ്ങൾ, തോടുകൾ തുടങ്ങിയ ആവാസവ്യവസ്ഥകളുടെ സംരക്ഷണത്തിനായി അതിരുകൾ കല്ലുകെട്ടിയാണോ, സ്വാഭാവികമായാണോ സംരക്ഷിച്ചിരിക്കുന്നത് എന്നുള്ള വിവരം വിശദമാക്കുക.

കോളം 17: ജൈവവൈവിധ്യ സംരക്ഷണ പ്രാധാന്യമുള്ള പ്രദേശങ്ങളെ കണ്ടെത്തി അവയെ ജൈവവൈവിധ്യ പൈതൃക കേന്ദ്രങ്ങൾ/ പ്രാദേശിക ജൈവവൈവിധ്യ പൈതൃക കേന്ദ്രങ്ങൾ എന്നിവയായി ബി.എം.സി. കൾക്ക് പ്രഖ്യാപിക്കാവുന്നതാണ്.

## കേരള സംസ്ഥാന ജൈവവൈവിധ്യ ബോർഡ്
## 2.4. പൂർവ്വാനുമതി പത്രം (PRIOR INFORMED CONSENT (PIC)

**ജൈവവൈവിധ്യവുമായി ബന്ധപ്പെട്ട പരമ്പരാഗത അറിവുകളുടെ വിവരശേഖരണം**
**അറിവുസൂക്ഷിപ്പുകാരന്റെ/ വിവരദാതാവിനെക്കുറിച്ചുള്ള വിവരങ്ങൾ:**

| പേര്, വിലാസം | വയസ്സ് | ലിംഗം | പരമ്പരാഗത തൊഴിൽ | നിലവിലെ തൊഴിൽ | വിദ്യഭ്യാസ യോഗ്യത | വിവരശേഖരണം നടത്തിയ തീയതി |
|---|---|---|---|---|---|---|
| | | | | | | |

| വിവരങ്ങൾ | | |
|---|---|---|
| വെളിപ്പെടുത്താത്ത വിവരങ്ങൾ | ഭാഗികമായി വെളിപ്പെടുത്തിയ വിവരങ്ങൾ | പൂർണ്ണമായി വെളിപ്പെടുത്തിയ വിവരങ്ങൾ |
| | | |

| വിവരങ്ങളുടെ ഉറവിടം | | | | |
|---|---|---|---|---|
| വ്യക്തി | | കുടുംബം | വിഭാഗം | |
| | | | | |

| നേട്ടങ്ങളുടെ പങ്കുവയ്ക്കൽ | | | |
|---|---|---|---|
| സാമ്പത്തികം | | സാമ്പത്തികേതരം | |
| | | | |

**ഉപയോഗിക്കുന്ന സസ്യങ്ങൾ/ ജന്തുക്കളെ സംബന്ധിക്കുന്ന വിവരങ്ങൾ**

| പ്രാദേശിക നാമം | ശാസ്ത്രീയ നാമം | സ്വഭാവ സവിശേഷത | ആവാസകേന്ദ്രം | ഉപയോഗിക്കുന്ന ഭാഗം/ ഭാഗങ്ങൾ | |
|---|---|---|---|---|---|
| | | | | | |
| പ്രസ്തുത നാട്ടറിവിന്റെ ഉപയോഗം/ ഉപയോഗരീതി: | | | | | |

| ഔഷധമാണെങ്കിൽ അളവ്, സമയം, കാലയളവ് (മനുഷ്യർക്കും, മൃഗങ്ങൾക്കും) | ഏത് രോഗത്തിന് ഫലപ്രദം | രോഗലക്ഷണങ്ങൾ | കഴിക്കാവുന്നവ | പുറമേ ഉപയോഗിക്കാവുന്നവ | ഉപയോഗിക്കേണ്ട സമയത്ത് ശ്രദ്ധിക്കേണ്ട കാര്യങ്ങൾ |
|---|---|---|---|---|---|
| | | | | | |

.................. തീയതിയിൽ .................................................................. താമസിക്കുന്ന

ശ്രീ./ശ്രീമതി......................................................................... യുടെ പൂർണ്ണസമ്മതത്തോടെയാണ് പ്രസ്തുത വിവരശേഖരണം നടത്തിയിട്ടുള്ളത്.

വിവരശേഖരണം നടത്തിയ വ്യക്തി:

വിവരം നൽകിയ വ്യക്തി/ വ്യക്തികളുടെ പേരും

ഒപ്പും:

# അനുബന്ധം

## അനുബന്ധം - 1

### ഗ്രാമപഞ്ചായത്ത്/ മുനിസിപ്പാലിറ്റി/ കോർപ്പറേഷൻ ഭരണസമിതിയംഗങ്ങളുടെ വിശദാംശങ്ങൾ

| ക്രമ നം. | വാർഡ് അംഗം/ കൗൺസിലറുടെ പേര്, മേൽവിലാസം, മൊബൈൽ നമ്പർ | വാർഡിന്റെ പേര് |
|---|---|---|
| | | |
| | | |
| | | |
| | | |
| | | |
| | | |
| | | |

## അനുബന്ധം – 2

**പഞ്ചായത്ത്/മുനിസിപ്പാലിറ്റി/നഗരസഭ എന്നിവയിലെ ജൈവവൈവിധ്യപരിപാലന കമ്മിറ്റിയെ (ബി.എം. സി) സംബന്ധിക്കുന്ന വിശദാംശങ്ങൾ. ചെയർമാനും സെക്രട്ടറിയും തദ്ദേശസ്വയംഭരണസ്ഥാപനം നാമ നിർദ്ദേശം ചെയ്ത ആറംഗങ്ങളും ചേർന്നതാണ് ബി.എം.സി. (ഇതിൽ രണ്ടിൽ കുറയാതെ വനിതകളും ഒരു പട്ടികജാതി/പട്ടികവർഗ്ഗക്കാരനും ഉണ്ടാകേണ്ടതാണ്, കൂടാതെ ആറംഗങ്ങളിൽ കൺവീനർ ആരെന്ന് കൂടി സൂചിപ്പിക്കുക).**

| | | |
|---|---|---|
| ബി.എം.സി. രൂപീകരിച്ച തീയതി, തീരുമാനം | | |
| 1 | പേര്<br>വയസ്സ്<br>ലിംഗം<br>ഔദ്യോഗിക പദവി (ഉണ്ടെങ്കിൽ)<br>വിലാസം<br>പ്രാവീണ്യം നേടിയ മേഖല<br>ഫോൺ നം. | പഞ്ചായത്ത് പ്രസിഡന്റ് |
| 2 | പേര്<br>വയസ്സ്<br>ലിംഗം<br>ഔദ്യോഗിക പദവി (ഉണ്ടെങ്കിൽ)<br>വിലാസം<br>പ്രാവീണ്യം നേടിയ മേഖല<br>ഫോൺ നം. | പഞ്ചായത്ത് സെക്രട്ടറി |
| 3 | പേര്<br>വയസ്സ്<br>ലിംഗം<br>ഔദ്യോഗിക പദവി (ഉണ്ടെങ്കിൽ)<br>വിലാസം<br>പ്രാവീണ്യം നേടിയ മേഖല<br>ഫോൺ നം. | വനിത അംഗം |
| 4 | പേര്<br>വയസ്സ്<br>ലിംഗം<br>ഔദ്യോഗിക പദവി (ഉണ്ടെങ്കിൽ)<br>വിലാസം<br>പ്രാവീണ്യം നേടിയ മേഖല<br>ഫോൺ നം. | വനിത അംഗം |
| 5 | പേര്<br>വയസ്സ്<br>ലിംഗം<br>ഔദ്യോഗിക പദവി (ഉണ്ടെങ്കിൽ)<br>വിലാസം<br>പ്രാവീണ്യം നേടിയ മേഖല<br>ഫോൺ നം. | എസ്.സി./ എസ്.ടി. അംഗം |
| 6 | പേര്<br>വയസ്സ്<br>ലിംഗം<br>ഔദ്യോഗിക പദവി (ഉണ്ടെങ്കിൽ)<br>വിലാസം<br>പ്രാവീണ്യം നേടിയ മേഖല<br>ഫോൺ നം. | അംഗം |

| | | |
|---|---|---|
| 7. | പേര്<br>വയസ്സ്<br>ലിംഗം<br>ഔദ്യോഗിക പദവി (ഉണ്ടെങ്കിൽ)<br>വിലാസം<br>പ്രാവീണ്യം നേടിയ മേഖല<br>ഫോൺ നം. | അംഗം |
| 8. | പേര്<br>വയസ്സ്<br>ലിംഗം<br>ഔദ്യോഗിക പദവി (ഉണ്ടെങ്കിൽ)<br>വിലാസം<br>പ്രാവീണ്യം നേടിയ മേഖല<br>ഫോൺ നം. | അംഗം |
| 9 | | |
| 10 | | |
| 11 | | |

## അനുബന്ധം – 3

**ജനകീയ ജൈവവൈവിധ്യ രജിസ്റ്റർ (രണ്ടാം ഭാഗം) തയ്യാറാക്കലിൽ പ്രധാനമായും പങ്കെടുത്ത വ്യക്തികൾ, സ്ഥാപനങ്ങൾ എന്നിവയെ സംബന്ധിക്കുന്ന വിവരങ്ങൾ**

| | | |
|---|---|---|
| 1 | ബന്ധപ്പെട്ട വ്യക്തിയുടെ പേരും വിലാസവും<br><br>ഫോൺ നമ്പർ<br>ഇ-മെയിൽ വിലാസം | |
| 2 | ബന്ധപ്പെട്ട വ്യക്തിയുടെ പേരും വിലാസവും<br><br>ഫോൺ നമ്പർ<br>ഇ-മെയിൽ വിലാസം | |
| 3 | ബന്ധപ്പെട്ട വ്യക്തിയുടെ പേരും വിലാസവും<br><br>ഫോൺ നമ്പർ<br>ഇ-മെയിൽ വിലാസം | |
| 4 | ബന്ധപ്പെട്ട വ്യക്തിയുടെ പേരും വിലാസവും<br><br>ഫോൺ നമ്പർ<br>ഇ-മെയിൽ വിലാസം | |
| 5 | ബന്ധപ്പെട്ട വ്യക്തിയുടെ പേരും വിലാസവും<br><br>ഫോൺ നമ്പർ<br>ഇ-മെയിൽ വിലാസം | |

വ്യക്തികളാണെങ്കിൽ, പേരും ഫോൺനമ്പരും വിലാസവും രേഖപ്പെടുത്തണം. സ്ഥാപനമാണെങ്കിൽ പ്രസ്തുത സ്ഥാപനത്തിന്റെ പേരും വിലാസവും കൂടാതെ ബന്ധപ്പെടാനുള്ള വ്യക്തിയുടെ പേരും വിലാസവും ഫോൺമ്പരും കൂടി രേഖപ്പെടുത്തേണ്ടതാണ്

## അനുബന്ധം 4

## പദസൂചിക

| ക്രമ നം. | ഉപവിഭാഗം | സസ്യ ജന്തുജാലങ്ങൾ/ ആവാസവ്യവസ്ഥകളുടെ പട്ടിക | പേജ് നം. |
|---|---|---|---|
| 1 | 2.1 കാർഷിക ജൈവവൈവിധ്യം (2.1.1 മുതൽ 2.1.9 വരെ) | | |
| 2 | 2.2 കാർഷികേതര ജൈവവൈവിധ്യം (2.2.1 മുതൽ 2.2.7 വരെ) | | |
| 3 | 2.3 ആവാസവ്യവസ്ഥാ ജൈവവൈവിധ്യം | | |

## അനുബന്ധം 5

### പി.ബി.ആർ. രണ്ടാം ഭാഗത്തിന്റെ ഘടന

1. സാക്ഷ്യപത്രം * (മാതൃക ഇതോടൊപ്പം ഉൾപ്പെടുത്തിയിരിക്കുന്നു)
2. ഉള്ളടക്കം
3. പഞ്ചായത്ത്/മുനിസിപ്പാലിറ്റി/കോർപ്പറേഷന്റെ പൊതുവിവരങ്ങൾ
4. ഭൂപടങ്ങൾ (അഡ്മിനിസ്ട്രേറ്റീവ് ഭൂപടം, വിഭവ ഭൂപടം, ഭൂവിനിയോഗ ഭൂപടം, ജലസേചനം, കൃഷി എന്നിവ സംബന്ധിച്ച ലഭ്യമാകുന്ന ഭൂപടങ്ങളെല്ലാം ചേർക്കുക)
5. പി.ബി.ആർ. രണ്ടാം ഭാഗം – പ്രസക്തിയും പ്രാധാന്യവും ** (ഇതോടൊപ്പം ഉൾപ്പെടുത്തിയിരിക്കുന്നു)
6. പി.ബി.ആർ. ആദ്യഭാഗത്തിന്റെ വിശകലന റിപ്പോർട്ട് *** (മാതൃക ഇതോടൊപ്പം ഉൾപ്പെടുത്തിയിരിക്കുന്നു)
7. പി.ബി.ആർ. രണ്ടാംഭാഗത്തിന്റെ പ്രവർത്തനരീതി, രേഖാചിത്രം
8. ജൈവവൈവിധ്യ ഫോറങ്ങൾ (ഭാഗം 1, 2, 3, 4)
9. പഞ്ചായത്ത്/മുനിസിപ്പാലിറ്റി/കോർപ്പറേഷനുകളിൽ നടപ്പിലാക്കുവാനുദ്ദേശിക്കുന്ന ജൈവവൈവിധ്യ സംരക്ഷണ പദ്ധതികൾ മുൻഗണനാക്രമത്തിൽ മേഖലതിരിച്ച് (സുലേഖ സോഫ്റ്റ് വെയർ കോഡ് ചേർക്കുന്നത് അഭികാമ്യം) ഉൾപ്പെടുത്തുക.
10. അനുബന്ധം 1 – പഞ്ചായത്ത്/മുനിസിപ്പാലിറ്റി/കോർപ്പറേഷൻ ഭരണസമിതി അംഗങ്ങളുടെ വിശദാംശങ്ങൾ
11. അനുബന്ധം 2 – ബി.എം.സി. അംഗങ്ങളുടെ വിശദാംശങ്ങൾ
12. അനുബന്ധം 3 – പി.ബി.ആർ. രണ്ടാം ഭാഗം തയ്യാറാക്കലിൽ പ്രധാന പങ്കാളികളായ വ്യക്തികൾ, സ്ഥാപനങ്ങൾ എന്നിവയുടെ വിശദാംശങ്ങൾ
13. അനുബന്ധം 4 – പദ്ധതി നിർദ്ദേശങ്ങൾ (കർമ്മപദ്ധതി) **** (മാതൃക ഇതോടൊപ്പം ഉൾപ്പെടുത്തിയിരിക്കുന്നു
14. അനുബന്ധം 5 – പദസൂചിക (ജൈവവൈവിധ്യ ഫോറങ്ങളിൽ ഉൾപ്പെടുത്തിയിട്ടുള്ള സസ്യ-ജന്തുജാലങ്ങളുടെ പട്ടിക)

### *സാക്ഷ്യപത്രം

......................................................ജില്ലയിലെ ...................................................... ഗ്രാമപഞ്ചായത്ത്/ മുനിസിപ്പാലിറ്റി / കോർപ്പറേഷൻ തയ്യാറാക്കിയ ജനകീയ ജൈവവൈവിധ്യ രജിസ്റ്റർ (പി.ബി.ആർ.) രണ്ടാം ഭാഗം .................. തീയതിയിലെ ........... ............................ നമ്പർ തീരുമാന പ്രകാരം ബി.എം.സി.യും,. .................തീയതിയിലെ ..................നമ്പർ തീരുമാന പ്രകാരം ഭരണസമിതിയും അംഗീകരിച്ചതായും,..................തീയതിയിലെ .................. നമ്പർ തീരുമാന പ്രകാരം തയ്യാറാക്കിയിട്ടുള്ള പി.ബി. ആറിന്റെ ആദ്യഭാഗവും, രണ്ടാം ഭാഗവും ഉൾപ്പെടുന്നതായിരിക്കും ......................................................ഗ്രാമപഞ്ചായത്ത്/ മുനിസിപ്പാലിറ്റി / കോർപ്പറേഷന്റെ പി.ബി.ആർ. എന്നും സാക്ഷ്യപ്പെടുത്തുന്നു.

**മെമ്പർ സെക്രട്ടറി, ബി.എം.സി. & സെക്രട്ടറി**
............................ ഗ്രാമപഞ്ചായത്ത്/ മുനിസിപ്പാലിറ്റി
/ കോർപ്പറേഷൻ

**ചെയർപേഴ്സൺ, ബി.എം.സി.** &
............................ ഗ്രാമപഞ്ചായത്ത്/
മുനിസിപ്പാലിറ്റി / കോർപ്പറേഷൻ

## **പി.ബി.ആർ. രണ്ടാം ഭാഗം – പ്രസക്തിയും പ്രാധാന്യവും

ജൈവവൈവിധ്യ സംരക്ഷണം നടപ്പിലാക്കുക, ജൈവവിഭവങ്ങളുടെ സുസ്ഥാരോപയോഗം പ്രോത്സാഹിപ്പിക്കുക, അവയുടെ ഉപയോഗത്തിൽ നിന്നും ലഭ്യമാകുന്ന പ്രയോജനങ്ങളുടെ നീതിപൂർവ്വമായ പങ്കുവെയ്ക്കൽ ഉറപ്പാക്കുക എന്നീ ലക്ഷ്യങ്ങളോടുകൂടി 2002 ൽ ഇന്ത്യൻ പാർലമെന്റ് പാസാക്കിയ നിയമമാണ് ജൈവവൈവിധ്യ നിയമം. തുടർന്ന് 2004 ൽ കേന്ദ്ര ജൈവവൈവിധ്യ ചട്ടങ്ങൾ നിലവിൽ വന്നു. ത്രിതല സംവിധാനത്തിലൂടെയാണ് ജൈവവൈവിധ്യ നിയമം രാജ്യത്ത് നടപ്പിലാക്കുന്നത്. ദേശീയതലത്തിൽ ദേശീയ ജൈവവൈവിധ്യ അതോറിറ്റിയും, സംസ്ഥാനതലത്തിൽ സംസ്ഥാന ജൈവവൈവിധ്യ ബോർഡുകളും, പ്രാദേശികതലത്തിൽ ബി.എം.സി. കളും ഉൾപ്പെടുന്നതാണ് ജൈവവൈവിധ്യ നിയമ നിർവ്വഹണ ത്രിതല സംവിധാനം. 2003 – ൽ ദേശീയ ജൈവവൈവിധ്യ അതോറിറ്റി ചെന്നൈ ആസ്ഥാനമായി രൂപീകരിക്കപ്പെട്ടു. 2005 ൽ കേരള സംസ്ഥാന ജൈവവൈവിധ്യ ബോർഡും, 2008 ൽ കേരള സംസ്ഥാന ജൈവവൈവിധ്യ ചട്ടങ്ങളും നിലവിൽ വന്നു. ജൈവവൈവിധ്യ നിയമം 2002, വകുപ്പ് 41, ജൈവവൈവധ്യ ചട്ടങ്ങൾ 2004 ചട്ടം 22, സംസ്ഥാന ജൈവവൈവിധ്യ ചട്ടങ്ങൾ, 2008 ചട്ടം (20) എന്നിവ പ്രകാരമാണ് സംസ്ഥാനത്തെ എല്ലാ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിലും ജൈവവൈവിധ്യ പരിപാലന സമിതികൾ (BMC) രൂപീകരിച്ചിട്ടുള്ളത്. ജൈവവൈവിധ്യ സംരക്ഷണത്തിന്റെയും സുസ്ഥിര ഉപയോഗിത്തിന്റെയും ആദ്യപടി ഓരോ സ്ഥലത്തെയും ജൈവവൈവിധ്യം രേഖപ്പെടുത്തി സൂക്ഷിക്കുക എന്നുള്ളതാണ്. ജൈവവൈവിധ്യ രജിസ്റ്റർ തയ്യാറാക്കലും, അവയുടെ കാലാനുസൃതമായ പുതുക്കലും ബി.എം.സി. കളുടെ പ്രധാന ചുമതലയാണ്. ജൈവവൈവിധ്യ നിയമം 2002, വകുപ്പ് 41, കേന്ദ്ര ജൈവവൈവിധ്യ ചട്ടങ്ങൾ 2004, ചട്ടം 22(6), കേരള സംസ്ഥാന ജൈവവൈവിധ്യ ചട്ടങ്ങൾ 2008, ചട്ടം 20 (7), 18.03.2008 ലെ G.O. (MS) 86/08/LSGD നമ്പർ ഉത്തരവ് എന്നിവ പ്രകാരം ജനകീയ ജൈവവൈവിധ്യ രജിസ്റ്റർ അഥവാ പി.ബി.ആർ. തയ്യാറാക്കുകയുണ്ടായി.

ഒരു പ്രദേശത്തെ ജൈവവിഭവങ്ങളെക്കുറിച്ച് അവിടുത്തെ ജനങ്ങൾക്കുള്ള അറിവുകളും അവർ നൂറ്റാണ്ടുകളായി പ്രകൃതിയുമായുള്ള നിരന്തര ഇടപെടലുകളിലൂടെ ആർജിച്ച നാട്ടറിവുകളും ശാസ്ത്രീയമായി രേഖപ്പെടുത്തുകയും ചെയ്യുക എന്നതാണ് ജനകീയ ജൈവവൈവിധ്യ രജിസ്റ്ററിന്റെ പ്രഥമ ഉദ്ദേശം. പ്രാദേശിക തലത്തിൽ വിഭവ സമാഹരണം നടത്തുന്നതിനും വികസന പദ്ധതികൾ ആസൂത്രണം ചെയ്യുന്നതിനും ഇത്തരം രജിസ്റ്ററുകൾ അടിസ്ഥാനരേഖയാണ്. പ്രാദേശികതലത്തിൽ ജൈവവൈവിധ്യത്തെ സംബന്ധിക്കുന്ന പ്രദേശവാസികളുടെ അറിവുകൾ അവരിലൂടെ രേഖപ്പെടുത്തുകയാണ് പി.ബി.ആർ. തയ്യാറാക്കലിലൂടെ നടപ്പിലാക്കിയിട്ടുള്ളത്. നിലവിലെ പി.ബി.ആറിലെ ന്യൂനതകളും, വിവരങ്ങളുടെ അഭാവങ്ങളും കണ്ടെത്തി പരിഹരിക്കുന്നതോടൊപ്പം, കാലാവസ്ഥാ വ്യതിയാനമെന്ന ആഗോള പ്രതിഭാസത്തിന്റെ പരിണിതഫലമായുള്ള പ്രളയം, വരൾച്ച, ചുഴലിക്കാറ്റ് തുടങ്ങിയ പ്രകൃതി ദുരന്തങ്ങൾ മൂലം നമ്മുടെ പരിസ്ഥിതി–ജൈവ–ആവാസവ്യവസ്ഥകൾക്കുണ്ടായ മാറ്റങ്ങൾ സംബന്ധിക്കുന്ന വിവരങ്ങളും പ്രാദേശികതലത്തിൽ ക്രോഡീകരിക്കേണ്ടതുണ്ട്. മാത്രമല്ല, 14–ാം പഞ്ചവൽസര പദ്ധതിയിൽ പരിസ്ഥിതി സംരക്ഷണമെന്നത് സർക്കാരിന്റെ നയമാണ്. ആയതിന്റെ ഭാഗമായി ഓരോ പഞ്ചായത്തുകളിലും ജൈവവൈവിധ്യ സംരക്ഷണ കർമ്മപദ്ധതി തയ്യാറാക്കണമെന്നും നിഷ്ക്കർഷിച്ചിട്ടുണ്ട്. പഞ്ചായത്തുകളിലും, മുനിസിപ്പാലിറ്റികളിലും, കോർപ്പറേഷനുകളിലും പി.ബി.ആർ. കാലാനുസൃതമായി പുതുക്കുന്നതിനുള്ള മാർഗ്ഗനിർദ്ദേശം 19.04.2022 ലെ യഥാക്രമം സ.ഉ.(കൈ)നം. 84/2022/ത.സ്വ.ഭ.വ, സ.ഉ.(കൈ)നം. 86/2022/ത.സ്വ.ഭ.വ എന്നീ ഉത്തരവുകളിലൂടെ സർക്കാർ പുറപ്പെടുവിച്ചിട്ടുണ്ട്. ഈയൊരു സാഹചര്യത്തിലാണ് നിലവിലെ പി.ബി.ആറുകളിൽ ഉൾപ്പെത്തിയിട്ടുള്ള വിവരങ്ങളിലുണ്ടായ കാലാനുസൃതമായ മാറ്റങ്ങൾ ഉൾപ്പെടുത്തികൊണ്ടും, ആദ്യഭാഗത്തിൽ ഇല്ലാത്തതും, ഉൾപ്പെടുത്താൻ കഴിയാത്തതുമായ അധികവിവരങ്ങൾ ചേർത്തുകൊണ്ടും, കേരള സംസ്ഥാന ജൈവവൈവിധ്യ ബോർഡിന്റെ സാങ്കേതിക മേൽനോട്ടത്തിൽ പി.ബി.ആർ (രണ്ടാം ഭാഗം) തയ്യാറാക്കിയിട്ടുള്ളത്.

ജൈവവൈവിധ്യ നിയമത്തിന്റെ സുപ്രധാന ലക്ഷ്യങ്ങളിലൊന്നായ ജൈവവിഭവങ്ങളുടെ ഉപയോഗത്തിൽ നിന്നും ലഭ്യമാകുന്ന പ്രയോജനങ്ങളുടെ നീതിപൂർവ്വമായ പങ്കുവെയ്ക്കൽ ഉറപ്പാക്കുന്നതിനും (Access and Benefit Sharing – ABS), പ്രാദേശികതലത്തിൽ ജൈവൈവിധ്യം സംരക്ഷണവും, ജൈവവിഭവങ്ങളുടെ സുസ്ഥിരോപയോഗവും പ്രോത്സാഹിപ്പിക്കുന്നതിനും, പ്രാദേശികതല ജൈവവൈവിധ്യ പരിപാലന കർമ്മപദ്ധതി തയ്യാറാക്കുന്നതിനും, ജൈവവൈവിധ്യ പൈതൃക കേന്ദ്രങ്ങൾ കണ്ടെത്തി സംരക്ഷിക്കുന്നതിനുമുള്ള അടിസ്ഥാനരേഖയാണ് ഓരോ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിലെയും പി.ബി.ആറുകൾ.

പരിസ്ഥിതി സംരക്ഷിച്ചുകൊണ്ട് സുസ്ഥിര വികസന പദ്ധതികൾ പ്രാദേശികാടിസ്ഥാനത്തിൽ തയ്യാറാക്കുന്നതിനും,കാലാവസ്ഥാവ്യതിയാനത്തെഅനുരൂപപ്പെടുത്തുന്നതിനുള്ളബെഞ്ച്മാർക്കായും,സുസ്ഥിരവികസനലക്ഷ്യ

ങ്ങൾ കൈവരിക്കുന്നതിനുള്ള സൂചകങ്ങളെ അടിസ്ഥാനമാക്കി കർമ്മപദ്ധതികൾ തയ്യാറാക്കുന്നതിനുമുള്ള ഉപാധിയാണ് ഓരോ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിലെയും പി.ബി.ആറുകൾ. ജൈവവൈവിധ്യത്തിന്റെ സംരക്ഷണത്തിനും, സുസ്ഥിര ഉപയോഗത്തിനും വളരെയേറെ സഹായിക്കുന്നതിന് പുറമേ ഉന്നത പാഠശാല കൾക്കും ഗവേഷകർക്കും പരിസ്ഥിതി ശാസ്ത്രപഠനത്തിന് ഉപയോഗിക്കാവുന്ന ഒരു റഫറൻസ് രേഖകൂടിയാണ് പി.ബി.ആറുകൾ.

***** പി.ബി.ആർ. ആദ്യഭാഗത്തിന്റെ വിശകലന റിപ്പോർട്ട് തയ്യാറാക്കുന്നതിനുള്ള മാതൃക**

| ക്രമ നം | ഫോറം | പി.ബി.ആർ. ആദ്യഭാഗ ത്തിൽ ഉൾപ്പെടുത്തി യിട്ടുള്ളവയുടെ പട്ടിക | കണ്ടെത്തിയ ന്യൂനതകൾ | അധികമായി ചേർക്കേണ്ട വിവരങ്ങളുടെ സംക്ഷിപ്തം |
|---|---|---|---|---|
| 1 | ഭാഗം 1 – പൊതുവിവരങ്ങൾ (ഫോറം 1.1 മുതൽ 1.8 വരെ) | | | |
| 2 | ഭാഗം 2 – ജൈവവൈവിധ്യ ഫോറങ്ങൾ 2.1. – കാർഷികവൈവിധ്യം (ഫോറം 2.1.1. മുതൽ 2.1.8 വരെ) | | | |
| 3 | ഭാഗം 2.2 – വീട്ടുവളപ്പിലെ ജൈവവൈവിധ്യം (ഫോറം 2.2.1 മുതൽ 2.2.8 വരെ) | | | |
| 4 | ഭാഗം 2.3 – വന്യ ജൈവവൈവിധ്യം (ഫോറം 2.3.1 മുതൽ 2.3.4 വരെ) | | | |
| 5 | ഭാഗം 2.4 – തണ്ണീർത്തട ജൈവവൈവിധ്യം | | | |
| 6 | ഭാഗം 2.5 – നഗര ജൈവവൈവിധ്യം (മുനിസിപ്പാലിറ്റികൾ, കോർപ്പ റേഷൻ എന്നിവയ്ക്ക് മാത്രം ബാധകം) | | | |

**(**** പദ്ധതി നിർദ്ദേശങ്ങൾ (കർമ്മ പദ്ധതി) തയ്യാറാക്കുന്നതിനുള്ള മാതൃക)**

ജൈവവൈവിധ്യ സംരക്ഷണ, പരിപാലന, പോഷണത്തിനുള്ള പദ്ധതി നിർദ്ദേശങ്ങൾ

| ക്രമ നം. | നടപ്പിലാക്കുവാനുദ്ദേശിക്കുന്ന പദ്ധതി യുടെ പേര് | ബജറ്റ് (പദ്ധതി തുക) | കാലയളവ് | പദ്ധതിയുടെ ലക്ഷ്യങ്ങൾ | പദ്ധതിയിലൂടെ കൈവരിക്കുന്ന നേട്ടങ്ങൾ | നിർവ്വഹണ ചുമതല |
|---|---|---|---|---|---|---|
| ഉദാ: | തനതിനത്തിൽപ്പെട്ട പശുക്കളുടെ സംരക്ഷണം (ഉദാ: വെച്ചൂർ, പെരിയാർ വാലി, ചെറുവള്ളി, കാസർഗോഡ് കുള്ളൻ, തുടങ്ങിയവ) | – | 2023–26 | തനതിനങ്ങളുടെ സംരക്ഷണം, വ്യാപനം, പ്രസ്തുത ഇനങ്ങൾ സംരക്ഷിച്ചുവരുന്ന കർഷകരെ മുഖ്യധാരയിൽ കൊണ്ടുവരിക, തുടങ്ങിയവ | പോഷകസുരക്ഷ ഉറപ്പാക്കൽ, പരമ്പരാഗതയിനങ്ങളുടെ സംരക്ഷണ പ്രാധാന്യം മുഖ്യധാരയിലെത്തിക്കുക, അവബോധം, തുടങ്ങിയവ | തദ്ദേശ സ്ഥാപനം/മൃഗ സംരക്ഷണ വകുപ്പ് |

## അനുബന്ധം – 6

### ഭൂരൂപത്തിന്റെ വിവിധ ഉപവിഭാഗങ്ങൾ/വിവിധ ആവാസകേന്ദ്രങ്ങൾ

1. പുൽമേട് (Grass land): മുഖ്യമായും പുൽവർഗ്ഗത്തിലുള്ള സസ്യങ്ങളാൽ ആവൃതമായ പ്രദേശം. ഇടയ്ക്കിടെ ഓഷധികളും വളരെ അപൂർവ്വമായി മാത്രം കുറ്റിച്ചെടികളും മരങ്ങളും.
2. കുറ്റിച്ചെടികളുള്ള പുൽപ്രദേശം (Scrub savanna): അങ്ങിങ്ങായി കുറ്റിച്ചെടികളുള്ള പ്രദേശം. കുറ്റിച്ചെടികൾക്കിടയിലുള്ള പ്രദേശങ്ങളിൽ പുല്ലും ഓഷധികളും വളരുന്നു. മരങ്ങൾ വളരെ വിരളം.
3. വൃക്ഷങ്ങളുള്ള തുറന്ന പ്രദേശം (Tree savanna): അങ്ങിങ്ങായി വൃക്ഷങ്ങളും അവയ്ക്കിടയിൽ കുറ്റിച്ചെടികൾ, ഓഷധികൾ, പുല്ലുകൾ എന്നിവ വളരുന്ന സസ്യാവൃത പ്രദേശം.
4. കുറ്റിക്കാടുകൾ (Scrub land): മുഖ്യമായും കുറ്റിച്ചെടികൾ തിങ്ങിവളരുന്ന പ്രദേശം. വളരെകുറച്ച് മാത്രം പുൽവർഗ്ഗങ്ങൾ. മരങ്ങൾ വളരെ അപൂർവ്വം.
5. വനം (Forest): മുഖ്യമായും വൃക്ഷങ്ങൾ തിങ്ങിവളരുന്ന പ്രദേശം. ഇടയ്ക്കിടെ കുറ്റിച്ചെടികൾ, ഓഷധികൾ, പുല്ലുവർഗ്ഗങ്ങൾ എന്നിവയും.
6. വാർഷിക വിളഭൂമി (Annual crops): വാർഷിക (Annual) വിളകളായ നെല്ല്, മരച്ചീനി, പച്ചക്കറികൾ തുടങ്ങിയവ കൃഷിചെയ്യുന്ന കൃഷിയിടങ്ങളായ പ്രദേശം.
7. വൃക്ഷവിളഭൂമി (Tree crops): വൃക്ഷവിളകളായ തെങ്ങ്, മാവ്, കവുങ്ങ് തുടങ്ങിയവ കൃഷിചെയ്യുന്ന നാട്ടുകൃഷിയിടങ്ങളും തേക്ക്, അക്കേഷ്യ, ബാബുൽ തുടങ്ങിയ വനവൃക്ഷ തോട്ടങ്ങളുമായ പ്രദേശം.
8. പാറ പ്രദേശം (Rocky out crops): പാറനിറഞ്ഞ, സസ്യാവരണം വളരെക്കുറഞ്ഞ, തരിശുപ്രദേശം.
9. സാന്ദ്രമായ ജനവാസ പ്രദേശം (Largely paved and built with some vegetation): കെട്ടിടങ്ങളും റോഡുകളും തിങ്ങിനിറഞ്ഞ ജനവാസ കേന്ദ്രം. വളരെ കുറച്ചുമാത്രം സസ്യാവരണം.
10. ജനവാസം കുറഞ്ഞ, സസ്യാവൃത പ്രദേശം (Sparely paved and built with extension vegetation): പൂന്തോട്ടങ്ങളാലും മറ്റ് വൃക്ഷതോട്ടങ്ങളാലും സസ്യാവൃതമായതും അങ്ങിങ്ങായി മാത്രം വീടുകളും മറ്റ് കെട്ടിടങ്ങളുമുള്ള പ്രദേശം.
11. നീർച്ചാലുകൾ/അരുവികൾ: സ്വാഭാവികമായി ഒഴുകുന്ന ആഴം കുറഞ്ഞ നേർത്തജലവ്യവസ്ഥകൾ
12. നദികൾ
13. കനാലുകൾ: മനുഷ്യനിർമ്മിതമായ, ജലം ഒഴുകുന്ന ചാനലുകൾ
14. സ്വാഭാവിക കുളങ്ങൾ, തടാകങ്ങൾ, വെള്ളക്കെട്ടുകൾ: നിശ്ചലാവസ്ഥയിലുള്ള സ്വാഭാവിക ജല സ്രോതസുകൾ.
15. ടാങ്കുകൾ, റിസർവോയറുകൾ: മനുഷ്യനിർമ്മിതമയ നിശ്ചല ജലാശയങ്ങൾ.
16. ഓരുജലാശയങ്ങൾ: നദീമുഖങ്ങളിലും അവയോടു ബന്ധപ്പെട്ടുകാണുന്ന ഉപ്പുരസമുള്ള ജലാശയങ്ങൾ.
17. നെൽപ്പാടങ്ങൾ
18. ചതുപ്പുകൾ: ഉൾനാടുകളിൽ ശുദ്ധജല വ്യവസ്ഥയിലും തീരദേശങ്ങളിൽ ഓരു ജല വ്യവസ്ഥയിലും കാണപ്പെടുന്ന ചതുപ്പ് പ്രദേശങ്ങൾ.
19. സമുദ്രം:
20. ചെളിനിറഞ്ഞ കടൽത്തീരം (Muddy beach): നേർത്ത തരികളുള്ള ചെളിനിറഞ്ഞ കടൽത്തീരപ്രദേശം.
21. മണ്ണ് നിറഞ്ഞ കടൽത്തീരം (Sand beach): സാമാന്യം വലിയ തരികളുള്ള മണ്ണ് നിറഞ്ഞ കടൽത്തീരം.
22. പാറക്കെട്ടുകളുള്ള കടൽത്തീരം (Rocky beach): തരിശായ പാറപ്രദേശങ്ങളുള്ള കടൽത്തീരം.
23. ചന്തകൾ (Markets): കടകളും മറ്റ് വിപണന സൗകര്യങ്ങളും ഒരുക്കിയിട്ടുള്ള ചെറുതോ വലുതോ ആയ പ്രദേശങ്ങൾ.
24. ഡിപ്പോകൾ (Depots): ഗോഡൗണുകളും മറ്റു സംഭരണ സൗകര്യങ്ങളും ഒരുക്കിയിട്ടുള്ള പ്രദേശം.
25. വ്യാവസായിക സംരംഭങ്ങൾ/ പ്രോസസ്സിംഗ് യൂണിറ്റുകൾ: വ്യാവസായിക സംരംഭങ്ങൾക്കുള്ള പശ്ചാത്തല സൗകര്യങ്ങൾ സംവിധാനം ചെയ്തിട്ടുള്ള പ്രദേശങ്ങൾ.
26. Repositoris: ജീവനുള്ളതും അല്ലാത്തതുമായ ജൈവരൂപങ്ങളെ നിലനിർത്തി പരിപാലിക്കുന്ന പ്രദേശങ്ങൾ (മ്യൂസിയം, ഹെർബേറിയം)
27. മൃഗപരിപാലന കേന്ദ്രങ്ങൾ (Animal farms): വളർത്തുമൃഗങ്ങളെയും പക്ഷികളെയും മറ്റും ഉൽപ്പാദിപ്പിക്കുന്നതിനുള്ള കേന്ദ്രങ്ങൾ ഉൾപ്പെടെ ഡയറിഫാമുകൾ, പൗൾട്രിഫാമുകൾ, തുടങ്ങിയ പ്രദേശങ്ങൾ

## അനുബന്ധം – 7
### കേരളത്തിലെ മണ്ണിനങ്ങൾ

കേരളത്തിൽ പ്രധാനമായും എട്ടു തരത്തിലുള്ള മണ്ണിനങ്ങളാണ് കണ്ടുവരുന്നത്. തീരദേശ മണ്ണ്, എക്കൽ മണ്ണ്, കരിമണ്ണ്, വെട്ടുകൽമണ്ണ്, ചെമ്മണ്ണ്, മലയോര മണ്ണ്, കറുത്ത പരുത്തി മണ്ണ്, വനമണ്ണ് എന്നിവയാണ്.




1. തീരദേശ മണ്ണ് (Coastal Alluvium)
   കേരളത്തിലെ പടിഞ്ഞാറൻ സമുദ്രതീരത്തും അതിനോട് ചേർന്നു കിടക്കുന്ന സമതല (ഉയരം 0–5 മീറ്റർ) പ്രദേശത്തും കണ്ടു വരുന്നു. മഞ്ഞ കലർന്ന തവിട്ടു നിറമുള്ള ഈ മണ്ണിൽ 80 ശതമാനത്തിനു മുകളിൽ മണലിന്റെ അംശമാണ്. ഫലപുഷ്ടി എറ്റവും കുറവ്.

   പ്രധാന വിളകൾ
   തെങ്ങ്, കശുമാവ്, മറ്റ് ഫല വൃക്ഷങ്ങൾ

2. എക്കൽ മണ്ണ് (Alluvial Soil)
   പുഴയോരങ്ങളിലും അതിനോട് ബന്ധപ്പെട്ട സമതല പ്രദേശത്തും കുവരുന്നു. ഭൗതിക രാസസ്വഭാവങ്ങളിൽ പ്രാദേശികമായി വ്യത്യസ്തത കാണിക്കുന്നു. താരതമ്യേന ജൈവാംശം ഉള്ളവയാണ്. സാമാന്യം ഫലപുഷ്ടി ഉണ്ട്.

പ്രധാനവിളകൾ
നെല്ല്, തെങ്ങ്, കമുക്, വാഴ, പച്ചക്കറികൾ, ജാതി, ഗ്രാമ്പു, പയറു വർഗ്ഗങ്ങൾ

3. കരിമണ്ണ് (Kari Soil)
ആലപ്പുഴ, കോട്ടയം എന്നീ ജില്ലകളിൽ കടൽനിരപ്പിനു താഴെയുള്ള ചതുപ്പു നിലങ്ങളിൽ കാണപ്പെടുന്നു. രചനയിൽ മണൽ കലർന്ന കളിമണ്ണ്. നിറം കറുപ്പ്. ഏകദേശം 50 സെന്റീമീറ്ററിനു താഴെ അഴുകിയ ജൈവ പദാർത്ഥങ്ങളും തടിയുടെ അംശവും വളരെ അധികം കാണപ്പെടുന്നു.

പ്രധാന വിളകൾ
നെല്ല്

4. വെട്ടുകൽ മണ്ണ് (Laterite Soil)
ഇടനാട് (ഉയരം 20–100 മീറ്റർ) മുഴുവനും കാണപ്പെടുന്നു. രചനയിൽ ചരൽ കലർന്ന പശിമരാശി മുതൽ ചരൽ കലർന്ന കളിമണ്ണ് വരെ. നിറം, മഞ്ഞ കലർന്ന തവുട്ടു നിറം മുതൽ ചുവപ്പു കലർന്ന തവുട്ടു നിറം വരെ. അമ്ല സ്വഭാവം ഉണ്ട്. മറ്റ് മണ്ണിനങ്ങളെ അപേക്ഷിച്ച് താഴ്ച കുറവ്.

പ്രധാന വിളകൾ
തെങ്ങ്, കുരുമുളക്, വാഴ, മരച്ചീനി, കശുമാവ്, കൈതച്ചക്ക

5. ചെമ്മണ്ണ് (Red Soil)
കേരളത്തിലെ തെക്കൻ പ്രദേശങ്ങളിൽ തിരുവനന്തപുരം, നെയ്യാറ്റിൻകര എന്നീ താലൂക്കുകളിൽ കാണപ്പെടുന്നു. രചനയിൽ മണൽ കലർന്ന പശിമരാശി. നല്ല താഴ്ചയുള്ളവയാണ്. സസ്യാഹാര മൂലകങ്ങളുടെ അളവ് കുറവ്.

പ്രധാന വിളകൾ
തെങ്ങ്, കുരുമുളക്, വാഴ, കശുമാവ്, മരച്ചീനി, കൈതച്ചക്ക, കപ്പലി, പച്ചക്കറികൾ, തീറ്റപ്പുല്ല്.

6. മലയോര മണ്ണ് (Hill Soil)
ചരിവുമാനം കൂടിയ മലകളിൽ കുവരുന്നു. രചനയിൽ ചരൽ കലർന്ന പശിമരാശി. ചരലിന്റെ അംശം വെട്ടുകണ്ടൽ മണ്ണിനെ അപേക്ഷിച്ച് കുറവാണെങ്കിലും, ഉരുളൻ കല്ലുകൾ കാണപ്പെടുന്നു. നിറം, കടുത്ത തവിട്ടു നിറം മുതൽ മഞ്ഞ കലർന്ന തവിട്ടു നിറം വരെ. വെട്ടുകൽ മണ്ണിനെക്കാളും അമ്ല സ്വഭാവം കുറവ്. സാമാന്യം നല്ല താഴ്ചയും നല്ല നീർവ്വാഴ്ചയും ഉണ്ട്.

പ്രധാന വിളകൾ
റബ്ബർ, തെങ്ങ്, കുരുമുളക്, കൈതച്ചക്ക, കശുമാവ്, മറ്റ് ഫലവൃക്ഷങ്ങൾ, തേയില, കാപ്പി

7. കറുത്ത പരുത്തി മണ്ണ് – കാതര മണ്ണ് (Black Cotton Soil)
8. കേരളത്തിലെ പാലക്കാട് ജില്ലയിലെ ചിറ്റൂർ താലൂക്കിന്റെ നിരപ്പുള്ള കിഴക്കൻ പ്രദേശങ്ങളിൽ കണ്ടുവരുന്നു. രചനയിൽ കളിമണ്ണ്. കടുപ്പമേറിയ കറുപ്പ് നിറം, പൊട്ടാഷും കാൽസ്യവും മെച്ചമായ തോതിലുള്ള ഈ മണ്ണിന് മിക്കവാറും ക്ഷാരഗുണമാണ്. (pH 6.8.7.8) കാറ്റയോൺ എക്സ്ചേഞ്ച് കപ്പാസിറ്റി (CEC) കൂടുതൽ.

പ്രധാന വിളകൾ
പരുത്തി, കരിമ്പ്, നെല്ല്, നിലക്കടല

9. വനമണ്ണ് (Forest Soil)
കേരളത്തിലെ വനപ്രദേശങ്ങളിൽ കുവരുന്നു. പശിമരാശി മുതൽ കളിമണ്ണ് വരെയുള്ള രചനയും, നിറം ഇളം തവിട്ടുനിറം മുതൽ കടുപ്പമേറിയ തവിട്ടു നിറം വരെ കാണപ്പെടുന്നു. നല്ല ഫലപുഷ്ടിയും ആഴവും നീർവ്വാഴ്ചയും ഉണ്ട്

## അനുബന്ധം - 8
## അധിനിവേശ ജീവജാലങ്ങൾ - ചില ഉദാഹരണങ്ങൾ

| No. | Invasive Plants | Local Name/ Common name |
|---|---|---|
| 1 | *Acacia mearnsii* | കറുവ |
| 2 | *Ageratina adenophora* | ത്രവട, നീലഗിരി |
| 3 | *Ageratum conyzoides* | അപ്പ, മുറിയൻപ്പച്ച |
| 4 | *Ageratum houstonianum* | നീല അപ്പ |
| 5 | *Alternanthera bettzickiana* | ചെറുചീര, കാട്ടുപൊന്നാൻകണ്ണി |
| 6 | *Alternanthera brasiliana* | ചോരച്ചീര |
| 7 | *Alternanthera philoxeroides* | മിന്നാംകണ്ണി |
| 8 | *Amaranthus spinosus* | കാട്ടുമുള്ളൻകീര, മുള്ളൻചീര |
| 9 | *Antigonon leptopus* | തേൻപൂവള്ളി |
| 10 | *Argemone mexicana* | എരുമക്കള്ളി |
| 11 | *Aristea ecklonii* | ബ്ലൂസ്റ്റാർ |
| 12 | *Arundo donax* | ഓടപ്പുല്ല് |
| 13 | *Asclepias curassavica* | ചേമുള്ളിച്ചെടി |
| 14 | *Bidens sulphurea* | സൾഫർ കോസ്മോസ് |
| 15 | *Brugmansia arborea* | മര ഉമ്മം |
| 16 | *Brugmansia suaveolens* | ഉമ്മത്ത |
| 17 | *Cabomba furcata* | കബംബ |
| 18 | *Caladium bicolor* | വർണ്ണച്ചേമ്പ് |
| 19 | *Calopogonium mucunoides* | മഞ്ഞപയർ |
| 20 | *Catharanthus roseus* | ശവംനാറി, നിത്യകല്യാണി |
| 21 | *Centratherum intermedium* | ബ്രസീലിയൻ ബട്ടൺ ഫ്ളവർ |
| 22 | *Centrosema molle* | കാട്ടുപയർ |
| 23 | *Cestrum aurantiacum* | യെല്ലോ ഷ്‌റബ് ജാസ്മിൻ |
| 24 | *Chromolaena odorata* | കമ്മ്യൂണിസ്റ്റ് പച്ച |
| 25 | *Clidemia hirta* | കോസ്റ്റേഴ്‌സ് കഴ്‌സ് |
| 26 | *Croton bonplandianus* | ക്രോട്ടൺ |
| 27 | *Croton hirtus* | ക്രോട്ടൺ |
| 28 | *Cylindropuntia ramosissima* | സുരൈമുള്ള് |
| 29 | *Datura stramonium* | ഉമ്മം, വെളുത്ത ഉമ്മം |
| 30 | *Duranta erecta* | ഡുറാന്റാ |
| 31 | *Eichhornia crassipes* | കുളവാഴ |
| 32 | *Erigeron karvinskianus* | പൊട്ടുപൂവ് |
| 33 | *Euphorbia heterophylla* | മെക്സിക്കൻ ഫയർ പ്ലാന്റ് |
| 34 | *Gomphrena celosioides* | കാട്ടുവാടാമല്ലി |
| 35 | *Heliconia psittacorum* | വാഴച്ചെടി |
| 36 | *Hypoestes sanguinolenta* | മീസിൽസ് പ്ലാന്റ് |
| 37 | *Hyptis capitata* | നോബ് വീഡ് |

| | | |
|---|---|---|
| 38 | *Hyptis suaveolens* | നാറ്റപ്പൂച്ചെടി |
| 39 | *Ipomoea aquatica* | കൊഴുപ്പ |
| 40 | *Ipomoea cairica* | കോളാമ്പിപ്പൂ, പാവാടപ്പൂ |
| 41 | *Ipomoea carnea* | നെയ്യ്വള്ളി കറ്റ |
| 42 | *Ipomoea hederifolia* | തീപ്പൊരി മുല്ല |
| 43 | *Ipomoea purpurea* | കോമൺ മോണിംഗ് ഗ്ലോറി |
| 44 | *Ipomoea quamoclit* | ആകാശമുല്ല, നാരായണിപ്പൂവ് |
| 45 | *Jatropha gossypifolia* | ചുവന്ന കടലാവണക്ക് |
| 46 | *Lantana camara* | പൂച്ചെടി, അരിപ്പൂ |
| 47 | *Leucaena leucocephala* | സുബാബുൾ |
| 48 | *Limnocharis flava* | മഞ്ഞ പായൽ |
| 49 | *Ludwigia peruviana* | കാട്ടുകരയാമ്പൂ |
| 50 | *Maesopsis eminii* | കുടമരം |
| 51 | *Merremia vitifolia* | മഞ്ഞകോളാമ്പി വള്ളി |
| 52 | *Mikania micrantha* | ധൃതരാഷ്ട്രപ്പച്ച |
| 53 | *Mimosa diplotricha* | ആനത്തൊട്ടാവാടി |
| 54 | *Mimosa diplotricha var. inermis* | ആനത്തൊട്ടാവാടി |
| 55 | *Mimosa pudica* | തൊട്ടാവാടി |
| 56 | *Mucuna bracteata* | തോട്ടപ്പയർ |
| 57 | *Muntingia calabura* | പഞ്ചാരപ്പഴം |
| 58 | *Parthenium hysterophorus* | കോൺഗ്രസ്സ് പച്ച |
| 59 | *Passiflora foetida* | അമ്മൂമ്മപ്പഴം, പൂച്ചപ്പഴം |
| 60 | *Pennisetum pedicellatum* | പൂച്ചവാലൻപുല്ല് |
| 61 | *Pennisetum polystachyon* | കോതപ്പുല്ല് |
| 62 | *Physalis angulata* | മൊട്ടംപുളി, ഞൊട്ടാഞൊടിയൻ |
| 63 | *Phytolacca octandra* | ഇങ്ക് വീഡ് |
| 64 | *Pistia stratiotes* | വാട്ടർ കാബേജ് |
| 65 | *Prosopis juliflora* | വന്നി |
| 66 | *Pteridium aquilinum* | ചുരുളി |
| 67 | *Pueraria phaseoloides* | തോട്ടപ്പയർ |
| 68 | *Quisqualis indica* | കുലമറിഞ്ഞി |
| 69 | *Racosperma auriculiforme* | അക്കേഷ്യ |
| 70 | *Ricinus communis* | ആവണക്ക് |
| 71 | *Salvinia molesta* | ആഫ്രിക്കൻ പായൽ |
| 72 | *Senna alata* | ആറ്റുതകര, ചക്രതകര |
| 73 | *Senna hirsuta* | പൊന്നിൻതകര |
| 74 | *Senna occidentalis* | കരിന്തകര, ഊളൻതകര |
| 75 | *Senna siamea* | മഞ്ഞകൊന്ന |
| 76 | *Senna spectabilis* | മഞ്ഞകൊന്ന |
| 77 | *Senna tora* | തകര |

| | | |
|---|---|---|
| 78 | *Sesamum radiatum* | കാട്ടെള്ള് |
| 79 | *Sesbania bispinosa* | കെടങ്ങ്, കിളന്ന് |
| 80 | *Sesbania grandiflora* | അഗത്തിച്ചീര |
| 81 | *Sphagneticola trilobata* | സിംഗപ്പൂർ ഡെയ്സി |
| 82 | *Stylosanthes fruticosa* | ആഫ്രിക്കൻ സ്റ്റൈലോ |
| 83 | *Synedrella nodiflora* | മുടിയൻപ്പച്ച |
| 84 | *Thevetia peruviana* | മഞ്ഞ അരളി |
| 85 | *Tithonia diversifolia* | കയ്പ്പൻ പച്ച, മെക്സിക്കൻ സൺഫ്ളവർ |
| 86 | *Tridax procumbens* | കുമ്മിണിപ്പച്ച, ഒടിയൻചീര |
| 87 | *Turnera subulata* | ചെരവത്താലി |
| | **Invasive Animals** | **Local name/ common name** |
| 1 | *Achatina fulica* | ആഫ്രിക്കൻ ഒച്ച് |
| 2 | *Bufo marinus* | കെയ്ൻ റ്റോഡ് |
| 3 | *Oreochromis mossambica* | തിലാപ്പിയ |
| 4 | *Passer montanus* | യൂറോപ്യൻ ട്രീ സ്പാരോ |
| 5 | *Plecostomus multiradiatus* | സക്കർ ഫിഷ് |
| 6 | *Rana catesbeiana* | അമേരിക്കൻ ബുൾഫ്രോഗ് |

## അനുബന്ധം - 9
## കേരളത്തിലെ നദികളും പോഷക നദികളും

| നം. | നദിയുടെ പേര് | ഉദ്ഭവ സ്ഥാനം | പ്രധാന പോഷക നദികൾ | നീളം കി.മീ. | ആവാഹ പ്രദേശം (ച.കി.മീ.) | | ശരാശരി നീരൊഴുക്ക് ദശലക്ഷം ഘ.കി.മീ. |
|---|---|---|---|---|---|---|---|
| | | | | | കേരളം | പുറത്ത് | |
| 1 | മഞ്ചേശ്വർ | ബലേപുനി | പാവുറു | 16 | 90 | - | 309 |
| 2 | ഉപ്പള | വീരകമ്പകുന്ന് | ഉപ്പള | 50 | 76 | 174 കർണ്ണാടക | 309 |
| 3 | ഷിരിയ | ആനെക്കണ്ടി | കല്ലണത്തോട്<br>കണിയാന്തോട്<br>എരമാട്ടി പുഴ<br>കുമ്പള | | | | |
| 4 | മൊഗ്രാൽ | കാണത്തൂർ | ബെട്ടിപാടി<br>മൂളിയാർ | 34 | 132 | - | ലഭ്യമല്ല |
| 5 | ചന്ദ്രഗിരി | പട്ടിക്കാട് | പയസ്വിനി<br>ചന്ദ്രഗിരി | 105 | 570 | 836 കർണ്ണാടക | 3964 |
| 6 | ചിറ്റാരി | ചെട്ടിഞ്ചാൽ | കൽനാട്<br>ബേക്കൽ | 25 | 145 | - | 254 |
| 7 | നീലേശ്വരം | കിനാനൂർ | ആര്യങ്കാൽ തോട്<br>ബൈഗോട്ടെ പുഴ | 46 | 190 | - | ലഭ്യമല്ല |
| 8 | കാരിയങ്കോട് | പാടിനലക്കോട് | ഐരങ്കടവ് പുഴ | 64 | 429 | 132 കർണ്ണാടക | 1356 |
| 9 | കവ്വായി | ചീമേനി | | 31 | 143 | - | ലഭ്യമല്ല |
| 10 | പെരുവെമ്പ | പേക്കുന്ന് | മാതമംഗലം<br>ചള്ളച്ചാൽ<br>മാച്ചാരുതോട് | 51 | 300 | - | 1143 |
| 11 | രാമപുരം | ഇരിങ്ങൽ | – | 19 | 5 | - | ലഭ്യമല്ല |
| 12 | കുപ്പം | പടനക്കാട് | കുറ്റിക്കോൽ<br>പുഴ<br>ചെറിയതോട് | 82 | 469 | 70 | |
| 13 | വളപട്ടണം | ബ്രഹ്മഗിരി | ശ്രീകണ്ഠപുരം പുഴ,<br>വലിയപുഴ<br>വേണിപുഴ<br>ആറളം പുഴ | 110 | 1321 | കർണ്ണാടക | 1516 |
| 14 | അഞ്ചരക്കണ്ടി | കണ്ണോത്ത് | കാപ്പുതോട്<br>ഇടുംബതോട് | 48 | 412 | - | 433 |
| 15 | തലശ്ശേരി | കണ്ണോത്ത് | ധർമ്മടം പുഴ | 28 | 132 | - | 155 |
| 16 | മയ്യഴിപുഴ<br>(മാഹി പുഴ) | വയനാട് | – | 54 | 394 | - | 248 |
| 17 | കുറ്റാടി പുഴ | നരിക്കോട്ട | ഓനിപ്പുഴ<br>തൊട്ടിലാപാലം പുഴ<br>കടിയങ്ങാട് പുഴ<br>മണ്ണത്തിൽ പുഴ | 74 | 583 | - | 1273 |

| | | | | | | | |
|---|---|---|---|---|---|---|---|
| 18 | കോരപ്പുഴ | അരിക്കാം കുന്നി | അകലാപ്പുഴ<br>പുനൂർ പുഴ | 40 | 624 | - | 222 |
| 19 | കല്ലായിപ്പുഴ | ചെറുകള ത്തൂർ | - | 22 | 96 | - | ലഭ്യമല്ല |
| 20 | ചാലിയാർ | ഇളമ്പലാരി മല | കരിമ്പുഴ<br>ചാലിപ്പുഴ<br>ചെറുപുഴ<br>കാഞ്ഞിരപ്പുഴ | 169 | 2535 | – | 5902 |
| 21 | കടലുണ്ടിപ്പുഴ | ചെറുകൊമ്പൻ മല | ഒലിപ്പുഴ<br>വെലിയാർ | 130 | 1122 | – | 1137 |
| 22 | തിരൂർ പുഴ | ആതവനാട് | വാലില്ലാപുഴ | 48 | 117 | 1786 | 165 |
| 23 | ഭാരതപ്പുഴ | ആനമല | ഗായത്രി പുഴ<br>ചിറ്റൂർ പുഴ<br>കൽപ്പാത്തി പുഴ<br>തൂതപ്പുഴ | 209 | 4400 | തമിഴ്നാട് | 5082 |
| 24 | കേച്ചേരിപ്പുഴ | മട്ടാട് മല | ചൂണ്ടൽ തോട് | 51 | 401 | – | 1024 |
| 25 | പുഴക്കൽപ്പുഴ | മട്ടാട് മല | പാറത്തോട്<br>പൂമലത്തോട്<br>നടുത്തോട്<br>കറ്റച്ചിറതോട് | 29 | 234 | – | ലഭ്യമല്ല |
| 26 | കരുവന്നൂർ പുഴ | പൂമലക്കുന്ന് | മണലി,<br>കുറുമാലി,<br>ചിമ്മനി, മുപ്പിളി | 48 | 1054 | – | 1398 |
| 27 | ചാലക്കുടിപ്പുഴ | ആനമല | പറമ്പിക്കുളം<br>കുരിയാർകുറ്റി<br>ഷോളയാർ<br>കാരപാറ<br>ആനക്കയം | 130 | 1404 | 300 | 1629 |
| 28 | പെരിയാർ | ശിവഗിരിമല | മുതിരപ്പുഴ<br>ഇടമലയാർ<br>മംഗലപ്പുഴ<br>പെരിഞ്ചൻകുട്ടി | 244 | 5284 | തമിഴ്നാട് | 4869 |
| 29 | മൂവാറ്റുപുഴ | തരംഗം കാണം | കാളിയാർ<br>തൊടുപുഴ<br>കോതമംഗലം പുഴ | 121 | 1554 | 114 | 3560 |
| 30 | മീനച്ചിലാർ | ആരൈകുന്നു മൂടി | കാടാപ്പുഴ<br>കുളത്തുകടവ്<br>കുരിശുമല<br>പുഴ<br>പൂഞ്ഞാർ | 78 | 1272 | തമിഴ്നാട് | 1059 |
| 31 | മണിമലയാർ | തട്ടാമല | കൊക്കയാർ | 90 | 847 | – | 1561 |
| 32 | പമ്പയാർ | പുളച്ചിമല | എലക്കൽ തോട്<br>കക്കിയാർ<br>അരുതയാർ | 176 | 2235 | – | 3423 |
| 33 | അച്ചൻ കോവിലാർ | പശുക്കിടാമേട് | കല്ലാർ | 128 | 1484 | – | 1484 |
| 34 | പള്ളിക്കലാർ | ലഭ്യമല്ല | ലഭ്യമല്ല | 42 | 220 | – | ലഭ്യമല്ല |
| 35 | കല്ലടയാർ | കരിമല | കുളത്തൂപ്പുഴ<br>ചെന്തുരുത്തി | 121 | 1699 | – | 3375 |

| | | | | | | | |
|---|---|---|---|---|---|---|---|
| 36 | ഇത്തിക്കരയാർ | മടത്തിരു കുന്ന് | വട്ടപ്പറമ്പ് വട്ടംതോട് കുണ്ടുമൻതോട് | 56 | 642 | – | 489 |
| 37 | അരിയൂർപുഴ | ലഭ്യമല്ല | ലഭ്യമല്ല | 17 | 66 | – | ലഭ്യമല്ല |
| 38 | വാമനപുരം പുഴ | ചെമ്പൂഞ്ഞി കുന്ന് | – | 88 | 697 | – | 1324 |
| 39 | മാമംപുഴ | – | – | 27 | 114 | – | ലഭ്യമല്ല |
| 40 | കരമനയാർ | നെടുമങ്ങാട് കുന്ന് | കവിയാർ തൊടിയാർ | 68 | 702 | – | 836 |
| 41 | നെയ്യാർ | അഗസ്ത്യമല | കല്ലാർ കരവലിയാർ | 56 | 497 | – | 207 |
| **കിഴക്കോട്ടൊഴുകുന്നവ (കേരളത്തിലെ ഭാഗങ്ങൾ മാത്രം)** | | | | | | | |
| 42 | കബനിപ്പുഴ | തൊർമല | മാനന്തവാടിപ്പുഴ പനമരം പുഴ ബാവലിപ്പുഴ നൂൽപ്പുഴ | 54 | 1920 | – | 2736 |
| 43 | ഭവാനിപ്പുഴ | ഭവാനിയാർ ബെട്ട | ശിരുവാണി വാരയാർ | 38 | 562 | – | 1026 |
| 44 | പാമ്പാർ | ബെൻമൂർ | ഇരവികുളം പുഴ, മൈലാഡിപ്പുഴ, തീർത്ഥമല, ചെങ്ങളാർ | 25 | 384 | – | 428 |

## അനുബന്ധം: 10 സുസ്ഥിര വികസന ലക്ഷ്യങ്ങൾ
## (പരിസ്ഥിതി, ജൈവവൈവിധ്യ പ്രാധാന്യമുള്ളവ - ലക്ഷ്യം 12,13,14,15)

**ലക്ഷ്യം 12 : ഉത്തരവാദിത്ത ഉപഭോഗവും ഉൽപാദനവും**

- സുസ്ഥിര ഉപഭോഗവും ഉൽപാദനവും സംബന്ധിച്ച പരിപാടികളുടെ 10 വർഷത്തേക്കുള്ള പദ്ധതി, വികസ്വര രാജ്യങ്ങളുടെ വികസനവും കാര്യക്ഷമതയും കണക്കിലെടുത്ത്, വികസിത രാജ്യങ്ങൾ മുൻകൈയെടുത്ത് എല്ലാ രാജ്യങ്ങളിലും നടപ്പിലാക്കുക.
- 2030 ആകുമ്പോഴേയ്ക്കും, പ്രകൃതി വിഭവങ്ങളുടെ സുസ്ഥിര പരിപാലനവും കാര്യക്ഷമമായ ഉപയോഗവും കൈവരിക്കുക.
- 2030 ആകുമ്പോഴേയ്ക്കും, ചില്ലറ, ഉപഭോക്തൃ തലങ്ങളിൽ പ്രതിശീർഷ ആഗോള ഭക്ഷ്യ മാലന്യത്തിന്റെ അളവ് പകുതിയായി കുറയ്ക്കുകയും വിളവെടുപ്പിന് ശേഷമുള്ള നഷ്ടം ഉൾപ്പെടെ ഉൽപാദന, വിതരണ ശൃംഖലയിലെ ഭക്ഷ്യനഷ്ടം കുറയ്ക്കുകയും ചെയ്യുക.
- 2030 ആകുമ്പോഴേയ്ക്കും, എല്ലാ മാലിന്യങ്ങളും രാസവസ്തുക്കളും അവ ഉപയോഗിക്കുന്നിടത്തോളം പരിസ്ഥിതി സൗഹൃദമായി അന്താരാഷ്ട്ര നിബന്ധനകൾക്കനുസരിച്ച് കൈകാര്യം ചെയ്യുക. കൂടാതെ മനുഷ്യന്റെ ആരോഗ്യത്തിലും പരിസ്ഥിതിയിലും അവ സൃഷ്ടിക്കുന്ന പ്രശ്നങ്ങൾ കുറയ്ക്കുന്നതിന് വായു, ജലം, മണ്ണ് എന്നിവയിലേക്കുള്ള അവയുടെ വ്യാപനം ഗണ്യമായി കുറയ്ക്കുക.
- 2030 ആകുമ്പോഴേയ്ക്കും, നിരോധനം, ഉത്പാദനം കുറയ്ക്കൽ, പുനചംക്രമണം, പുനരുപയോഗം എന്നി വയിലൂടെ മാലിന്യ ഉത്പാദനം കുറയ്ക്കുക.
- സുസ്ഥിരമായ രീതികൾ സ്വീകരിക്കുന്നതിനും, റിപ്പോർട്ടിംഗ് സൈക്കിളിൽ സുസ്ഥിര വിവരങ്ങൾ സമന്വയി പ്പിക്കുന്നതിനും വലുതും അന്തർദേശീയവുമായ കമ്പനികളെ പ്രോത്സാഹിപ്പിക്കുക.
- ദേശീയ നയങ്ങൾക്കും മുൻഗണനകൾക്കും അനുസൃതമായി സുസ്ഥിരമായ പൊതു സംഭരണ രീതികൾ പ്രോത്സാഹിപ്പിക്കുക.
- 2030 ആകുമ്പോഴേയ്ക്കും, എല്ലായിടത്തും ആളുകൾക്ക് സുസ്ഥിര വികസനത്തിനും പ്രകൃതിയുമായി ഇണങ്ങുന്ന ജീവിതരീതിക്കും പ്രസക്തമായ അറിവും അവബോധവും ഉണ്ടെന്ന് ഉറപ്പാക്കുക.
- വികസ്വര രാജ്യങ്ങൾ കൂടുതൽ സുസ്ഥിരമായ ഉപഭോഗരീതികളിലേയ്ക്കും ഉൽപാദനത്തിലേയ്ക്കും നീങ്ങു ന്നതിനുള്ള, ശാസ്ത്രീയവും സാങ്കേതികവുമായ ശേഷി ശക്തിപ്പെടുത്തുന്നതിന് അവരെ പിന്തുണയ്ക്കുക.
- തൊഴിലവസരങ്ങൾ സൃഷ്ടിക്കുകയും പ്രാദേശിക സംസ്കാരവും ഉൽപന്നങ്ങളും പ്രോത്സാഹിപ്പിക്കുകയും ചെയ്യുന്ന സുസ്ഥിര വിനോദസഞ്ചാരത്തിന്റെ സുസ്ഥിര വികസന പ്രത്യാഘാതങ്ങൾ നിരീക്ഷിക്കുന്നതിനുള്ള ഉപകരണങ്ങൾ വികസിപ്പിക്കുകയും നടപ്പിലാക്കുകയും ചെയ്യുക.
- ദേശീയ സാഹചര്യങ്ങൾക്ക് അനുസൃതമായി, വിപണിയിലെ അപാകതകൾ പരിഹരിച്ച്കൊണ്ട് പാഴ് ഉപഭോഗം പ്രോത്സാഹിപ്പിക്കുന്ന കാര്യക്ഷമമല്ലാത്ത ഫോസിൽ-ഇന്ധന സബ്സിഡികൾ നിർത്തലാക്കുക. നികുതി പുനഃക്രമീകരിച്ച്, അവ നിലനിൽക്കുന്നിടത്ത്, അവയുടെ പാരിസ്ഥിതിക ആഘാതങ്ങൾ പ്രതിഫലിപ്പിക്കുന്ന തിന്, ഹാനികരമായ സബ്സിഡികൾ ഘട്ടം ഘട്ടമായി നിർത്തലാക്കുക. വികസ്വര രാജ്യങ്ങളുടെ അവസ്ഥകളും ദരിദ്രരെയും ദുരിതബാധിതരായ സമൂഹങ്ങളെയും സംരക്ഷിക്കുന്ന വിധത്തിൽ അവരുടെ വികസനത്തിൽ ഉണ്ടാകുന്ന പ്രതികൂല പ്രത്യാഘാതങ്ങൾ കുറയ്ക്കുക.

**ലക്ഷ്യം 13 : കാലാവസ്ഥാ പ്രവർത്തനം**

- എല്ലാ രാജ്യങ്ങളുടെയും, കാലാവസ്ഥാ വ്യതിയാനം മൂലം ഉണ്ടാകുന്ന ദുരന്തങ്ങൾ നേരിടുന്നതിനുള്ള കാര്യ ക്ഷമതയും, ദുരന്ത ലഘൂകരണവും, ആഘാത ലഘൂകരണവും ശക്തിപ്പെടുത്തുക.
- കാലാവസ്ഥാ വ്യതിയാനങ്ങളെ നേരിടുന്നതിനുള്ള നടപടികൾ ദേശീയ നയങ്ങൾ, തന്ത്രങ്ങൾ, ആസൂത്രണം എന്നിവയുമായി സമന്വയിപ്പിക്കുക.
- കാലാവസ്ഥാ വ്യതിയാന പ്രതിരോധം, ലഘൂകരണം, ആഘാതം കുറയ്ക്കൽ, മുന്നറിയിപ്പ് എന്നീ വിഷയങ്ങ ളിൽ വിദ്യാഭ്യാസവും അവബോധവും വളർത്തുകയും, മാനുഷികവും സ്ഥാപനപരവുമായ കാര്യക്ഷമത വർദ്ധിപ്പിക്കുകയും ചെയ്യുക.
- അർത്ഥവത്തായ പ്രതിരോധ നടപടികളുടെയും, നടപ്പാക്കലിലെ സുതാര്യതയുടെയും അടിസ്ഥാനത്തിൽ

വികസ്വര രാജ്യങ്ങളുടെ ആവശ്യങ്ങൾ അഭിസംബോധന ചെയ്യുന്നതിനായി, 2020-ഓടെ എല്ലാ സ്രോതസ്സുകളിൽ നിന്നും സംയുക്തമായി 100 ബില്യൺ ഡോളർ പ്രതിവർഷം സമാഹരിക്കുകയെന്ന ലക്ഷ്യത്തിനായി വികസിത രാജ്യങ്ങൾ ഐക്യരാഷ്ട്ര സഭയുടെ കാലാവസ്ഥാ വ്യതിയാന സമ്മേളനത്തിന്റെ ഭാഗമായി ഏറ്റെടുത്ത ഉത്തരവാദിത്തം നടപ്പിലാക്കുക. ഗ്രീൻ ക്ലൈമറ്റ് ഫണ്ട് അതിന്റെ മൂലധനവൽക്കരണത്തിലൂടെ കഴിയുന്നത്ര വേഗം പൂർണ്ണമായും പ്രവർത്തനക്ഷമമാക്കുക

- സ്ത്രീകൾ, യുവാക്കൾ, പ്രാദേശിക, പാർശ്വവൽക്കരിക്കപ്പെട്ട സമൂഹങ്ങൾ എന്നിവയിൽ ശ്രദ്ധ കേന്ദ്രീകരിക്കുന്നതുൾപ്പെടെ, ചെറിയ വികസിത രാജ്യങ്ങളിലും, ചെറിയ ദ്വീപ് വികസ്വര സംസ്ഥാനങ്ങളിലും ഫലപ്രദമായ കാലാവസ്ഥാ വ്യതിയാനവുമായി ബന്ധപ്പെട്ട ആസൂത്രണത്തിനും പരിപാലനത്തിനുമുള്ള ശേഷി വർദ്ധിപ്പിക്കുന്നതിനുള്ള സംവിധാനങ്ങൾ പ്രോത്സാഹിപ്പിക്കുക.

**ലക്ഷ്യം 14 : ജലത്തിലെ ജീവജാലങ്ങൾ**

- 2025 ആകുമ്പോഴേയ്ക്കും, എല്ലാ തരത്തിലുമുള്ള സമുദ്ര മലിനീകരണങ്ങളും, പ്രത്യേകിച്ച് കരയിൽ നിന്ന് പുറന്തള്ളുന്ന സമുദ്രാവശിഷ്ടങ്ങളും പോഷക മലിനീകരണങ്ങളും തടയുകയും ഗണ്യമായി കുറയ്ക്കുകയും ചെയ്യുക
- 2030 ആകുമ്പോഴേയ്ക്കും, സമുദ്ര ആവാസവ്യവസ്ഥയുടെ പ്രതിരോധശേഷി വർദ്ധിപ്പിച്ച്കൊണ്ട്, അവയ്ക്കുണ്ടാകുന്ന പ്രത്യാഘാതങ്ങൾ ഇല്ലാതെയാക്കാൻ, കടൽ, തീരദേശ ആവാസവ്യവസ്ഥകളെ സുസ്ഥിരമായി പരിപാലിക്കുകയും സംരക്ഷിക്കുകയും ചെയ്യുക. ആരോഗ്യകരവും ഉൽപ്പാദനക്ഷമവുമായ സമുദ്രങ്ങൾ നിലനിർത്തുന്നതിന് അവയുടെ പുനഃസ്ഥാപനത്തിന് നടപടിയെടുക്കുക.
- എല്ലാ തലങ്ങളിലും മെച്ചപ്പെട്ട ശാസ്ത്രീയ സഹകരണം ഉറപ്പാക്കിക്കൊണ്ട് സമുദ്രത്തിലെ അമ്ലീകരണത്തിന്റെ ആഘാതങ്ങൾ കുറയ്ക്കുകയും പരിഹരിക്കുകയും ചെയ്യുക.
- 2030 ആകുമ്പോഴേയ്ക്കും, വിളവെടുപ്പ് ഫലപ്രദമായി നിയന്ത്രിക്കുകയും അമിത മത്സ്യബന്ധനം അവസാനിപ്പിക്കുകയും നിയമവിരുദ്ധവും റിപ്പോർട്ട് ചെയ്യപ്പെടാത്തതും അനിയന്ത്രിതവുമായ മത്സ്യബന്ധനം, വിനാശകരമായ മത്സ്യബന്ധന രീതികൾ എന്നിവ അവസാനിപ്പിക്കുകയും, കുറഞ്ഞത് അവയുടെ ജൈവ സ്വഭാവസവിശേഷതകൾ അനുസരിച്ച് പരമാവധി സുസ്ഥിരമായ ഇനങ്ങൾ ഉൽപ്പാദിപ്പിക്കാൻ കഴിയുന്ന തലങ്ങളിലേക്കെങ്കിലും ചുരുങ്ങിയ സമയത്തിനുള്ളിൽ മത്സ്യസമ്പത്ത് പുനഃസ്ഥാപിക്കുന്നതിനായി ശാസ്ത്രാധിഷ്ഠിത പരിപാലന പദ്ധതികൾ നടപ്പിലാക്കുകയും ചെയ്യുക.
- 2030 ആകുമ്പോഴേയ്ക്കും, ദേശീയ അന്തർദേശീയ നിയമങ്ങൾക്ക് അനുസൃതമായും ലഭ്യമായ ഏറ്റവും മികച്ച ശാസ്ത്രീയ വിവരങ്ങളുടെ അടിസ്ഥാനത്തിലും, കുറഞ്ഞത് 10 ശതമാനം തീരദേശ, സമുദ്ര മേഖലകളെങ്കിലും സംരക്ഷിക്കുക.
- 2030 ആകുമ്പോഴേയ്ക്കും, അമിതശേഷിക്കും അമിത മത്സ്യബന്ധനത്തിനും കാരണമാകുന്ന മത്സ്യബന്ധന സബ്സിടികൾ നിരോധിക്കുക, നിയമവിരുദ്ധവും റിപ്പോർട്ട് ചെയ്യാത്തതും അനിയന്ത്രിതവുമായ മത്സ്യബന്ധനത്തിന് സഹായകമാകുന്ന സബ്സിഡികൾ ഇല്ലാതാക്കുക, അത്തരം പുതിയ സബ്സിഡികൾ
- ആവിഷ്കരിക്കാതിരിക്കുക, ഉചിതവും ഫലപ്രദവുമായ സവിശേഷത തിരിച്ചറിഞ്ഞ് വികസ്വര രാജ്യങ്ങൾക്കും വികസിത രാജ്യങ്ങൾക്കും വ്യത്യസ്തമായ രീതിയിൽ ലോക വ്യാപാര സംഘടനയുടെ മത്സ്യബന്ധന സബ്സിഡി അനുവദിക്കുന്നത് ഫലപ്രദവും ഉചിതവുമാണ്.
- 2030 ആകുമ്പോഴേയ്ക്കും, മത്സ്യബന്ധനം, മത്സ്യകൃഷി, വിനോദസഞ്ചാരം എന്നിവയുടെ സുസ്ഥിര പരിപാലനം ഉൾപ്പെടെ, സമുദ്രവിഭവങ്ങളുടെ സുസ്ഥിരമായ ഉപയോഗത്തിൽ നിന്ന് ചെറുദ്വീപ് വികസ്വര സംസ്ഥാനങ്ങൾക്കും ഏറ്റവും കുറഞ്ഞ വികസിത രാജ്യങ്ങൾക്കും സാമ്പത്തിക നേട്ടങ്ങൾ വർദ്ധിപ്പിക്കുക.
- സമുദ്രത്തിന്റെ ആരോഗ്യം മെച്ചപ്പെടുത്തുന്നതിനും വികസ്വര രാജ്യങ്ങളുടെ, പ്രത്യേകിച്ച് ചെറിയ ദ്വീപ് വികസ്വര സംസ്ഥാനങ്ങളുടെയും, ചെറിയ വികസിത രാജ്യങ്ങളുടെയും വികസനത്തിനും, സമുദ്ര ജൈവവൈവിധ്യത്തിന്റെ സംഭാവന വർദ്ധിപ്പിക്കുന്നതിനും വേണ്ടി, സമുദ്ര സാങ്കേതിക കൈമാറ്റം സംബന്ധിച്ച ഇന്റർഗവൺമെന്റൽ ഓഷ്യാനോഗ്രാഫിക് കമ്മീഷൻ മാനദണ്ഡങ്ങളും മാർഗ്ഗനിർദ്ദേശങ്ങളും കണക്കിലെടുത്ത് ശാസ്ത്രീയ അറിവ് വർദ്ധിപ്പിക്കുക, ഗവേഷണ ശേഷി വികസിപ്പിക്കുക, സമുദ്ര സാങ്കേതിക വിദ്യ കൈമാറുക.
- ചെറുകിട കൈത്തൊഴിലാളികളായ മത്സ്യത്തൊഴിലാളികൾക്ക് സമുദ്രവിഭവങ്ങൾ ശേഖരിക്കുന്നതിനും അവ വിപണനം ചെയ്യുന്നതിനുമുള്ള പിന്തുണ നൽകുക.
- The Future We Want ലെ ഖണ്ഡിക 158 ൽ അനുസ്മരിക്കുന്നത് പോലെ, സമുദ്രങ്ങളുടെയും അവയുടെ

വിഭവങ്ങളുടെയും സംരക്ഷണത്തിനും സുസ്ഥിര ഉപയോഗത്തിനുമുള്ള അന്താരാഷ്ട്ര സമുദ്ര നിയമം (UNCLOS) നടപ്പിലാക്കുന്നതിലൂടെ സമുദ്രങ്ങളുടെയും അവയുടെ വിഭവങ്ങളുടെയും സംരക്ഷണവും സുസ്ഥിര ഉപയോഗവും മെച്ചപ്പെടുത്തുക.

**ലക്ഷ്യം 15 : കരയിലെ ജീവജാലങ്ങൾ**

- 2030 ആകുമ്പോഴേയ്ക്കും, അന്തർദേശീയ കരാറുകൾക്ക് കീഴിലുള്ള ഉടമ്പടികൾക്ക് അനുസൃതമായി, ഭൗമ, ഉൾനാടൻ ശുദ്ധജല പരിസ്ഥിതി വ്യവസ്ഥകളുടെയും അവയുടെ സേവനങ്ങളുടെയും, പ്രത്യേകിച്ച് വനങ്ങൾ, തണ്ണീർത്തടങ്ങൾ, പർവ്വതങ്ങൾ, വരണ്ട പ്രദേശങ്ങൾ എന്നിവയുടെ സംരക്ഷണവും പുനഃസ്ഥാപനവും സുസ്ഥിര ഉപയോഗവും ഉറപ്പാക്കുക.
- 2030 ആകുമ്പോഴേയ്ക്കും, എല്ലാത്തരം വനങ്ങളുടെയും സുസ്ഥിര പരിപാലനം പ്രോത്സാഹിപ്പിക്കുക, വനനശീകരണം നിർത്തലാക്കുക, നശോന്മുഖമായ വനങ്ങൾ പുനഃസ്ഥാപിക്കുക, ആഗോളതലത്തിൽ വനവൽക്കരണവും പുനർനിർമ്മാണവും ഗണ്യമായി വർദ്ധിപ്പിക്കുക.
- 2030 ആകുമ്പോഴേയ്ക്കും, മരുഭൂവൽക്കരണത്തെ ചെറുക്കുക, മരുഭൂവൽക്കരണം, വരൾച്ച, വെള്ളപ്പൊക്കം എന്നിവയാൽ നാശം സംഭവിച്ച ഭൂമിയും മണ്ണും പുനഃസ്ഥാപിക്കുക, കൂടാതെ ഭൂമി ശോഷണ-നിഷ്പക്ഷ ലോകം കൈവരിക്കാൻ ശ്രമിക്കുക.
- 2030 ആകുമ്പോഴേയ്ക്കും, സുസ്ഥിര വികസനത്തിന് ആവശ്യമായ സേവനങ്ങൾ നൽകുന്നതിനുള്ള കാര്യക്ഷമത വർദ്ധിപ്പിക്കുന്നതിന്, ജൈവവൈവിധ്യം ഉൾപ്പെടെ, പർവ്വത ആവാസവ്യവസ്ഥകളുടെ സംരക്ഷണം ഉറപ്പാക്കുക.
- പ്രകൃതിദത്ത ആവാസവ്യവസ്ഥയുടെ നാശം കുറയ്ക്കുന്നതിനും ജൈവവൈവിധ്യത്തിന്റെ നഷ്ടം തടയുന്നതിനും, 2030-ഓടെ വംശനാശഭീഷണി നേരിടുന്ന ജീവികളുടെ വംശനാശം തടയുന്നതിനും അടിയന്തരവും സുപ്രധാനവുമായ നടപടി സ്വീകരിക്കുക.
- ജനിതക വിഭവങ്ങളുടെ വിനിയോഗത്തിൽ നിന്ന് ലഭ്യമാകുന്ന നേട്ടങ്ങളുടെ ന്യായവും തുല്യവുമായ പങ്കുവയ്ക്കൽ പ്രോത്സാഹിപ്പിക്കുകയും അന്താരാഷ്ട്രതലത്തിൽ അംഗീകരിക്കപ്പെട്ടിട്ടുള്ള അത്തരം വിഭവങ്ങളുടെ ലഭ്യത പ്രോത്സാഹിപ്പിക്കുകയും ചെയ്യുക.
- സസ്യജന്തുജാലങ്ങളിലെ സംരക്ഷിത ഇനങ്ങളെ വേട്ടയാടുന്നതും കടത്തുന്നതും അവസാനിപ്പിക്കുന്നതിനും, നിയമവിരുദ്ധമായ വന്യജീവി ഉൽപന്നങ്ങളുടെ ശേഖരണവും വിതരണവും തടയുന്നതിനും അടിയന്തര നടപടികൾ സ്വീകരിക്കുക.
- 2030 ആകുമ്പോഴേയ്ക്കും, ഭൗമ-ജല ആവാസവ്യവസ്ഥയിൽ അധിനിവേശ വൈദേശിക ജീവജാലങ്ങളുടെ വ്യാപനം തടയുന്നതിനുള്ള നടപടികൾ അവതരിപ്പിക്കുകയും, അവ മൂലമുള്ള ആഘാതം ഗണ്യമായി കുറയ്ക്കുകയും, മുൻഗണനാ വിഭാഗങ്ങളെ നിയന്ത്രിക്കുകയോ ഇല്ലാതാക്കുകയോ ചെയ്യേണ്ടതാണ്.
- 2030 ആകുമ്പോഴേയ്ക്കും, ദേശീയവും പ്രാദേശികവുമായ ആസൂത്രണം, വികസന പ്രക്രിയകൾ, ദാരിദ്ര്യ നിർമ്മാർജ്ജന തന്ത്രങ്ങൾ, എന്നിവയിലേക്ക് ആവാസവ്യവസ്ഥയെയും ജൈവവൈവിധ്യ മൂല്യങ്ങളെയും സമന്വയിപ്പിക്കുക.
- ജൈവവൈവിധ്യവും ആവാസവ്യവസ്ഥയും സംരക്ഷിക്കുന്നതിനും സുസ്ഥിരമായി ഉപയോഗിക്കുന്നതിനുമായി എല്ലാ സ്രോതസ്സുകളിൽ നിന്നും സാമ്പത്തിക വിഭവങ്ങൾ സമാഹരിക്കുകയും ഗണ്യമായി വർദ്ധിപ്പിക്കുകയും ചെയ്യുക.
- സുസ്ഥിര വന പരിപാലനത്തിന് ധനസഹായം നൽകുന്നതിന് എല്ലാ സ്രോതസ്സുകളിൽ നിന്നും എല്ലാ തലങ്ങളിൽ നിന്നും കാര്യമായ വിഭവങ്ങൾ സമാഹരിക്കുക, സംരക്ഷണവും വനനശീകരണവും ഉൾപ്പെടെ മുന്നോട്ട് കൊണ്ടുപോകുന്നതിന് വികസ്വര രാജ്യങ്ങൾക്ക് മതിയായ സഹായങ്ങൾ നൽകുക.
- സുസ്ഥിര ഉപജീവന സാധ്യതകൾ പിന്തുടരുന്നതിന് പ്രാദേശിക സമൂഹങ്ങളെ ശാക്തീകരിക്കുന്നതുൾപ്പെടെ, സംരക്ഷിത ജീവികളെ വേട്ടയാടുന്നതും കടത്തുന്നതും ചെറുക്കുന്നതിനുമുള്ള ശ്രമങ്ങൾക്ക് ആഗോള പിന്തുണ വർദ്ധിപ്പിക്കുക.

കുറിപ്പ്



KERALA STATE
BIODIVERSITY BOARD

കേരള സംസ്ഥാന ജൈവവൈവിധ്യ ബോർഡ്

kerala.sbb@kerala.gov.in, www.keralabiodiversity.org